بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 4

വാർഷിക വരിസംഖ്യ 500 രൂപ

ലക്കം 27

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ജൂലായ് 04/ഹി:ശം:1398 തബ്ലീഗ് 04/ഹി:ഖ: 1440 ശവ്വാൽ 30

## അല്ലാഹുവിന്റെ വചനം

یٰۤاَیُّہَا الَّذِیۡنَ اٰمَنُوا
اتَّقُوا اللّٰہَ حَقَّ تُقٰتِہٖ
وَلَا تَمُوۡتُنَّ اِلَّا وَاَنۡتُمۡ مُّسۡلِمُوۡنَ○
(آل عمران:103)

"വിശ്വസിച്ചവരേ! അല്ലാഹുവിനെ(അവന്റെ നിയമം പാലിക്കുന്നതിൽ) സൂക്ഷിക്കേണ്ട മുറയനുസരിച്ച് സൂക്ഷിക്കുക. (അവനോടു)പൂർണമായ അനുസരണം പുലർത്തുന്നവരായിക്കൊണ്ടല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്."(3:103)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ആരംഭകാലത്തെ ഇസ്ലാമിൽ പ്രതിരോധയുദ്ധങ്ങളും ശാരീരികമായ യുദ്ധങ്ങളും ചെയ്യേണ്ടതിന്റെ ആവശ്യമുണ്ടായത് ഇസ്ലാമിലേക്ക് ആളുകളെ ക്ഷണിക്കുന്നതിനുള്ള മറുപടി പ്രമാണങ്ങൾകൊണ്ടോ തെളിവുകൾകൊണ്ടോ അല്ല നലകിയിരുന്നത്. മറിച്ച് വാളുകൊണ്ടായിരുന്നു. അതുകൊണ്ടാണ് അതിന് വാളുകൊണ്ട് മറുപടി നല്കേണ്ടിവന്നത്. പക്ഷേ, ഇപ്പോൾ വാളുകൊണ്ടുള്ള മറുപടിയല്ല. മറിച്ച് തൂലികകൊണ്ടും തെളിവുകൾകൊണ്ടുമാണ് തെറ്റുധാരണകൾ പരത്തുന്നത്. അതുകൊണ്ടാണ് ഇക്കാലത്ത് വാളുകൊണ്ടുള്ള പ്രവൃത്തി തൂലികകൊണ്ട് എടുക്കണമെന്ന് അല്ലാഹു ഇച്ഛിച്ചത്;**

**എഴുത്തുമുഖേന പോരാടി എതിരാളികളെ പരാജയപ്പെടുത്തുക. ഞാൻ തൂലികായുധം അണിഞ്ഞ് ഈ ശാസ്ത്രത്തിന്റേയും വിദ്യാഭ്യാസപുരോഗതിയുടേയും മത്സര രംഗത്തിറങ്ങുകയും ഇസ്ലാമിന്റെ ആത്മീയമായ ധീരതയുടേയും ആന്തരികമായ കഴിവിന്റേയും അമാനുഷികത കാണിക്കുകയും ചെയ്യാൻ അവൻ എന്റെ ശ്രദ്ധ ക്ഷണിച്ചു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### യുദ്ധത്തിനുള്ള രണ്ട് കഴിവ് ഇസ്ലാമിന് നല്കപ്പെട്ടു.

"ഇനി നോക്കുക ഇതേ 'രിബാത്' എന്ന പദം അതിർത്തിയിൽ ശത്രുക്കളിൽനിന്നുള്ള സംരക്ഷണത്തിന് കെട്ടുന്ന കുതിരയ്ക്കും പറയുന്നു. അപ്രകാരംതന്നെ ഈ പദം ശരീരേച്ഛയുമായിട്ടുള്ള പോരാട്ടത്തിന് തയ്യാറെടുക്കുന്ന അഭ്യസ്തവിദ്യനും പറയുന്നു. അത് മനുഷ്യന്റെ ഉള്ളിന്റെയുള്ളിൽ ശയ്ത്വാനുമായി എല്ലാ സമയവും തുടർന്നുകൊണ്ടിരിക്കുകയാണ്. ഇസ്ലാമിന് രണ്ടു കഴിവ് നല്കപ്പെട്ടിരിക്കുന്നുവെന്നത് തികച്ചും ശരിയായ കാര്യമാണ്. ഒരു ശക്തി ഉപയോഗിക്കപ്പെട്ടിരുന്നത് പ്രാരംഭകാലത്ത് പ്രതിരോധവും പ്രതികാരവും എന്ന നിലയിലായിരുന്നു. അതായത് അറേബ്യയിലെ അന്യാരാധകർ ദ്രോഹിക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്തപ്പോൾ ഒരായിരംപേർ ഒരു ലക്ഷം സത്യനിഷേധികളെ നേരിട്ട് ധീരതയുടെ ശ്രേഷ്ഠത കാണിച്ചു. ഓരോ പരീക്ഷണത്തിലും ആ പരിശുദ്ധശക്തിയുടേയും പ്രൗഢിയുടേയും തെളിവു നല്കി. അക്കാലം കഴിഞ്ഞിരിക്കുന്നു. 'രിബാത്' എന്ന പദത്തിൽ ബാഹ്യമായ യുദ്ധത്തിന്റെ കഴിവിന്റേയും വിദ്യകളുടേയും മറഞ്ഞിരുന്ന തത്ത്വം പ്രകടമായി.

### ഇക്കാലത്ത് ആഭ്യന്തരമായ യുദ്ധത്തിന്റെ മാതൃകകൾ കാണിക്കുക എന്നതാണുദ്ദേശ്യം

നമ്മൾ ജീവിച്ചിരിക്കുന്ന ഇക്കാലഘട്ടത്തിൽ ബാഹ്യമായ യുദ്ധത്തിന്റെ ആവശ്യമോ അനിവാര്യതയോ ഇല്ല. പ്രത്യുത ഈ അവസാന നാളുകളിൽ ആഭ്യന്തരമായ യുദ്ധത്തിന്റെ മാതൃകകൾ കാണിക്കുക എന്നതാണ് ഉദ്ദേശ്യം. ആത്മീയമായ പോരാട്ടാണ് മുന്നിലുള്ളത്. കാരണം ഈ നേരത്ത് ആഭ്യന്തരമായ മതപരിത്യാഗത്തിനും മതനിരാസത്തിനുമുള്ള പ്രചാരണത്തിനുവേണ്ടി വലിയ വലിയ വസ്തുക്കളും ആയുധങ്ങളുമാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് അതിനെ നേരിടേണ്ടതിന് അതേ തരത്തിലുള്ള ആയുധങ്ങളുടെ ആവശ്യമാണുള്ളത്. കാരണം ഇക്കാലം സമാധാനത്തിന്റേയും ശാന്തിയുടേതുമാണ്. നമുക്ക് എല്ലാ വിധത്തിലുമുള്ള സന്തോഷവും ശാന്തിയും കരസ്ഥമാണ്. സ്വതന്ത്രമായി ഓരോ മനുഷ്യനും തന്റെ മതം പ്രചരിപ്പിക്കാനും പ്രബോധിക്കാനും കല്പനകൾ പാലിക്കാനും കഴിയുന്നതാണ്. ഇസ്ലാമാണെങ്കിൽ ശാന്തിയെ സത്യമായി പിന്തുണയ്ക്കുന്നു. എന്നല്ല യഥാർഥത്തിൽ സമാധാനവും ശാന്തിയും സൗഹാർദവും പ്രചരിപ്പിക്കുന്നതുതന്നെ ഇസ്ലാമാണ്. അപ്പോൾ ശാന്തിയിലും സമാധാനത്തിലുമുള്ള ഇക്കാലം ആ ആദ്യമാതൃക കാണിക്കാൻ ഇഷ്ടപ്പെടുന്നതെങ്ങനെ? അതിനാൽ ഇക്കാലത്ത് അതേ രണ്ടാമത്തെ മാതൃക അതായത് ആത്മീയമായ മുജാഹദ(ജിഹാദ്ചെയ്യൽ)യാണ് ഉദ്ദേശ്യം. ഫാർസിയിലെ ചൊല്ലാണ്, അലുവ ഒരിക്കൽതിന്നത് മതിയായതാണ്.

### വർത്തമാനകാലത്തെ ജിഹാദ്

മറ്റൊരു കാര്യവുമുണ്ട്. മറ്റൊരു കാര്യവും പരിഗണിച്ചാണ് ഈ ആദ്യത്തെ മാതൃക കാണിക്കപ്പെട്ടത്. അതായത് അക്കാലത്ത് ധീരത പ്രകടിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. അത് അക്കാലത്തെ ലോകത്ത് ഏറ്റവുമധികം വാഴ്ത്തപ്പെട്ടതും പ്രിയങ്കരവുമായ ഗുണമായി മനസ്സിലാക്കപ്പെട്ടിരുന്നു. ഇക്കാലത്ത് യുദ്ധം എന്നത് ഒരു കലയായി മാറിയിരിക്കുന്നു. ദൂരത്തിരുന്നുകൊണ്ടും ഒരു മനുഷ്യന് പീരങ്കികളും തുപ്പാക്കികളും ഉപയോഗിച്ച് ആക്രമിക്കാൻ കഴിയും. അക്കാലത്ത് സത്യസന്ധനായ യ ധീരൻ വാളുകൾക്കുമുമ്പിൽ നെഞ്ചുവിരിച്ച് നില്ക്കുന്നവനായിരുന്നു. ഇക്കാലത്തെ യുദ്ധവിദ്യ ഭീരുക്കളെ മറച്ചു വെക്കലാണ്. ഇപ്പോൾ ധീരതയ്ക്ക് പണിയൊന്നുമില്ല. പ്രത്യുത ആധുനികമായ ആയുധങ്ങൾ തുപ്പാക്കികൾ തുടങ്ങിയവ കൈവശമുള്ളവന് അതു പ്രയോഗിക്കാനും വിജയിക്കാനും കഴിയും. ആ യുദ്ധത്തിന്റെ ലക്ഷ്യവും ഉദ്ദേശ്യവും മുഅ്മിനീംകളിലെ മറഞ്ഞു കിടന്ന ധീരതയുടെ ബീജം പ്രകടിപ്പിക്കുകയായിരുന്നു. അല്ലാഹു ആഗ്രഹിച്ചതുപോലെ അല്ലാഹു അത് നല്ലവണ്ണം ലോകത്ത് പ്രകടിപ്പിച്ചു. ഇപ്പോൾ അതിന്റെ ആവശ്യമില്ല. കാരണം ഇപ്പോൾ യുദ്ധം കലയുടേയും മർദനത്തിന്റേയും വഞ്ചനുടേയും രൂപം പ്രാപിച്ചിരിക്കുന്നു. പുതിയ പുതിയ യുദ്ധായുധങ്ങളും സങ്കീർണമായ കലകളും ഈ വിലപിടിച്ചതും അഭിമാനാർഹവുമായ കഴിവിനെ ഉന്മൂലനം ചെയ്തിരിക്കുകയാണ്. ആരംഭകാലത്തെ ഇസ്ലാമിൽ പ്രതിരോധയുദ്ധങ്ങളും ശാരീരികമായ യുദ്ധങ്ങളും ചെയ്യേണ്ടതിന്റെ ആവശ്യമുണ്ടായത് ഇസ്ലാമിലേക്ക് ആളുകളെ ക്ഷണിക്കുന്നതിനുള്ള മറുപടി പ്രമാണങ്ങൾകൊണ്ടോ തെളിവുകൾകൊണ്ടോ അല്ല നലകിയിരുന്നത്. മറിച്ച് വാളുകൊണ്ടായിരുന്നു. അതുകൊണ്ടാണ് അതിന് വാളുകൊണ്ട് മറുപടി നല്കേണ്ടിവന്നത്. പക്ഷേ, ഇപ്പോൾ വാളുകൊണ്ടുള്ള മറുപടിയല്ല. മറിച്ച് തൂലികകൊണ്ടും തെളിവുകൾകൊണ്ടുമാണ് തെറ്റുധാരണകൾ പരത്തുന്നത്. അതുകൊണ്ടാണ് ഇക്കാലത്ത് വാളുകൊണ്ടുള്ള പ്രവൃത്തി തൂലികകൊണ്ട് എടുക്കണമെന്ന് അല്ലാഹു ഇച്ഛിച്ചത്; എഴുത്തുമുഖേന പോരാടി എതിരാളികളെ പരാജയപ്പെടുത്തുക. അതുകൊണ്ട് ഇപ്പോൾ ഒരു തരത്തിലുള്ള ബലാൽക്കാരങ്ങളുമില്ല, തൂലികയ്ക്കുള്ള മറുപടി, തൂലികകൊണ്ടു കൊടുക്കാൻ ശ്രമിക്കുക. (ഫാർസിയുടെ അർഥം:) നീ ജനങ്ങളുടെ സ്ഥാനങ്ങൾ പരിഗണിക്കുന്നില്ലെങ്കിൽ നീ മതമില്ലാത്തനാണ്.

### ഇക്കാലത്ത് തൂലികയുടെ ആവശ്യമാണ്

ഇക്കാലത്ത് വാളിന്റെ ആവശ്യമല്ല മറിച്ച് തൂലികയുടെ ആവശ്യമാണെന്ന് തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക. നമ്മുടെ എതിരാളികൾ ഇസ്ലാമിനുമേൽ സംശയങ്ങളുണ്ടാക്കുകയും വിവിധ തന്ത്രങ്ങളിലൂടേയും വഞ്ചനയിലൂടേയും അല്ലാഹുവിന്റെ സത്യമായ ദീനിനുമേൽ ആക്രമണം നടത്താൻ ആഗ്രഹിക്കുകയും ചെയ്തു. അപ്പോൾ ഞാൻ തൂലികായുധം അണിഞ്ഞ് ഈ ശാസ്ത്രത്തിന്റേയും വിദ്യാഭ്യാസ പുരോഗതിയുടേയും മത്സര രംഗത്തിറങ്ങുകയും ഇസ്ലാമിന്റെ ആത്മീയമായ ധീരതയുടേയും ആന്തരികമായ കഴിവിന്റേയും അമാനുഷികത കാണിക്കുകയും ചെയ്യാൻ അവൻ എന്റെ ശ്രദ്ധ ക്ഷണിച്ചു. ഈ രംഗത്ത് എനിക്ക് ഇറങ്ങാൻ കഴിയുമായിരുന്നുവോ? ഇത് അല്ലാഹുവിന്റെ മാത്രം കൃപാവരമാണ്. അവന്റെ അതിരറ്റ സഹായമാണ്. എന്നെപ്പോലുള്ള കഴിവില്ലാത്ത മനുഷ്യന്റെ കൈയാൽ ഈ ദീനിന്റെ അഭിമാനം പ്രകടമാകണമെന്ന് അവൻ ആഗ്രഹിക്കുന്നു. ഞാൻ ഒരുനേരത്ത്

(ശേഷം പേജ് 14ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഫിലാഡൽഫിയായിലെ ആദ്യഅഹ്മദി മുസ്‌ലിം യഹ്‌യാ ലുഖ്മാൻ യു.എസ്.എ

**വിവർത്തനം:കെ.വി.ഹസ്സൻകോയ, കോഴിക്കോട്**

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമോന്നത നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ് മദ്(അയ്യ ദഹുല്ലാഹ്) 2018 ഒക്ടോബർ 20ന് ഫിലാഡൽഫിയ (Philadelphia, City in Pennsylvania)പട്ടണം വിടുന്നതിന് മുമ്പേ ചുരുങ്ങിയ സമയം ചരിത്രപ്രധാനമായ ലോറൽ ഹിൽ സെമിത്തേരിയിൽ തങ്ങി. അവിടെ ഏകദേശം 100 വർഷം പഴക്കമുള്ള ഒരു ശ്മശാനത്തിൽ ഭക്തനും നിസ്വാർഥനുമായ ഒരാളുടെ ആത്മാവിനുവേണ്ടി പ്രാർഥിച്ചു. "നിന്റെ സന്ദേശം ഞാൻ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കും" എന്ന ദൈവികവെളിപാടിന്റെ പുലർച്ച എന്ന നിലയിൽ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) തന്റെ ലിഖിതത്തിൽ ഒരു ദൃഷ്ടാന്തമെന്നോണം ഈ മനുഷ്യനെക്കുറിച്ച് പരമാർശിച്ചിട്ടില്ലായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ കഥ ചരിത്രത്തിൽ മറഞ്ഞുകിടക്കുമായിരുന്നു.

ആന്റണി ജോർജ് ബേക്കർ 1849 ഫെബ്രുവരി 2-ാം തിയതി പെൻസിൽവാനിയാ(Pennsylvania) യിലെ പീറ്റ്സ്ബർഗിൽ ഭൂജാതനായി. ജർമൻ കുടിയേറ്റക്കാരായ ഡോക്ടർ ജേക്കബ് ബേക്കറിന്റെയും മാരി കാതറീൻ പ്ലാർട്ടിന്റെയും മകനായ അദ്ദേഹം എപ്പോഴും തന്റെ പൈതൃകം നിലനിറുത്തുന്നതിൽ അതീവതാൽപര്യം കാണിച്ചു. പിന്നീടുള്ള വർഷങ്ങളിൽ അമേരിക്കയിലെ ജർമൻകാരുടെ ചരിത്രം എഴുതി. പീറ്റ്സ്ബർഗിൽ വളർന്ന അദ്ദേഹത്തിന്റെ ആദ്യകാല വിദ്യാഭ്യാസം അവിടുത്തെ പബ്ലിക്ക് സ്കൂളുകളിലായിരുന്നു. 1869-ൽ പെൻസിൽവാനിയയിലെ വെസ്റ്റേൺ യൂനിവേഴ്സിറ്റിയിൽനിന്ന് (അത് പിന്നീട് യൂനിവേഴ്സിറ്റി ഓഫ് പീറ്റ്സ്ബർഗ് ആയിത്തീർന്നു) ബി.എ, എം.എ. ബിരുദങ്ങൾ കരസ്ഥമാക്കി. തുടർന്ന് അദ്ദേഹം പെൻസിൽവാനിയയിലെ അല്ലിഗനിയിൽ വെസ്റ്റേൺ തിയോളജിക്കൽ സെമിനാരിയിൽ ചേർന്നു. 1873-ൽ ബാച്ചിലർ ഓഫ് ഡിവൈനിറ്റി ബിരുദം നേടി. പ്രസ്ബിറ്റേറിയൻ ചർച്ചിൽ പുരോഹിതനായി നിയമിതനായി. ആദ്യമായി ഇല്ലിനോയിസിലെ ബാർഡോൽഫിൽ റവറന്റ് ബേക്കർ വൈദികനായി. 1877-ൽ ന്യൂജേഴ്സിയിലെ അറ്റ്ലാന്റിക് സ്ട്രീറ്റിലെ ഏക പ്രസ്ബിറ്റീരിയൻ ചർച്ചിലേക്ക് മാറ്റം കിട്ടി. ഒരു അഗാധ മതപഠന വിദ്യാർഥിയായി വിവരിക്കപ്പെട്ട അദ്ദേഹം തുടർച്ചയായി മതപഠനം നടത്തി സ്വന്തം വിശ്വാസവും പരിശോധിച്ചു. അറ്റ്ലാന്റിക് സിറ്റിയിലുള്ള കാലത്തിനിടയിൽ അദ്ദേഹത്തിന് എപ്പിസ്കോപ്പൽ ചർച്ചിന്റെ സിദ്ധാന്തങ്ങളിലേക്ക് ചായ്‌വുണ്ടായി. വേഗം പരിവർത്തനം നടത്തി എപ്പിസ്കോപ്പേലിയൻ ചർച്ചിലെ സഭാ ശുശ്രൂഷകനായി. പെൻസിൽവാനിയയിലെ ഫിലാഡൽഫിയയിൽ സെന്റ് ജോർജ് ചർച്ചിൽ 1878-ൽ റെക്ടറുടെ അസിസ്റ്റന്റായി. ഒരു വർഷം കഴിഞ്ഞപ്പോൾ അദ്ദേഹം ഒരു പുരോഹിതനായി നിയമിതനായി. അടുത്ത കുറച്ചുവർഷങ്ങളിൽ പെൻസിൽവാനിയയിലെ വിവിധ ചർച്ചുകളിൽ അസിസ്റ്റന്റ് റെക്ടറായും റെക്ടറായും പ്രവൃത്തിച്ചു. ഫിലാഡൽഫിയായിൽ സെന്റ് സൈമൺ ചർച്ച് സ്ഥാപിക്കുകയും ചെയ്തു.

ഒരു പുരോഹിതനെന്ന നിലയിൽ തന്റെ ചുമതല നിർവ്വഹിക്കുന്നതിനിടയിൽ തോമസ് ജെഫേഴ്സൻ യൂനിവേഴ്സിറ്റിയുടെ കീഴിലുള്ള ജെഫേഴ്സൻ മെഡിക്കൽ കോളേജിൽ ചേർന്ന് 1887-ൽ മെഡിക്കൽ ഡോക്ടർ ബിരുദം നേടുകയും ശിശുരോഗ ചികിത്സയിൽ സ്പെഷ്യലൈസ് ചെയ്യുകയും ചെയ്തു. താരതമ്യേന യുവാവായിരിക്കെ 38-ാം വയസ്സിൽ ഡോക്ടർ ബേക്കർ ആകസ്മികമായി പ്രാക്ടീസ് നിറുത്തി, പെൻസിൽവാനിയാ നാവൽ റിസർച്ചിൽ സർജനായി സേവനം ചെയ്തു. പെൻസിൽവാനിയയിലെ ചൈനീസ് മെഡിക്കൽ ഡിസ്പെൻസറിയിൽ ഡോക്ടറായി സേവനം ചെയ്തു. പത്തുവർഷത്തിനുശേഷം ചൈനീസ് മെഡിക്കൽ ഡിസ്പെൻസറിയിൽ ചീഫ് ഫിസിഷ്യനായി. ദി ഫെനൻഡോസ്ക്കോ ആന്റ് ഇറ്റ്സ് പ്രാക്ടിക്കൽ അപ്ലിക്കേഷൻ എന്ന അദ്ദേഹത്തിന്റെ പരിഭാഷ കാരണം അദ്ദേഹം വളരെ പ്രശസ്തനായിത്തീർന്നു. അതിന്റെ ഉപയോഗം മൂലം ഒരു സാധാരണ വിദ്യാർഥിക്ക് ആധുനിക സ്റ്റെതസ്കോപ്പ് പ്രാപ്യമായി.

ഡോക്ടർ ബേക്കറുടെ വിജ്ഞാനാന്വേഷണം ക്രിസ്തുമതത്തിന്റെ പരിധിവിട്ടു. പൗരസ്ത്യമതങ്ങളെക്കുറിച്ചും അദ്ദേഹം പഠിച്ചു. അദ്ദേഹം പ്രാവീണ്യമുള്ള ഒരു ഭാഷാ പണ്ഡിതനായി. യൂറോപിലെ ആധുനിക ഭാഷകൾക്കു പുറമെ അദ്ദേഹം അറബിയും ചൈനീസും പഠിച്ചു. അദ്ദേഹം അനേകം ലേഖനങ്ങളുടെയും ഗ്രന്ഥങ്ങളുടെയും കർത്താവായി. ജർമൻ അമേരിക്കൻ ക്രിസ്ത്യാനിറ്റി ആന്റ് പ്രൊട്ടസ്റ്റന്റ് എപ്പിസ്കോപ്പൽ ചർച്ച് ഹിസ്റ്ററി ഓഫ് ദി നൈറ്റ്സ് ഓഫ് സെന്റ് ജോൺ ഓഫ് മാൽട്ട, ദി ഫ്ളോറ ഓഫ് അറേബ്യ ആന്റ് അറേബ്യൻ പ്രോഫറ്റ് എന്നിവ ചില ഉദാഹരണങ്ങളാണ്.

അദ്ദേഹത്തിന്റെ സാഹിത്യപരമായ പ്രവർത്തനങ്ങൾ ഒടുവിൽ ഇന്ത്യയിലുമെത്തിച്ചു. 1904 ഡിസംബറിൽ മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ) ഇന്ത്യയിലെ ഖാദിയാൻ ഗ്രാമത്തിൽനിന്ന് പുറപ്പെട്ടിരുന്ന ബദ്ർ പത്രത്തിന്റെ അധിപനായിരുന്നു. അദ്ദേഹം അതിൽ ഒരു പുതിയ പംക്തി തുടങ്ങി. ''തഹ്‌രീകെ അദിയാൻ വ തബ്‌ലീഗെ ഇസ്ലാം' അഥവാ 'റിസർച്ച് ഓൺ റിലിജിയൻസ് ആന്റ് പ്രൊപഗേഷൻ ഓഫ് ഇസ്ലാം.' പുതിയ പദ്ധതിയുടെ ലക്ഷ്യമായി അദ്ദേഹം എഴുതി:

"ഇനി മുതൽ ആഴ്ചതോറും പൊതുജനങ്ങളുടെ താൽപര്യാർഥം ഞാൻ ഒരു റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതായിരിക്കും. അതുമുഖേന അവരുടെ വിശ്വാസം വർധിക്കുകയും വിജ്ഞാനം വിപുലമാവുകയും ചെയ്യും. എന്തെന്നാൽ ഇതിന് രണ്ടു ഭാഗങ്ങളുണ്ട്. മതങ്ങളെക്കുറിച്ചുള്ള ഗവേഷണം, ഇസ്ലാംമത പ്രചാരണം.

അതുകാരണം ഈ ആഴ്ച എനിക്ക് അമേരിക്കയിൽനിന്ന് ഒരു മുസ്‌ലിമിന്റെ കത്ത് വന്നിരിക്കുന്നു. ഇതിന് മുമ്പേ എനിക്ക് അദ്ദേഹത്തെ അറിയില്ല. അതായത് അദ്ദേഹത്തിന്റെ പേരും വിലാസവും പൗരസ്ത്യ പഠനങ്ങളെക്കുറിച്ചുള്ള പാണ്ഡിത്യവും മാത്രമറിയാം. ആ പണ്ഡിതൻ ഒരു പ്രത്യേക പുസ്തകത്തെക്കുറിച്ച് നിരൂപണമെഴുതിയിരിക്കുന്നു. അതുകൊണ്ട് ഞാൻ അദ്ദേഹത്തിനൊരു കത്തെഴുതി....

മുഫ്തി മുഹമ്മദ് സ്വാദിഖ്(റ) തന്റെ 1904 സപ്തംബർ 25-ലെ കത്തും ഡോക്ടർ ബേക്കറുടെ അതിനുള്ള മറുപടിയും ഉർദുവിലേക്ക് പരിഭാഷപ്പെടുത്തി. തന്റെ കത്തിൽ മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ) ഒരു മുഖവുരയെന്നോണം ഡോക്ടർ ബേക്കറോട് അദ്ദേഹം ഇപ്പോൾ ആചരിക്കുന്ന വിശ്വാസമെന്താണെന്ന് ചോദിച്ചു. അതിനു മറുപടിയായി ഡോക്ടർ ബേക്കർ 1904 ഒക്ടോബർ 28ന് എഴുതി:

'സാധ്യമായിടത്തോളം ഞാനെന്റെ വിശ്വാസം ചുരുങ്ങിയ വാക്കുകളിൽ പ്രകടിപ്പിക്കുന്നു. നിങ്ങളുടേതുപോലെയുള്ള വിശ്വാസമുള്ള ഒരു മുസ്‌ലിമിന് എന്റെ രാജ്യത്ത് സാധ്യമാകുന്നിടത്തോളം ഞാൻ ഇസ്ലാംമതം ആചരിക്കുന്നു. പ്രവാചകനായ യേശുവിനെക്കുറിച്ചുള്ള എന്റെ വിശ്വാസം നിങ്ങളുടേതുപോലെതന്നെയാണ്. ഒരു ദൈവം മാത്രമേയുള്ളു. അവൻ എന്നെന്നും നിലനില്ക്കുന്നവനാണ്. അവൻ ഉള്ളവനാണ്. അവൻ പുത്രനല്ല. പിതാവുമല്ല. അവനെപ്പോലെ ആരുമില്ല.

'ഞാൻ അഞ്ചുനേരം നമസ്കാരം അംഗശുദ്ധി വരുത്തിയശേഷം വീട്ടിൽവെച്ചാണ് അനുഷ്ഠിക്കുന്നത്. ഞാൻ ഒരു അൽജീരിയൻ മുസ്‌ലിമുമായി എഴുത്തുകുത്തുകൾ നടത്തുന്നു. ഫിലാഡൽഫിയായിലുള്ള അദ്ദേഹം എല്ലാ ദിവസവും എന്റെ വീട്ടിൽ വരുന്നു.'

ഈ തുടക്കത്തിലുള്ള എഴുത്തുകുത്തുകൾ പരസ്പരമുള്ള കത്തുകളുടെ തുടക്കമായിരുന്നു. പിന്നെ കത്തുകളും പുസ്തകങ്ങളും ലേഖനങ്ങളും കൈമാറിയിട്ടുണ്ട്. ഡോക്ടർ ബേക്കർ 1908ൽ ചരമമടയുന്നതുവരെ 14 വർഷം തുടർന്നു. ഡോക്ടർ ബേക്കർ ദി റിവ്യൂ ഓഫ് റിലീജ്യൻസിൽ എഴുതാറുണ്ടായിരുന്നു. ഒരുപക്ഷേ, ഡോക്ടർ ബേക്കറിന് നൽകാൻ കഴിയുമായിരുന്ന ഏറ്റവും വലിയ ബഹുമതി അദ്ദേഹത്തെക്കുറിച്ച് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ബറാഹീനെ അഹ്മദിയ്യായിൽ സൂചിപ്പിച്ചിട്ടുണ്ടെന്നുള്ളതാണ്.

ഈ പ്രസ്ഥാനത്തെ സ്തുതിക്കുന്ന നിരവധി ഇംഗ്ലീഷുകാരുണ്ട്. അവർ പ്രസ്ഥാനവുമായുള്ള ബന്ധം പ്രകടിപ്പിക്കാറുമുണ്ട്. അവരിലൊരാളാണ് ഡോക്ടർ ബേക്കർ (എ. ജോർജ്ജ് ബേക്കർ, 404, സബ്കി എന്ന അവന്യൂ, ഫിലാഡൽഫിയ, യു.എസ്.എ). റിവ്യൂ ഓഫ് റിലീജ്യൻസിൽ വായിച്ചശേഷം അദ്ദേഹം എഴുതുന്നു: ഞാൻ താങ്കളുടെ ഇമാമിന്റെ (വാഗ്ദത്ത മസീഹിന്റെ(അ) പ്രത്യയശാസ്ത്രവുമായി പൂർണമായും യോജിക്കുന്നു. മുമ്പേ മുഹമ്മദ് നബി(സ.അ)ഇസ്ലാമിനെ അവതരിപ്പിച്ചിരുന്നതുപോലെ അതേപ്രകാരം വാഗ്ദത്ത മസീഹ്(അ)ഇസ്ലാമിനെ ശരിയായരീതിയിൽ അവതരിപ്പിക്കുന്നു.'

ഇസ്ലാമിനെ കുറിച്ചുള്ള ഡോക്ടർ ബേക്കറുടെ അഗാധജ്ഞാനവും മുഹമ്മദ് നബി(സ)യോടുള്ള സ്നേഹവും അദ്ദേഹം ഫിലാഡൽഫിയായിലെ കൂപ്പർ ലിറ്ററി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡണ്ട് എന്ന നിലയിൽ ചെയ്ത ലക്ചറുകളിൽനിന്ന് നല്ലപോലെ പ്രകടമാകുന്നുണ്ട്. അവയിൽ ചിലത് റിവ്യൂ ഓഫ് റിലീജ്യൻസിൽ പ്രസിദ്ധീകരിക്കുന്നതിന് നല്കിയിട്ടുണ്ട്. മുഹമ്മദ്, ദി ഫൗണ്ടർ ഓഫ് ആൻ എംപയർ ആന്റ് ഓഫ് എ റിലീജ്യൻ വിച്ച് ഈസ്റ്റ്സ്കിൽ സ്പ്രെഡ്ഡിംഗ് (ഫെബ്രുവരി 1912) ദി വൺ ഗോഡ് ആന്റ് ഇസ്ലാം ഈസ് ദി റിലീജ്യൻ ഓഫ് ആൾ മെൻ (ആഗസ്ത് 1913)

ആഗസ്ത് 1913ലെ ലേഖനത്തിൽ അദ്ദേഹം വാഗ്ദത്ത മഹ്ദി മസീഹായ ഹദ്റത്ത് അഹ്മദ്(അ) ന്റെ പ്രവാചകത്വം ഉറപ്പിച്ചു പറയുന്നുണ്ട്.

"വളരെ സ്വതന്ത്രവും തത്ത്വജ്ഞാനപരവുമായ ആവേശമാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദിന് തന്റെ പ്രവൃത്തികൾ യഥാർഥ ആത്മാവോടുകൂടി ഇന്ത്യയിലെ മുസ്‌ലിമീംകൾക്ക് വേണ്ടിയും ലോകജനതക്കുവേണ്ടിയും ഒരു പ്രവാചകനെന്ന നിലയിൽ ചെയ്യാൻ സാധിച്ചത്. അൽഹംദുലില്ലാഹ്. അദ്ദേഹമായിരുന്നു ക്രിസ്ത്യാനികളുടെയും ഹിന്ദുക്കളുടെയും ഭോഷത്തരവും വ്യാമോഹങ്ങളും തുറന്നുകാണിച്ചത്; മാന്യതയുടെ ആത്മാവോടുകൂടിയായിരുന്നു അദ്ദേഹം ഈ കൃത്യം നിർവഹിച്ചത്, ഒരു ദുർവികാരങ്ങളും ഇല്ലാതെ. അതുകൊണ്ട് തീർച്ചയായും ഉറപ്പായും ലോകം നീങ്ങിക്കൊണ്ടിരിക്കുന്നു. അവസാനം ഏകദൈവത്തേയും ഇസ്ലാമിനേയും കുറിച്ചുള്ള അറിവ് ജലം സമുദ്രത്തെ മൂടുന്നതുപോലെ ലോകത്തെ മൂടുന്നതായിരിക്കും.'

1916-ലെ ഒരു കത്തിൽ ഡോക്ടർ ബേക്കർ ഭാവി

(ശേഷം പേജ് 16ൽ)

## ഖുത്ബ ജുമുഅ

**"ഇത് അല്ലാഹുവിന്റെ മാത്രം കൃപാവരമാണ്. അവൻ ഈ മസ്ജിദ് പ്രദാനം ചെയ്തു."**

ശത്രുക്കൾ തങ്ങളുടെ ഊറ്റത്തിൽ നമ്മളിൽനിന്ന് ഏതൊരു ഫള്‌ലുകളും ബർക്കത്തുകളുമാണോ തട്ടിപ്പറിച്ചെടുക്കാൻ ആഗ്രഹിച്ചിരിക്കുന്നത് അവ ആദ്യത്തേതിനെക്കാളുപരി ഒരുപാട് ഇരട്ടിയാക്കി ഈ മസ്ജിദും ഈ കേന്ദ്രവും മുഖേന ആ അഭിവൃദ്ധികളുടെ ദൃശ്യങ്ങൾ കാണിക്കുമാറാകട്ടെ. അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവൃദ്ധി അല്ലാഹുവിന്റെ ഫള്‌ലു കൊണ്ടാണെന്ന് അവർക്കെന്തറിയാനാണ്; ദുൻയാവിലെ ഒരു ഭരണത്തിനും അതിന്റെ പുരോഗതിയെ തടയാനാവില്ല. ഒരു ഭരണകൂടത്തിന്റേയും സഹായം അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതിക്ക് ആവശ്യമില്ല.

ഞങ്ങൾ അല്ലാഹുവിന്റെ കല്പനകൾക്കനുസരിച്ച് നടക്കുവോളം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുവോളം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് പാത്രിഭൂതരായി ആ അഭിവൃദ്ധിയുടെ ഭാഗമായിരിക്കും.

ഈ പുതിയ സ്ഥലത്ത് താമസിക്കാൻ അല്ലാഹു തൗഫീഖ് നല്കിയിട്ടുള്ളവരും ഇവിടെ കേന്ദ്രമായി തീർന്നതിനാൽ ഈ പുതിയ സ്ഥലത്തിന്റെ അടുത്തുവന്ന് താമസിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നവരും തങ്ങളുടെ അവസ്ഥ എങ്ങനെയുള്ളതാക്കിത്തീർക്കാൻ ശ്രമിക്കണമെന്നാൽ ഈ പ്രദേശത്ത് അഹ്മദിയ്യത്തിന്റേയും ഇസ്‌ലാമിന്റേയും യഥാർഥ ചിത്രം ജനങ്ങൾക്കു കാണാൻ കഴിയണം.

അല്ലാഹുവിനോടുള്ള നന്ദി ആവശ്യപ്പെടുന്നത് നമ്മുടെ വാക്കും പ്രവൃത്തിയും നമ്മുടെ അധ്യാപനവും നമ്മുടെ കർമവും പരസ്പരം യോജിച്ചിരിക്കണമെന്നാണ്.

മസ്ജിദിന്റെ ഉദ്ദേശ്യം പൂർത്തിയാക്കേണ്ടതായിവരും. അപ്പോഴാണ് അല്ലാഹുവിന്റെ ഇനാം ലഭിക്കുക.

**കർമങ്ങൾക്ക് ആത്മാർഥത നിബന്ധനയാണ്.**

ഒരു യഥാർഥ ആരാധകൻ അല്ലാഹുവിനുവേണ്ടി മാത്രം ആരാധന നടത്തുന്നു. അവൻ തന്റെ ആത്മീയാവസ്ഥ മെച്ചപ്പെടുത്തുന്നുവെന്ന് മാത്രമല്ല അല്ലാഹുവുമായുള്ള ബന്ധത്തിലും വളരുന്നു. എന്നല്ല തന്റെ ശാരീരികാവസ്ഥയും ശരിയാക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ ഉപയോഗവും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ചെയ്യുന്നു.

ഈ കേന്ദ്രം ഉണ്ടായതിൽ അല്ലാഹുവിനോടുള്ള നന്ദി നിറവേറ്റുന്നതിന് നമ്മുടെ ആരാധനകളുടെ നിലവാരങ്ങൾ ഉയർത്തേണ്ട ആവശ്യമുള്ളതുപോലെ സ്വഭാവപരമായ നിലവാരങ്ങളേയും ഉയർത്തേണ്ട ആവശ്യമുണ്ട്. ഈ റമളാനെ ഇതിന്റെ അടിസ്ഥാനത്തിലും ഉൽകൃഷ്ടമാക്കുക. നമ്മുടെ വീടുകളേയും ഈ മാസത്തിന്റെ അനുഗ്രഹംകൊണ്ട് നമ്മൾ നന്നാക്കിത്തീർക്കേണ്ടതാണ്.

തൗഹീദിൽ നിന്നന്യവും ശിർക്കുകൊണ്ടു നിറഞ്ഞതുമായ ലോകത്തിലെ ഈ ഭൂഭാഗത്ത് ഒരു മർക്കസ് ഉണ്ടാക്കുവാനുള്ള സൗഭാഗ്യം അവൻ നൽകി. ഒരു പുതിയ പ്രതിജ്ഞയോടെ ഇവിടെ തൗഹീദിന്റെ പ്രചാരണം നടത്തുക. നബി(സ)തിരുമേനിയുടെ സത്യദാസന്റെ ദൗത്യം പൂർത്തിയാക്കുക. പിന്നീട് പ്രദേശങ്ങളും നഗരങ്ങളും അല്ലാഹുവിന്റെ തൗഹീദിന്റെ വിളംബരം നടത്തുന്നവരായിത്തീരുന്ന നാൾ വരുമാറാകണം.

അഹ്മദിയ്യത്തിന്റെ പുരോഗതിക്കുവേണ്ടിയും ലോകത്തിലെ ഈ ഭൂപ്രദേശത്ത് മർക്കസ് നിർമിച്ചതിന്റെ ഉദ്ദേശ്യം പൂർത്തിയാകുന്നതിനു വേണ്ടിയും ദുആ ചെയ്യുക. ഒരുപാട് ദുആ ചെയ്യുക.... എതിരാളികളുടെയെല്ലാ പദ്ധതികളും ഛിന്നഭിന്നമാകുന്നതും നാം കാണുമാറാകട്ടെ. റബ്‌വയിൽ പോകുന്നതിനുള്ള മാർഗങ്ങളും തുറക്കുമാറാകട്ടെ. മസീഹിന്റെ രാജധാനി സ്ഥിതിചെയ്യുന്ന ഖാദിയാനിലേക്കുള്ള മടക്കമാർഗങ്ങളും തുറക്കുമാറാകട്ടെ. മക്ക, മദീനയിലേക്കുള്ള മാർഗങ്ങളും നമുക്കായി തുറക്കുമാറാകട്ടെ. നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്ത്വഫാ(സ)തിരുമേനിയുടെ ദേശവും ഇസ്‌ലാമിന്റെ സ്ഥിരം കേന്ദ്രവുമാണത്.

ഇസ്‌ലാമാ ബാദിലെ(ടെൽഫോർഡ്)അഹ്മദിയ്യാ ജമാഅത്തിന്റെ പുതിയ കേന്ദ്രത്തിൽ പുതിയതായി നിർമിച്ച 'മസ്ജിദ് മുബാറക്കി'ന്റെ ഉൽഘാടനാവസരത്തിൽ സ്മാരകപ്ലേറ്റിന്റെ അനാച്ഛാദന കർമവും ശുക്റിന്റെ സുജൂദും

അല്ലാഹുവിന്റെ അതിരറ്റ കൃപാവരങ്ങളുടെ ഇറക്കത്തിൽ അല്ലാഹുവിന് ശുക്ർ ചെയ്യാനും ചുമതലകൾ നിറവേറ്റാനും ഉപദേശം. മസ്ജിദിനേയും പുതിയ കേന്ദ്രത്തേയും കുറിച്ചുള്ള ചില വിവരങ്ങൾ

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2019 മെയ് 17/1398 ഹിജ്റത്ത് 17 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്(ടെൽഫോർഡ്, സർറെ)യു.കെ**

ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബി നസ്വ്‌രിഹിൽ അസീസ് ജുമുഅ ഖുത്വ്ബയ്ക്കുമുമ്പേ ഇസ്‌ലാമാബാദിലെ മസ്ജിദ് മുബാറക്കിന്റെ ഔദ്യോഗികമായ ഉൽഘാടനകർമം നിർവഹിച്ചുകൊണ്ട് ശിലാഫലകം അനാച്ഛാദനം ചെയ്ത് മസ്ജിദിന്റെ അകത്ത് വന്ന് പറഞ്ഞു:

**അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.** ഇപ്പോൾ വെളിയിൽ ഞാൻ മസ്ജിദിന്റെ ഉൽഘാടനകർമം, പതിച്ചിരുന്ന പ്ലേറ്റിന്റെ മീതെ ഇട്ടിരുന്ന പർദ നീക്കി നിർവഹിച്ചു. അങ്ങനെ ഉൽഘാടനം കഴിഞ്ഞു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ) റബ്‌വയിലെ മസ്ജിദ് മുബാറക്കിന്റെ ഉൽഘാടന കർമം നിർവഹിച്ചപ്പോൾ ആ നേരത്ത് പറഞ്ഞിരുന്നു, ഉൽഘാടനത്തിനുമുമ്പേ രണ്ടു റക്അത്ത് നഫ്ൽ നമസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതാണ്. പക്ഷേ, ആ സമയത്ത് അവിടെ സംവിധാനം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. അപ്പോൾ അദ്ദേഹം പറഞ്ഞു, നമ്മൾ നന്ദിപ്രകടിപ്പിച്ച് സുജൂദ് ചെയ്യുന്നതായിരിക്കും.(ഖുത്വ്ബാത്തെ മഹ്മൂദ്, വാള്യം 32, പേജ് 48 – 49, ഖുത്വ്ബ ജുമുഅ 1951 മാർച്ച് 23)

പൊതുവെ പ്ലേറ്റിന്റെ മീതെഇട്ടിട്ടുള്ള ശീല നീക്കി ഞാൻ ഉൽഘാടനം ചെയ്യുമ്പോൾ നമ്മൾ ദുആ ചെയ്യുകയാണ് പതിവ്. ഇന്ന് അതേ രീതിയിലൂടെ പ്രവർത്തിച്ചുകൊണ്ട് ദുആയ്ക്കുപകരം ഞാൻ ശുക്റിന്റെ സുജൂദ് ചെയ്യുന്നതായിരിക്കും. നിങ്ങൾ എന്നോടൊപ്പം അതിൽ പങ്കെടുക്കുക. അല്ലാഹു നമുക്ക് ഈ ചെറിയ മർക്കസ് പ്രദാനം ചെയ്തിരിക്കുകയാണ്. അതിനുശേഷമായിരിക്കും ഔദ്യോഗികമായി ഖുത്വ്ബ ആരംഭിക്കുന്നത്. ശുക്റിന്റെ സുജൂദ് ചെയ്യുക.(അതുകഴിഞ്ഞ് ഹുദൂറിനെ പിൻപറ്റിക്കൊണ്ട് എല്ലാവരും ശുക്റിന്റെ സുജൂദ് ചെയ്തു)

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

قُلْ أَمَرَ رَبِّيْ بِالْقِسْطِ وَأَقِيْمُوْا وُجُوْهَكُمْ عِنْدَ كُلِّ مَسْجِدٍ وَّادْعُوْهُ مُخْلِصِيْنَ لَهُ الدِّيْنَ كَمَا بَدَاَكُمْ تَعُوْدُوْنَ۔ فَرِيْقًا هَدٰى وَفَرِيْقًا حَقَّ عَلَيْهِمُ الضَّلٰلَةُ إِنَّهُمُ اتَّخَذُوا الشَّيٰطِيْنَ أَوْلِيَآءَ مِنْ دُوْنِ اللّٰهِ وَيَحْسَبُوْنَ اَنَّهُمْ مُّهْتَدُوْنَ۔ يٰبَنِيْٓ اٰدَمَ خُذُوْا زِيْنَتَكُمْ عِنْدَ كُلِّ مَسْجِدٍ وَّكُلُوْا وَاشْرَبُوْا وَلَا تُسْرِفُوْا اِنَّهٗ لَا يُحِبُّ الْمُسْرِفِيْنَ۔ (الاعراف:30 تا 32)

ഈ വചനങ്ങളുടെ അർഥം ഇപ്രകാരമാണ്: 'പറയുക, എന്റെ നാഥൻ നീതി(പൂർവം പ്രവർത്തിക്കുന്നതിന്) കല്പിച്ചിരിക്കുന്നു. ഓരോ ആരാധനാ(സമയത്തും) സ്ഥലത്തും നിങ്ങളുടെ ശ്രദ്ധ(അല്ലാഹുവിലേക്ക്)നേരെ നിറുത്തുക. കീഴ്‌വണക്കം അവന് മാത്രം അർപിച്ചുകൊണ്ട് അവനെ വിളിച്ചു പ്രാർഥിക്കുകയും ചെയ്യുക. അവൻ നിങ്ങളെ ആദ്യമായി സൃഷ്ടിച്ചതുപോലെ അവനിലേക്ക് നിങ്ങൾ മടങ്ങുന്നതാണ്. ഒരു വിഭാഗത്തെ അവൻ നേർവഴിയിലൂടെ നയിച്ചു. എന്നാൽ, മറ്റൊരു വിഭാഗമാകട്ടെ, ദുർമാർഗം അവർക്ക് അർഹമായിരിക്കുന്നു. തീർചയായും അവൻ അല്ലാഹുവിനെ വിട്ട് പി

ശാചുക്കളെ സുഹൃത്തുക്കളാക്കിയിരിക്കുകയാണ്. (എന്നിട്ട്)തങ്ങളാണ് സന്മാർഗത്തിൽ ചരിക്കുന്നവരെന്ന് അവർ ധരിക്കുകയും ചെയ്യുന്നു. ആദം സന്തതികളേ! നിങ്ങളുടെ ആരാധനയുടെ ഓരോ (സമയത്തും)സ്ഥലത്തും നിങ്ങളുടെ അലങ്കാരം സ്വീകരിച്ചുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവിൻ. എന്നാൽ ഒന്നിലും അമിതത്വമരുത്. നിശ്ചയമായും അമിതത്വം പ്രവർത്തിക്കുന്നവരെ അവൻ ഇഷ്ടപ്പെടുകയില്ല. (7:30,32)

അൽഹംദുലില്ലാഹ്. അല്ലാഹു ഇന്ന് നമുക്ക് ഇസ്‌ലാമാബാദിൽ, ഇസ്‌ലാമാബാദിലെ ഈ മസ്ജിദിൽ ജുമുഅ നമസ്കരിക്കാൻ തൗഫീഖ് നല്കുകയാണ്. കുറച്ചു ജുമുഅ മുമ്പേ ഞാൻ ഇസ്‌ലാമാബാദ് കേന്ദ്രത്തിലേക്ക് മാറുന്നതിനെ കുറിച്ചു പറഞ്ഞതുപോലെ മസ്ജിദ് ഫള്‌ലിനോടു ചേർന്നുള്ള ഓഫീസുകളുടെ പ്രവർത്തനത്തിൽ നല്ലപോലെ ഞെരുക്കം അനുഭവപ്പെട്ടു തുടങ്ങിയിരുന്നു. ഓഫീസുകൾക്ക് വേണ്ടിയും കൂടുതൽ മെച്ചപ്പെട്ടതും വിശാലവുമായ സ്ഥലം ആവശ്യമായിരുന്നു. അത് ഇപ്പോൾ അല്ലാഹുവിന്റെ കൃപയാൽ ഇസ്‌ലാമാബാദിലെ നിർമാണപദ്ധതികളുടെ പൂർത്തീകരണത്തിനു ശേഷം ഒരു പരിധിവരെ ലഭ്യമായിരിക്കുകയാണ്. ഇപ്രകാരംതന്നെ ജമാഅത്തിന് സേവനം ചെയ്യുന്നവർക്കും ഓഫീസുകളിൽ ജോലിചെയ്യുന്ന കുറച്ചാളുകൾക്കും താമസിക്കുന്നതിനുള്ള സൗകര്യവും ലഭ്യമായിട്ടുണ്ട്. കാലത്തിന്റെ ഖലീഫയ്ക്കുള്ള താമസ സൗകര്യവും നിർമിച്ചു കഴിഞ്ഞിരിക്കുന്നു. ഖലീഫയുടെ നേതൃത്വത്തിൽ ജനങ്ങൾ നമസ്കാരം സുഖകരമായി അനുഷ്ഠിക്കാനും ഖലീഫയ്ക്ക് സൗകര്യമായി ദർസ്സും മറ്റും നല്കാനും വേണ്ടി ഖലീഫയുടെ താമസത്തിനോടു ചേർന്ന് മസ്ജിദ് ഉണ്ടാക്കേണ്ടതും അത്യാവശ്യമാണ്. അതുകൊണ്ട് ഇന്ന് നമ്മൾ സാമ്പ്രദായികമായ നിലയിൽ ഈ ജുമുആയോടുകൂടി മസ്ജിദ് ഉൽഘാടനം ചെയ്യുകയാണ്. പക്ഷേ, കർമപരമായി ഞാൻ ഇവിടേക്ക് മാറിയ ഉടനെതന്നെ നമസ്കാരങ്ങളും മറ്റുപരിപാടികളും ആരംഭിച്ചുകഴിഞ്ഞിരുന്നു. വെളിയിൽ നിന്ന് ഖുദ്ദാം, അത്ഫാൽ, ലജ്ന സംഘങ്ങൾ വന്നുകൊണ്ടിരുന്നു. വൻതോതിൽ ജനങ്ങൾ വന്നുകൊണ്ടിരുന്നു. അതുകൊണ്ട് ഈ മസ്ജിദിൽ അവരോടൊത്ത് മജ്‌ലിസുകളും ഉണ്ടായിക്കൊണ്ടിരുന്നു. അവരോടൊപ്പം മറ്റു ചെറിയ ഹാളുകളിലും പരിപാടികൾ നടന്നുവന്നു. ഇവിടെ വരാനും നമസ്കരിക്കാനും അവർക്ക് നല്ല സൗകര്യമായി. ഈ മസ്ജിദ്, മസ്ജിദ് ഫള്‌ലിനേക്കാൾ ഏകദേശം 4 ഇരട്ടി ഇടം ഉൾക്കൊള്ളുന്നു. പക്ഷേ, ആളുകളുടെ സംഘങ്ങൾ വന്നു തുടങ്ങിയപ്പോൾ ഈ മസ്ജിദും ചെറുതാകുന്നുവെന്ന് തോന്നിപോവുന്നു. എന്നാൽ, ഇതിനോടുചേർന്ന്തന്നെ ഖിബ്‌ലയ്ക്കു അഭിമുഖമായി ഒരു മൾട്ടി പർപസ് ഹാൾ ഉണ്ടാക്കിയിട്ടുണ്ട്. അതിലിടമുണ്ട്. അതിൽ കൂടുതലാളുകൾ നമസ്കരിച്ചുകൊണ്ടിരുന്നു. ഇതു പറയുന്നതുകൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിന്റെ കൃപയാൽ യു.കെ ജമാഅത്തിലും ലോകത്തിലെ വിവിധ രാജ്യങ്ങളിലും മസ്ജിദുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതാണ്. ദൈവകൃപയാൽ കഴിഞ്ഞ 10,15 വർഷത്തിനുള്ളിൽ മസ്ജിദുകളുടെ നിർമാണത്തിൽ ജമാഅത്തുകൾക്ക് പ്രത്യേക ശ്രദ്ധയുണ്ടായിട്ടുണ്ട്. ഈ ശ്രദ്ധ കാരണത്താൽ മസ്ജിദുകളുടെ നിർമാണം നടന്നു കൊണ്ടിരിക്കുന്നു. പക്ഷേ, “മസ്ജിദ് മുബാറക്ക്” എന്ന് ഞാൻ നാമകരണം ചെയ്തിരിക്കുന്ന ഈ മസ്ജിദിന്, കാലത്തിന്റെ ഖലീഫയുടെ വീടും ഇവിടെ ആയതുകൊണ്ട് പ്രാധാന്യമുണ്ട്. ഉദ്യോഗസ്ഥരിൽ ഏകദേശം 29,30 പേർക്കുള്ള വീടുകളും നല്ല രീതിയിൽ ഇവിടെയുണ്ട്. നിത്യവും ഞാൻ ബന്ധപ്പെടാറുള്ള അത്യാവശ്യമായ ഓഫീസുകളും ഇവിടെയുണ്ട്. അതായത് ഈ സ്ഥലവും ഈ മസ്ജിദും ഈ അടിസ്ഥാനത്തിൽ കേന്ദ്ര മസ്ജിദാണ്. ഇത് പ്രാധാന്യമുൾക്കൊള്ളുന്നു. ഈ മസ്ജിദ് ഇതിന്റെ അടിസ്ഥാനത്തിൽ മസ്ജിദ് മുബാറക്കിന്റെ സാമ്യവും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ആകർഷിച്ചെടുക്കുന്നതും എല്ലാ വിധത്തിലും അനുഗ്രഹീതവുമാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

ഇതിന്റെ പേരു വെക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചപ്പോൾ ഇതിനുമുമ്പേ മറ്റു പേരുകളാണ് മനസ്സിൽ വന്നിരുന്നത്, ചില നാമങ്ങളെ കുറിച്ച് കൂടിയാലോചിക്കുകയും ചെയ്തു. പക്ഷേ, പിന്നീട് പെട്ടെന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ഇൽഹാം എന്റെ മുന്നിൽ വന്നത്. ഇക്കാരണത്താലാണ് ഈ പേരിട്ടത്. ഇതായിരുന്നു, ഇൽഹാം. *മുബാരിക്കുൻ വ്വ മുബാറക്കുൻ വ്വ കുല്ലു അംരിൻ മുബാറക്കിൻ യുജ്അലു ഫീഹി”*

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വാക്കുകളിൽ അതിന്റെ തർജമ ഇങ്ങനെയാണ്. അതായത് ഈ മസ്ജിദ് ബർക്കത്ത് നല്കുന്നതും ബർക്കത്തുള്ളതും എല്ലാ ഓരോ അനുഗൃഹീത കാര്യങ്ങളും ഇതിൽ ചെയ്യപ്പെടുന്നതുമായിരിക്കും. (തദ്ക്കിറ പേജ് 83, നാലാം പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖാദിയാനിലെ മസ്ജിദ് മുബാറക്കിനുവേണ്ടി ചെയ്തിട്ടുള്ള ദുആകളും ലോകത്ത് ഇസ്‌ലാം വ്യാപിക്കുന്നതിനും വിജയം ലഭിക്കുന്നതിനും വേണ്ടിയുള്ള അവിടത്തെ ആഗ്രഹങ്ങളും ആവേശവും ആ മസ്ജിദിനും കിട്ടിക്കൊണ്ടിരിക്കാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഇംഗ്ലണ്ടിലും യൂറോപ്പിലും ലോകത്തിലെ സകല രാജ്യങ്ങളിലും ഇവിടെ നിങ്ങൾ തൗഹീദ് പരത്തുന്നതിനും ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുന്നതിനും ഈ മസ്ജിദ് എപ്പോഴും കേന്ദ്രമായിക്കൊണ്ടിരിക്കുമാറാകട്ടെ. കേന്ദ്രം ഇവിടേക്ക് വന്നത് എല്ലാ വിധത്തിലും അനുഗൃഹീതമാകട്ടെ. അഹ്മദിയ്യാ ഖിലാഫത്തിൽനിന്ന് പുറപ്പെടുന്ന എല്ലാ പദ്ധതികളും എപ്പോഴും അല്ലാഹുവിന്റെ കൃപയേയും അനുഗ്രഹത്തേയും ആകർഷിച്ചെടുക്കുന്നതായിരിക്കട്ടെ. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏതെല്ലാം അനുഗ്രഹങ്ങളാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മസ്ജിദുമായുള്ള ബന്ധത്തിൽ ലഭിച്ചിരുന്നത് അതും ഈ മസ്ജിദിന് കിട്ടിക്കൊണ്ടിരിക്കുമാറാകട്ടെ. ഇന്നലെവരെ എനിക്കറിയുമായിരുന്നില്ല. ഇന്നലെയാണ് എന്റെ മുമ്പിൽ ഇക്കാര്യം വന്നത്. റബ്‌വയിൽ ജനവാസം ആരംഭിച്ചപ്പോൾ അന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മസ്ജിദ് മുബാറക്കിന്റെ നിർമാണ സമയത്ത് ആ മസ്ജിദ് ഖാദിയാനിലെ മസ്ജിദ് മുബാറക്കിന്റെ പ്രതിനിധിയും അതിന്റെ ഛായയും സദൃശവുമായിരിക്കുമെന്ന് പറഞ്ഞിരുന്നു.’ (ഖുത്ബാത്തെ മഹ്മൂദ്, വാള്യം 30, പേജ് 316, ഖുത്ബ ജുമുഅ 1949 സെപ്തംബർ 30)

അതായത് ഖാദിയാനിലുള്ള മസ്ജിദ് മുബാറക്കിന് സമാനമായിരിക്കും റബ്‌വയിലെ മസ്ജിദ്. അവിടെ ഒരു സുദീർഘകാലം ഖിലാഫത്ത് നിലനിന്നു. ഇപ്പോഴും കേന്ദ്ര ഓഫീസുകൾ അവിടെയുണ്ട്. പക്ഷേ കഴിഞ്ഞ 35 വർഷമായി അവിടെനിന്നുള്ള ഹിജ്റത്തു കാരണത്താൽ ഇവിടെയും പുതിയ ഓഫീസുകളുടേയും പുതിയ വസ്തുക്കളുടേയും കെട്ടിടങ്ങളുടേയും മസ്ജിദുകളുടേയും ആവശ്യം നേരിട്ടു. രാജ്യത്തിലെ നിയമം കാരണത്താൽ അഹ്മദിയ്യാ ഖിലാഫത്തിന് റബ്‌വയിൽനിന്ന് ഹിജ്റത്തു ചെയ്യേണ്ടിവന്നു. പിന്നീട് അല്ലാഹു ഇവിടുത്തെ ആവശ്യം പൂർത്തീകരിക്കുന്നതിനുവേണ്ടി ഇവിടെ മുമ്പത്തേതിനേക്കാളധികം അഭിവൃദ്ധികളുടെ വാതിലുകളും തുറന്നു. അല്ലാഹു നമുക്ക് പ്രദാനം ചെയ്തിട്ടുള്ള ഈ വൈപുല്യങ്ങൾ കൂടുതൽ വർധിപ്പിക്കുമാറാകട്ടെ. ശത്രുക്കൾ തങ്ങളുടെ ഊറ്റത്തിൽ നമ്മളിൽനിന്ന് ഏതൊരു ഫള്‌ലുകളും ബർക്കത്തുകളുമാണോ തട്ടിപ്പറിച്ചെടുക്കാൻ ആഗ്രഹിച്ചിരിക്കുന്നത് അവ ആദ്യത്തേതിനെക്കാളുപരി ഒരുപാട് ഇരട്ടിയാക്കി ഈ മസ്ജിദും ഈ കേന്ദ്രവും മുഖേന ആ അഭിവൃദ്ധികളുടെ ദൃശ്യങ്ങൾ കാണിക്കുമാറാകട്ടെ.

തങ്ങളുടെ ഊറ്റത്തിൽ ജമാഅത്തിന്റെ നിലനില്പിന്റേയും ഭാഗ്യനിർണയത്തിന്റെയും ഉടമയാണെന്ന് കരുതുന്നവരുടെ ബുദ്ധിയുടെ അവസ്ഥ എങ്ങനെയാണെന്നാൽ, ജാഹിലിയത്തിന്റെ അവസ്ഥ ആരോ എനിക്കുകാണിച്ചുതരികയുണ്ടായി. സോഷ്യൽ മീഡിയായിൽ പീപ്പിൾസ് പാർട്ടിയുടെ ഒരു രാഷ്ട്രീയ നേതാവ് ഇങ്ങനെ ചർച്ച ചെയ്യുകയായിരുന്നു. തന്റെ കമന്റ് നൽകുകയായിരുന്നു. തങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. അവരെ പാക്കിസ്താനിൽ ജീവിക്കാൻ അനുവദിച്ചില്ല. ഈ പുതിയ ഭരണകൂടം വന്നതോടെ അഹ്മദികൾക്ക്, ഖാദിയാനികൾക്ക് ഇസ്‌ലമാബാദിൽ കേന്ദ്രമുണ്ടാക്കാൻ അനുവാദം നല്കിയിരിക്കുന്നു. ഇതാണ് അവരുടെ ബുദ്ധിയുടെ അവസ്ഥ. കുറച്ചുകാലം മുമ്പേയും അവരുടെ ഒരു രാഷ്ട്രീയ നേതാവ് നമ്മെ സംബന്ധിച്ച് ഇത്തരം വിവേകശൂന്യമായ വിവരണം നല്കിയിരുന്നു. തനിക്ക് നല്ലവണ്ണം മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നും തെറ്റു സംഭവിച്ചു പോയെന്നും പിന്നീട് തിരുത്തി പറഞ്ഞു. ഇതാണ് ഈ ഭൗതികരുടെ ചിന്താഗതികൾ. അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവൃദ്ധി അല്ലാഹുവിന്റെ ഫള്‌ലുകൊണ്ടാണെന്ന് അവർക്കെന്തറിയാനാണ്; ദുൻയാവിലെ ഒരു ഭരണത്തിനും അതിന്റെ പുരോഗതിയെ തടയാനാവില്ല. ഒരു ഭരണകൂടത്തിന്റേയും സഹായം അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതിക്ക് ആവശ്യമില്ല. ഞങ്ങൾ അല്ലാഹുവിന്റെ കല്പനകൾക്കനുസരിച്ച് നടക്കുവോളം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുവോളം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് പാത്രിഭൂതരായി ആ അഭിവൃദ്ധിയുടെ ഭാഗമായിരിക്കും. അതുകൊണ്ടുതന്നെ നമ്മൾ ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്.

ഈ പുതിയ സ്ഥലത്ത് താമസിക്കാൻ അല്ലാഹു തൗഫീഖ് നല്കിയിട്ടുള്ളവരും ഇവിടെ കേന്ദ്രമായി തീർന്നതിനാൽ ഈ പുതിയ സ്ഥലത്തിന്റെ അടുത്തുവന്ന് താമസിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നവരും തങ്ങളുടെ അവസ്ഥ എങ്ങനെയുള്ളതാക്കിത്തീർക്കാൻ ശ്രമിക്കണമെന്നാൽ ഈ പ്രദേശത്ത് അഹ്മദിയ്യത്തിന്റേയും ഇസ്‌ലാമിന്റേയും യഥാർഥ ചിത്രം ജനങ്ങൾക്കു കാണാൻ കഴിയണം. ഇസ്‌ലാമാബാദിൽ ഒരു ദീർഘകാലമായി നമ്മുടെ വാഖ്ഫീനെ സിന്ദഗിയും ഉദ്യോഗസ്ഥരും താമസിച്ചു വരുന്നുണ്ടെന്നതിൽ സംശയമില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ഇവിടുത്തുകാർക്ക് അഹ്മദികളെ പരിചയമുണ്ട്. ജൽസകൾ കാരണത്താലും ഈ പ്രദേശത്ത് അഹ്മദിയ്യത്തിനെ അറിയുന്നുണ്ട്. 2004 വരെ സുദീർഘ കാലം ഇവിടെയാണ് ജൽസ നടന്നിരുന്നത്. ഇപ്പോൾ ആൾട്ടണിലാണ് ജൽസ നടന്നുവരുന്നത്. ആ സ്ഥലവും അടുത്തുതന്നെയാണ്. പക്ഷേ, ഇപ്പോൾ ഒരു പുതിയ രൂപമാണ് ഇവിടുത്തെ ആളുകൾക്ക് ലഭിച്ചിട്ടുള്ളത്. പെട്ടെന്ന് ഇവിടെ വന്ന് അഹ്മദികൾ വീടുകൾ നിർമിക്കാൻ തുടങ്ങിയതിന്റെ അടിസ്ഥാനത്തിൽ ഇവിടുത്തെ തദ്ദേശിയരും നമ്മെ മറ്റൊരു ദൃഷ്ടിയോടെ നോക്കുന്നതായിരിക്കും. ഇവിടുത്തുകാർക്ക് അത് ബോധ്യമായിരിക്കുന്നു. നിങ്ങളുടെ ഖലീഫ കാരണത്താൽ അല്ലെങ്കിൽ ജമാഅത്തിന്റെ പരമോന്നത നേതാവ് ഇവിടെ വന്ന കാരണത്താൽ വളരെ പെട്ടെന്നാണ് നിങ്ങളുടെ ദിശ ഈ ഭാഗത്തേക്ക് തിരിഞ്ഞതെന്ന് അവർ പറയാനും തുടങ്ങിയിരിക്കുന്നു. അതിനാൽ നിങ്ങളുടെ മാതൃക മുമ്പത്തേതിനെക്കാളുപരി കാണിക്കേണ്ടതായി വരും. അവരുടെമേൽ നല്ല സ്വാധീനം ചെലുത്തേണ്ടതായി വരും. നമ്മുടെ ഒച്ചയും ബഹളവും കാരണത്താൽ ട്രാഫിക് സിസ്റ്റം നല്ല നിലയിൽ നടക്കാത്ത കാരണത്താൽ അല്ലെങ്കിൽ മറ്റെന്തങ്കിലും കാരണത്താൽ അയൽവാസികൾക്ക് ബുദ്ധിമുട്ടുണ്ടാകുകയാണെങ്കിൽ നമ്മൾ തദ്ദേശവാസികൾക്ക് തെറ്റായ സന്ദേശം നല്കുകയായിരിക്കും ചെയ്യുന്നത്. നമ്മുടെ കർമം കൊണ്ട് ഇസ്‌ലാമിന്റെ ശരിയായ സന്ദേശം കൊ

ടുക്കുന്നവരല്ലെങ്കിൽ അല്ലാഹു നല്കിയിട്ടുള്ള അനുഗ്രഹത്തിന് നമ്മുടെ നന്ദി വെറും പറച്ചിൽ മാത്രമായിരിക്കും. അല്ലാഹുവിനോടുള്ള നന്ദി ആവശ്യപ്പെടുന്നത് നമ്മുടെ വാക്കും പ്രവൃത്തിയും നമ്മുടെ അധ്യാപനവും നമ്മുടെ കർമവും പരസ്പരം യോജിച്ചിരിക്കണമെന്നാണ്. അല്ലാതെ പറയുന്നതൊന്നും ചെയ്യുന്നത് മറ്റൊന്നുമാകരുത്.

അല്ലാഹു വിശുദ്ധ ഖുർആനിൽ നമുക്ക് മസ്ജിദുകളെ സംബന്ധിച്ചും ഉപദേശങ്ങൾ നല്കിയിരിക്കുന്നു. ഞാൻ പാരായണം ചെയ്ത വചനത്തിലും സുപ്രധാനമായ കാര്യങ്ങളാണ് നമ്മളോടു പറഞ്ഞിട്ടുള്ളത്. അക്കാര്യങ്ങൾ നമ്മൾ ശ്രദ്ധിക്കുകയാണെങ്കിൽ അല്ലാഹുവിനോടുള്ള ആരാധനയോടുള്ള കടമ നിറവേറ്റുന്നതോടൊപ്പം അവന്റെ സൃഷ്ടികളോടുള്ള കടമയും നിറവേറ്റുന്നവരായിത്തീരുന്നതാണ്. ഈ വചനങ്ങളിൽ, നിങ്ങൾ അല്ലാഹുവിന്റെ പ്രീതി ആഗ്രിക്കുന്നുവെങ്കിൽ നിങ്ങളുടെ ഈമാനെ, നിങ്ങളുടെ ദീനിനെ നിങ്ങൾ അല്ലാഹുവിനുവേണ്ടി മാത്രമാക്കുകയെന്ന് അവൻ മുഅ്മിനീംകളോടു, മുസ്‌ലീംകളോടു വ്യക്തമായ നിലയിൽ പറയുന്നു. ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് അഭിവൃദ്ധി ഉണ്ടാകുകയില്ലെന്നു മാത്രമല്ല നിങ്ങൾ വഴികേടിന്റെ ഗർത്തങ്ങളിൽ പതിക്കുന്നതുമായിരിക്കും. എന്തായലും മസ്ജിദിന്റെ ഉദ്ദേശ്യം പൂർത്തിയാക്കേണ്ടതായിവരും. അപ്പോഴാണ് അല്ലാഹുവിന്റെ ഇനാം ലഭിക്കുക. അല്ലാഹുവിനുവേണ്ടി മാത്രം നിങ്ങൾ ആരാധനാകർമങ്ങൾ നിർവഹിക്കേണ്ടതായിവരും. അപ്പോഴായിരിക്കും നിങ്ങൾ അല്ലാഹുവിന്റെ പാരിതോഷികങ്ങളുടെ അനന്തരാവകാശികളായിത്തീരുന്നത്. ഭൗതികമായ ചിന്താഗതികളിൽനിന്നും അവയ്ക്കു മുൻഗണന നല്കുന്നതിൽനിന്നും നിങ്ങളുടെ ബുദ്ധി പരിശുദ്ധമാക്കി വെക്കേണ്ടിവരും. അപ്പോഴായിരിക്കും അല്ലാഹുവിന്റെ കൃപാവരം നിങ്ങളിൽ ഇറങ്ങുന്നത്. ഇങ്ങനെ നിത്യവും അഞ്ചുപ്രാവശ്യം ശ്രമിക്കുമ്പോൾ അല്ലാഹുവിനുവേണ്ടി മാത്രം ദീനിനെ ഉൾക്കൊള്ളുന്നവരാകും.

നിങ്ങളുടെ ആത്മാവിന്റെ ശുദ്ധീകരണത്തിനുള്ള ഏർപാടും ചെയ്യുക എന്ന് അല്ലാഹു നമ്മളോടു പറയുന്നു. ഈ ശുദ്ധീകരണം അല്ലാഹുവിന്റെ ദീനിനെ ശുദ്ധീകരിക്കുന്നതിലൂടെ മാത്രമെ നടക്കുകയുള്ളൂ. തങ്ങളുടെ സന്മാർഗത്തിനുള്ള സൗകര്യം ഒരുക്കാൻ ശ്രമിക്കാത്തവർ, അല്ലാഹുവിന്റെ ദീനിനെ കളങ്കരഹിതമാക്കത്തവർ വഴികേടിന്റെ ഗർത്തത്തിൽ ചെന്നു പതിക്കുന്നു. ഇവർ അല്ലാഹുവിന്റെ അഭയം കരസ്ഥമാക്കുന്നതിനുപകരം ശയ്ത്വാനെ തങ്ങളുടെ കൂട്ടുകാരാക്കിയവരാണ്. എന്നിട്ട് തങ്ങളുടെ കർമങ്ങൾ അല്ലാഹുവിന്റെ തൃപ്തിക്കു അനുഗുണമാണെന്ന് ധരിക്കുകയും ചെയ്യുന്നു. അല്ലാഹുവിൽനിന്ന് അയക്കപ്പെട്ട ആളെ നിഷേധിക്കുന്നവരുടെ അവസ്ഥ ഇതാണ്. ആകാശത്തിൻ കീഴിൽ നികൃഷ്ടരായ ഇക്കാലത്തെ ഉലമായെ നമ്മൾ കാണുന്നു. ഇതാണ് നമ്മുടെ എതിരാളികളുടെ അവസ്ഥ. തങ്ങളോടൊപ്പം പൊതുജനങ്ങളേയും ഇവർ വഴികേടിലാക്കുന്നു. തങ്ങളെക്കാൾ കൂടുതൽ ഇസ്‌ലാമികമായി ജീവിക്കുന്നവർ ആരുമില്ലെന്ന് അവർ ഊറ്റം കൊള്ളുന്നു. തങ്ങളുടെ ഉദ്ദേശ്യം നേടുന്നതിനുവേണ്ടി ഏതുമാർഗവും ചതിയും വഞ്ചനയും സ്വീകരിക്കുന്നു. ഭരണകൂടങ്ങളും അവരെ ഭയന്നുകൊണ്ടിരിക്കുന്നു. ഈയിടെയായി പാക്കിസ്താനിൽ, കറാച്ചിയിൽ ശക്തമായ എതിർപാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നമ്മൾ നമ്മുടെ മിനാരങ്ങൾ തകർക്കാൻ അവരുടെ ഭരണകൂടവും നമ്മളോടു പറയുന്നു. മസ്ജിദുകളുടെ മിനാരങ്ങൾ പണ്ടേയുള്ളതാണ്. ഇതിപ്പോൾ ഒരുപാടു വട്ടം പറഞ്ഞു. ഇതെല്ലാം പണ്ടേയുള്ളതാണ്. അമ്പത് അറുപത് വർഷം പഴക്കമുള്ള മസ്ജിദുകളാണ്. പക്ഷേ, അവർക്ക് അത് മനസ്സിലാകുന്നില്ല. മൗലവിമാരെ വല്ലാതെ ഭയക്കുകയാണ്. ജമാഅത്തംഗങ്ങളുടെമേൽ അക്രമവും ദ്രോഹവും ഇവർ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ ചീത്ത പറയുന്നതിൽ അതിർ കടന്നുകൊണ്ടിരിക്കുന്നു. അത്തരക്കാരെ കുറിച്ചാണ് വഴികേട് അവരിൽ നിർബന്ധമായി കഴിഞ്ഞിരിക്കുന്നുവെന്ന് അല്ലാഹു പറയുന്നത്. അവസാന കാലത്ത് മസ്ജിദുകൾ ബാഹ്യത്തിൽ ജനനിബിഢമായി കാണുമെങ്കിലും അവയിൽ ഹിദായത്തുണ്ടാകുകയില്ലെന്ന് നബി(സ)തിരുമേനി പറഞ്ഞവരിൽപെട്ടവരാണ് അവരുടെ പിന്നിൽ പ്രവർത്തിക്കുന്ന നാമമാത്ര ഉലമാ. അത് നമുക്കവിടെ കാണാനും കഴിയുന്നുണ്ട്. അവരിൽനിന്ന് ഫിത്ന പുറപ്പെടും അവരിലേക്കുതന്നെ അത് മടങ്ങുകയും ചെയ്യും. അവർ ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുന്നവരായിരിക്കും. ആകാശത്തിൻകീഴിൽ നികൃഷ്ട ജീവികളായിരിക്കും എന്നൊക്കെ നബി(സ) തിരുമേനി പറയുകയുണ്ടായി. (ശഅ്ബുൽ ഈമാൻ ലിൽബയ്ഹഖി, വാല്യം 3, പേജ് 317-318, ഹദീഥ് 1763 പ്രസാധകർ മക്തബത്തുർറുശ്ദ് ബേറൂത്ത് 20013)

ഇത്തരം ഘട്ടങ്ങളിൽ നമ്മുടെ ഉത്തരവാദിത്വം കൂടുന്നു. നമ്മുടെ ആരാധനകളെ കളങ്കരഹിതമാക്കുക. ലോകത്തിന് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം പറഞ്ഞുകൊടക്കുക. നമുക്കുവേണ്ടി നമ്മുടെ ശ്രമത്തെക്കാൾ കൂടുതൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തെ പ്രചരപ്പിക്കുന്നതിന് അല്ലാഹു വഴികൾ തുറക്കുന്നു. ഈ കേന്ദ്രവും അവയിലൊന്നാണ്. അതിനാൽ നമുക്ക് നമ്മുടെ ഉത്തരവാദിത്വം മനസ്സിലാക്കേണ്ടതുണ്ട്. നമ്മുടെ വ്യക്തിപരമായ പരിശ്രമമായാലും ജമാഅത്തുപരമായ പരിശ്രമമായാലും ഇതൊരിക്കലും പൂർണമാകുകയില്ല. അല്ലാഹുവിന്റെ കൃപാവരമൊന്നുമാത്രമാണ് ഈ മസ്ജിദ്. ഈ റമളാന്റെ ദിനങ്ങളിൽ ആത്മാവിന്റെ ഉന്നമനത്തിന് അല്ലാഹു സൗകര്യം ഒരുക്കിത്തന്നിരിക്കുമ്പോൾ നമ്മുടെ ദീനിനെ മുമ്പത്തേതിനെക്കാൾ കൂടതുൽ അല്ലാഹുവിനുവേണ്ടി കളങ്കരഹിതമക്കാൻ ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)അല്ലാഹുവിനുവേണ്ടി നമ്മുടെ ദീനിനെ കളങ്കമറ്റതാക്കാൻ നമുക്ക് മാർഗദർശനം നല്കിയിരിക്കുന്നു. ഇതു സംബന്ധമായി അവിടന്ന് ഒരിക്കൽ പറഞ്ഞു:

"വിശുദ്ധ ഖുർആനിൽ എഴുതിയിരിക്കുന്നു. *ഉദ്ഊഹു മുഖ്‌ലിസീന ലഹുദ്ദീൻ* ആത്മാർഥമായി അല്ലാഹുവിനെ സ്മരിക്കേണ്ടതാണ്. അവന്റെ ഔദാര്യങ്ങൾ ധാരാളമായി വായിക്കേണ്ടതാണ്. ആത്മാർഥത ഉണ്ടാകേണ്ടതാണ്. പുണ്യകർമം ഉണ്ടാകേണ്ടതാണ്. അവൻതന്നെയാണ് രക്ഷാധികാരിയെന്നും സർവശക്തനെന്നുമുള്ള രീതിയിൽ അവനിലേക്ക് മടങ്ങേണ്ടതാണ്." അവിടന്ന് പറഞ്ഞു: "ആരാധനയുടെ നിയമത്തിന്റെ സംക്ഷിപ്തം യഥാർഥത്തിൽ സ്വയം അല്ലാഹുവിനെ കാണുന്നുവെന്ന നിലയിൽ അല്ലെങ്കിൽ അല്ലാഹു തന്നെ കാണുന്നുവെന്ന നിലയിൽ അവന്റെ മുമ്പിൽ നിറുത്തുക എന്നതാണ്. എല്ലാത്തരത്തിലുള്ള കലർപുകളിൽനിന്നും എല്ലാ വിധത്തിലുള്ള അന്യാരാധനകളിൽനിന്നും പരിശുദ്ധനാകുക. അവന്റെ മഹത്ത്വവും അവന്റെ പരിപാലനത്വവും ഓർക്കുക." അവിടന്ന് പറഞ്ഞു:"സുന്നത്താക്കപ്പെട്ട ദുആകളും മറ്റു ദുആകളും ഒരുപാട് ചെയ്യുക. ധാരാളമായി തൗബയും ഇസ്തിഗ്ഫാറും ചെയ്യുക. ആത്മസംസ്കരണം നടക്കാനും അല്ലാഹുവിനോടു യഥാർഥ ബന്ധം ഉണ്ടാകാനും അവനോടുള്ള സ്നേഹത്തിൽ അലിഞ്ഞു ചേരാനും ആവർത്തിച്ചാവർത്തിച്ച് സ്വന്തം ബലഹീനത പ്രകടിപ്പക്കുക." (മൽഫൂദാത്ത് വാല്യം 9, പേജ് 451)

അങ്ങനെ അല്ലാഹുവിനുവേണ്ടി ദീൻ കളങ്കമറ്റതാകുമ്പോൾ ആരാധന ആത്മാർഥമാകുമ്പോൾ ആത്മസംസ്കരണവും നടക്കുന്നതായിരിക്കും. സ്വന്തം ആത്മാവിനെ പരിശുദ്ധമാക്കാനുള്ള അവസരവും ലഭിക്കുന്നതായിരിക്കും. അല്ലാഹുവിനോടുള്ള ആരാധനയുടെ കടമയും നിറവേറ്റപ്പെടും. അല്ലാഹുവിന്റെ കല്പന അനുസരിച്ച് മനുഷ്യരോടുള്ള കടമ നിർവഹിക്കാൻ ശ്രമിക്കുന്നതായിരിക്കും. ആരോ സോഷ്യൽ മീഡിയായിൽ ഒരു വീഡിയോ കാണിക്കുകയുണ്ടായി. നോമ്പു തുറക്കുന്ന നേരത്ത് വലിയ സംവിധാനത്തോടുകൂടി മുസ്‌ലിമീംകൾ ഒരിടത്തു സംഘടിച്ചു. ഏതോ കാര്യത്തിൽ, ഭക്ഷണത്തിന്റെ കാര്യത്തിലാണെന്ന് തോന്നുന്നു, ആദ്യമെതന്നെ ചീത്തവിളിക്കാൻ തുടങ്ങി. അതിനുശേഷം അടിപിടി ആരംഭിച്ചു. പരസ്പരം മുഷ്ടി ചുരുട്ടി ഇടിക്കുകയായിരുന്നു. വഴക്കിടുകയായിരുന്നു. അടിയും തൊഴിയും ചവിട്ടുമൊക്കെ അരങ്ങേറി. ഭക്ഷണം അവിടവിടെ ചിതറിക്കിടന്നു. ചിലർ അങ്ങോട്ടോടുന്നു. ചിലർ ഇങ്ങോട്ടോടുന്നു. മുതിർന്നവരെ ബഹുമാനിക്കുന്നില്ല. ചെറിയവരെ പരിഗണിക്കുന്നില്ല. പരസ്പരം അടിയോടടി. നോമ്പിന്റെ അവസ്ഥയിലാണിത്. അവരുടെ സമ്പ്രദായമനുസരിച്ച് നീളക്കുപ്പായം അണിഞ്ഞുകൊണ്ടു വന്നിട്ടാണ് ആ കലഹം. നിങ്ങൾ നോമ്പുപിടിച്ചാൽ തെറ്റായ ഒരു കാര്യവും പറയരുതെന്നാണ് അല്ലാഹു പറയുന്നത്. വഴക്കിടാൻ വരുന്നവരോടും താൻ നോമ്പുകാരനാണെന്ന് പറഞ്ഞ് രക്ഷപ്പെടാനാണ് കല്പന. നോമ്പിന് താൻതന്നെയാണ് പ്രതിഫലമെന്ന് അല്ലാഹു പറഞ്ഞു. ഇത്തരത്തിലുള്ള നോമ്പുകാർക്കാണോ അല്ലാഹു പ്രതിഫലമായി മറുന്നത്! അല്ലാഹുവിന്റെ തൃപ്തിക്കു പാത്രമായവർ ഇക്കൂട്ടരാണോ? നോമ്പു മുഖേന അവർക്കുണ്ടാകുന്ന ആത്മസംസ്കരണം ഇതാണോ? ആഗതനാകുന്ന ഇമാമിനെ വിശ്വസിക്കേണ്ടത് എത്രമാത്രം പ്രാധാന്യമുള്ള കാര്യമാണെന്നും ഇതിൽനിന്ന് വ്യക്തമാകുന്നുണ്ട്. മുസ്‌ലിമീംകളുടെ സംസ്കരണത്തിന് കാലത്തിന്റെ ഇമാം വരേണ്ടത് എത്രമാത്രം ആവശ്യമാണ്? അദ്ദേഹം വന്നപ്പോൾ അദ്ദേഹത്തെ വിശ്വസിക്കുന്നില്ല. ഇക്കാര്യങ്ങൾ നമ്മൾ ആത്മപരിശോധനയിൽ ശ്രദ്ധിക്കണമെന്നാണ് വിളിച്ചോതുന്നത്. സ്വന്തം പരിഷ്കരണം നടത്തുക. ചെറിയ ചെറിയ കാര്യത്തിന് നമ്മുടെ ഉള്ളിലും എന്തെങ്കിലും വൈരാഗ്യമോ അസ്വസ്ഥതയോ നിലനില്ക്കുന്നെങ്കിൽ അകറ്റുക. നോമ്പിനോടുള്ള കടമ നിറവേറ്റുന്നവരാകുക. അല്ലാഹുവിനോടു ആത്മാർഥത പുലർത്തിക്കൊണ്ട് അവനെ ആരാധിക്കുന്നവരായിത്തീരുക. അവന്റെ കല്പനകളനു


## ഹദീഥുന്നബ്‌വി (സ):

*ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടരിരുന്നു.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)*

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

## അല്ലാഹുവിന്റെ കലാം:

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'(2:43)**

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

സരിച്ച് കർമങ്ങൾ ചെയ്യുന്നവരാകുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ പറഞ്ഞു: “ഇസ്‌ലാം ഏതൊന്നിന്റെ പേരാണോ അതിൽ ഇക്കാലത്ത് വ്യത്യാസം വന്നിരിക്കുന്നു. നിന്ദ്യമായ എല്ലാ കാര്യങ്ങൾകൊണ്ടും അതു നിറഞ്ഞിരിക്കുകയാണ്.” അതായത് തെറ്റായതും വ്യർഥമായതുമായ കാര്യങ്ങളും ദുസ്വഭാവങ്ങളും തിന്മകളും ധാരാളമായി നിറഞ്ഞിരിക്കുന്നു. അവിടന്ന് പറയുന്നു: “മുഖ്‌ലിസീന ലഹുദ്ദീനിൽ പറയപ്പെട്ട അല്ലഹുവിനോടുള്ള കീഴ്‌വണക്കം ആകാശത്തിൽ ഉയർന്നുപോയി.” അതായത് അതിന്റെ അസ്തിത്വംതന്നെ കാണാൻ കഴിയുന്നില്ല. “അല്ലാഹുവിനോടു കാണിക്കേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം, അല്ലാഹുവിലുള്ള സമർപണം തുടങ്ങിയവ എല്ലാം ഇല്ലാതായിരിക്കുന്നു.” അവിടന്ന് പറയുന്നു:‘ആ ശക്തികളെയെല്ലാം പുതുതായി ജീവിപ്പിക്കാൻ അല്ലാഹു ഇപ്പോൾ ആഗ്രഹിക്കുന്നു.’(മൽഫൂദാത്ത് വാള്യം 6, പേജ് 352)

വീണ്ടും അവിടന്ന് പറയുന്നു: “ഇക്കാലഘട്ടത്തിൽ ഇപ്പോൾ പ്രദർശനപരത, ഡംഭ്, സ്വാർഥത, അഹങ്കാരം, പൊങ്ങച്ചം, അഹന്ത തുടങ്ങി എല്ലാ മോശമായ ഗുണങ്ങളും അങ്ങേയറ്റം വർധിച്ചിരിക്കുകയാണ്.” ഈ തിന്മകളെല്ലാം അതിരില്ലാതെ വർധിച്ചിരിക്കുകയാണ്. “മുഖ്‌ലിസീന ലഹുദ്ദീ ൻ തുടങ്ങിയ സൽഗുണങ്ങൾ ആകാശത്തിൽ ഉയർന്നുപോയി.” അവിടന്ന് പറയുന്നു: ‘അല്ലാഹുവിനെ ഭരമേല്പിക്കൽ(തവക്കുൽ) തുടങ്ങിയ എല്ലാ കാര്യങ്ങളും ഇല്ലാതായിപ്പോയി.’ അല്ലാഹുവിൽ ഭരമേല്പിക്കലുമില്ല. മുഅ്മിൻ അല്ലാഹുവിനെ ഏല്പിച്ചുവിടുന്ന കാര്യങ്ങളുടെ ഒരുരൂപവും മുഅ്മിനെന്ന് പറയുന്ന ആരിലും കാണുന്നില്ല. ബാഹ്യമായി so called മുഅ്മിനാണ്. നാമമാത്ര മുഅ്മിനാണ്. നിസാരകാര്യങ്ങളിൽ തമ്മിലടിക്കുന്നു. സൽസ്വഭാവങ്ങൾ തികച്ചും നഷ്ടപ്പെട്ടുപോയിരിക്കുന്നു. അവിടന്ന് പറയുന്നു:‘അവയുടെ വിത്തുവിത ഇപ്പോൾ ഉണ്ടാകണമെന്ന് അല്ലാഹു തീരുമാനിച്ചിരിക്കുന്നു.’(അൽ ബദ്ർ, വാള്യം 3, നമ്പർ 10, 1904 മാർച്ച് 8, പേജ് 3)

ആ ക്ഷമതകളെയെല്ലാം ജീവിപ്പിക്കുക എന്നത് അല്ലാഹുവിന്റെ തീരുമാനമാണ്. അതിന്റെ വിത്ത് വിതയ്ക്കണമെന്ന് അല്ലാഹു തീരുമാനിച്ചരിക്കുന്നു. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന നടന്നു കഴിഞ്ഞിരിക്കുന്നു. ഇനി ആ വിത്തുകൾ മുഖേന ഉണ്ടായ ചെടികളും ശാഖകളുമാകേണ്ടത് നമ്മളാണ്. ആരാധനകൾ അല്ലാഹുവിനുവേണ്ടി മാത്രം നിർവഹിക്കുമ്പോഴാണ് നമുക്ക് അത് ചെയ്യാൻ കഴിയുന്നത്. മറ്റുള്ളവരുടെ ദൗർബല്യങ്ങൾ കണ്ടുകൊണ്ട് സ്വന്തം പരിഷ്കരണം നടത്താൻ ശ്രമിക്കുക. എല്ലാത്തിന്റേയും മേൽഅല്ലാഹുവിന്റെ തൃപ്തി വലയം ചെയ്യുമാറാകട്ടെ. ഒരു അവസരത്തിൽ പറഞ്ഞു; കർമങ്ങൾക്ക് ആത്മാർഥത നിബന്ധനയാണ്. (മൽഫൂസാത്ത് വാള്യം 8, പേജ് 354)

ആത്മാർഥതയില്ലാത്ത കർമമാണെങ്കിൽ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ആവേശമില്ലെങ്കിൽ ആ കർമം പാഴാണ്. നമസ്കാരങ്ങളും പാഴാണ്. ആരാധനകളിൽ ആത്മാർഥതയില്ലെങ്കിൽ അവയ്ക്ക് ഒരു ഫലവുമില്ല എന്നത് നമുക്ക് ഒരു മുന്നറിയിപ്പാണ്. മറ്റൊരു അവസരത്തിൽ പറഞ്ഞു;

വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ മനുഷ്യന്റെ ശാരീരികാവസ്ഥകൾക്കു അവന്റെ ധാർമികവും ആത്മീയവുമായ അവസ്ഥകളുമായി അങ്ങേയറ്റം ശക്തമായ ബന്ധങ്ങളാണുള്ളത്. എത്രത്തോളമെന്നാൽ തിന്നുന്നതും കുടിക്കുന്നതുമായ മനുഷ്യന്റെ രീതികളും അവന്റെ ധാർമികവും ആത്മീയവുമായ അവസ്ഥകളെ ബാധിക്കുന്നുണ്ട്. ഞാൻ പറഞ്ഞതുപോലെ, നോമ്പു തുറക്കാൻ എല്ലാവരും കൂടിയിരിക്കുന്നതും അവിടെ സംഭവിച്ചതും ഉദാഹരണമെന്നോണം ഞാൻ പറഞ്ഞിരുന്നു. അതുതന്നെ അവരുടെ ആത്മീയാവസ്ഥയുടെ ചിത്രം കോറിയിട്ടുണ്ട്. ഇക്കാര്യങ്ങൾ പ്രകടിപ്പിക്കുന്നത് അവരുടെ ഉള്ളിൽ ആത്മീയത ഇപ്പോൾ അവസാനിച്ചിരിക്കുന്നുവെന്നാണ്. ഇക്കാര്യങ്ങൾ വീണ്ടും നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നതായിരിക്കേണ്ടതാണ്. അവിടന്ന് പറയുന്നു “ഈ ശാരീരികാവസ്ഥകൊണ്ട് ശരീഅത്തിന്റെ നിർദേശമനുസരിച്ച് പ്രവൃത്തിക്കുകയാണെങ്കിൽ ഉപ്പുഖനിയിൽ പതിച്ച് ഓരോ വസ്തുവും ഉപ്പായിത്തീരുന്നതുപോലെ ഈ എല്ലാ അവസ്ഥകളും ധാർമികാവസ്ഥയായിത്തീരുന്നതാണ്. തിന്നുകയും കുടിക്കുകയും ചെയ്യുക അടിസ്ഥാനപരമായ സദ്ഗുണങ്ങൾ, ബാലൻസ് ചെയ്ത് ഭക്ഷണം കഴിക്കുക. ഇക്കാര്യങ്ങൾ അല്ലാഹുവിന്റെ കല്പനകൾ മുന്നിൽ വെച്ചുകൊണ്ട് ചെയ്യുകയാണെങ്കിൽ, ശരീഅത്തിന്റെ നിർദേശമനുസരിച്ച് ചെയ്യുകയാണെങ്കിൽ അതുമുഖേന നിങ്ങളുടെ സ്വഭാവങ്ങളും നന്നായിത്തീരും. പറഞ്ഞു, പിന്നീട് ഈ എല്ലാ അവസ്ഥകളും ധാർമികാവസ്ഥയായിത്തീരുകയും ആത്മീയതയിൽ അഗാധമായ സ്വധീനം ചെലുത്തുകയും ചെയ്യും). ഇതിനായിട്ടാണ് വിശുദ്ധ ഖുർആൻ എല്ലാ ആരാധനാകർമങ്ങളും ആന്തരികമായ പരിശുദ്ധിയുടെ ഉദ്ദേശ്യങ്ങളും ഭക്തിവിനയാദി നമ്ര ഭാവങ്ങളുടെ ഉദ്ദേശ്യത്തിൽ ശാരീരികമായ പരിശുദ്ധികളേയും ഭൗതികമായ മര്യാദകളേയും ശാരീരികമായ രൂപാന്തരങ്ങളേയും വളരെ പരിഗണിച്ചിട്ടുള്ളത്. (ബാഹ്യമായ പരിശുദ്ധിയും നിർബന്ധമാണ്. മര്യാദകളും നിർബന്ധമാണ്. തങ്ങളെ ശരിയാക്കിവെക്കേണ്ടതും നിർബന്ധമാണ്. അപ്പോൾ മനുഷ്യന് സമാന്തരനാകാൻ കഴിയുമാറാകും)അവിടന്ന് പറയുന്നു; “ചിന്തിക്കുന്ന നേരത്ത് ഈ തത്ത്വമാണ് അങ്ങേയറ്റം ശരിയായി മനസ്സിലാക്കുന്നത്. അതായത് ശാരീരികാവയവങ്ങൾക്ക് റൂഹിന്റെമേൽ ശക്തമായ സ്വാധീനമുണ്ട്. നമ്മൾ കാണുന്നതുപോലെ, നമ്മുടെ സ്വാഭാവികമായ കർമങ്ങൾ ബാഹ്യത്തിൽ ശാരീരികമാണ്. എന്നാൽ, നമ്മുടെ ആത്മീയമായ അവസ്ഥകളിൽ തീർച്ചയായും അവയ്ക്ക് സ്വാധീനമുണ്ട്. ഉദാഹരണത്തിന് നമ്മുടെ കണ്ണുകൾ കരയാൻ തുടങ്ങുമ്പോൾ, അത് അഭിനയിക്കുകയാണെങ്കിൽ തന്നെയും ക്ഷണത്തിൽ ആ കണ്ണീരുകളുടെ ഒരു ജ്വാല ഉയർന്ന് മനസ്സിൽ ചെന്ന് പതിക്കുന്നു.” (ക്ഷണത്തിൽ മനസ്സും വേദനിക്കുന്നു.) “അപ്പോൾ മനസ്സും കണ്ണുകളെ പിൻപറ്റി ദുഃഖിതനായിത്തീരുന്നു. ഇപ്രകാരം തന്നെ നമ്മൾ അഭിനയിച്ച് ചിരിക്കാൻ തുടങ്ങുമ്പോൾ മനസ്സിലും ഒരു പ്രസന്നത ഉണ്ടാകുന്നു.”(ഒരു സന്തോഷമുണ്ടാകുന്നു.) പറഞ്ഞു: ഭൗതികമായ സുജൂദും ആത്മാവിൽ ഭക്തിവിനയാദി നമ്ര അവസ്ഥ ഉണ്ടാക്കുന്നു. ഇതിനെതിരിൽ നമ്മൾ കഴുത്തുയർത്തിയും നെഞ്ചു വിരിച്ചു നടക്കുമ്പോൾ അത് നമ്മളിൽ ഒരു തരത്തിലുള്ള അഹങ്കാരവും അഹന്തയും ഉണ്ടാക്കുന്നു. ഈ മാതൃകകളിൽ നിന്നെല്ലാം വ്യക്തമായും വെളിവാകുന്നത് ഭൗതികാവയവങ്ങൾക്ക് ആത്മീയമായ അവസ്ഥകൾക്കുമേൽ സ്വാധീനമുണ്ടെന്നാണ്.” (ഇസ്‌ലാമീ ഉസൂൽ കി ഫലാസഫി, റൂഹാനി ഖസാഇൻ വാള്യം 10 പേജ് 319,320)

മനുഷ്യന്റെ ആത്മീയാവസ്ഥ മെച്ചപ്പെടുത്തുന്നതിന് അവിടന്ന് വീണ്ടും ഇങ്ങനെയും പറഞ്ഞു: ഭൗതികമായ ഭക്ഷണവും സ്വാധീനം ചെലുത്തുന്നുണ്ട്. അതുകൊണ്ട് മിതമായ ഭക്ഷണം കഴിക്കേണ്ടതാണ്. മാംസം തിന്നുന്നവർ മാത്രം ആകാൻ പാടില്ല. പച്ചക്കറിയല്ലാതെ മറ്റൊന്നും തിന്നുകയില്ലെന്ന് തീരുമാനിക്കാനും പാടില്ല. അല്ലാഹു മനുഷ്യനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള പരിശുദ്ധ വസ്തുക്കൾ ഭക്ഷിക്കാൻ അനുവാദമുണ്ട്. ഹലാലും ത്വയ്യിബുമായ അവസ്ഥയിൽ മധ്യമനില പാലിക്കണം. അമിതത്വം പാടില്ല. ഇത് മനുഷ്യന്റെ ആത്മീയവും ധാർമികവുമായ അവസ്ഥയിലും സ്വാധീനം ചെലുത്തുന്നതായിരിക്കും.

മിതമായ ഭക്ഷണത്തിൽ മനുഷ്യന്റെ സദ്ഗുണവും മിതമായിരിക്കുന്നതാണ്. അല്ലാഹുവിനെ ആരാധിക്കുന്നതിലേക്കും ശ്രദ്ധയുണ്ടാകുന്നു. അവിടന്ന് പറഞ്ഞു, എല്ലാ കാര്യങ്ങളിലും മർഗദർശനം നല്കുന്നുവെന്നത് ഇസ്‌ലാമിന്റെ തന്നെ മനോഹാരിതയാണ്. ആരോഗ്യസംരക്ഷണത്തിന്റെ നിയമങ്ങൾ നിശ്ചയിച്ചിരിക്കുന്നുവെന്നത് ജനങ്ങളുടെ മേലുള്ള അല്ലാഹുവിന്റെ ഔദാര്യമാണ്. *കുലൂ വശ്‌റബൂ വലാ തുസ്‌രിഫൂ* എന്നുവരെ പറഞ്ഞിരിക്കുന്നു. തിന്നുകയും കുടിക്കുക ചെയ്തുകൊള്ളുക. എന്നാൽ, അമിതത്വം കാണിക്കരുത്.’ (അയ്യാമുസ്സുൽഹ്, റൂഹാനി ഖസാഇൻ വാള്യം 14 പേജ് 332)

കാരണം അതുമുഖേനയും സമനില തെറ്റുന്നു. അത് പിന്നീട് ആത്മീയമായ അവസ്ഥകളേയും ബാധിക്കുന്നു. അതുകൊണ്ടു ഒരു യഥാർഥ ആരാധകൻ അല്ലാഹുവിനുവേണ്ടി മാത്രം ആരാധന നടത്തുന്നു. അവൻ തന്റെ ആത്മീയാവസ്ഥ മെച്ചപ്പെടുത്തുന്നുവെന്ന് മാത്രമല്ല അല്ലാഹുവുമായുള്ള ബന്ധത്തിലും വളരുന്നു. എന്നല്ല തന്റെ ശാരീരികാവസ്ഥയും ശരിയാക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ ഉപയോഗവും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ചെയ്യുന്നു. ലോകത്തിലെ വസ്തുക്കളും സൗഖ്യവും ഐശ്വര്യവും അശനപാനീയങ്ങളും അവന്റെ ഉദ്ദേശ്യമായിരിക്കുകയില്ല. മറിച്ച് ജീവിതം എത്രത്തോളമുണ്ടോ അവൻ അതിൽ ഭൗതിക അനുഗ്രഹങ്ങളെ പ്രയോജനപ്പെടുത്തി അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ജീവിക്കാൻ ശ്രമിക്കുന്നു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് ശ്രമിക്കുക എന്നതായിരിക്കും അവന്റെ ഉദ്ദേശ്യം. ഇപ്രകാരം തന്നെ അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിലേക്കും ഒരു മുഅ്മിൻ ശ്രദ്ധിക്കുന്നു. ഇസ്‌ലാം മാത്രമാണ് മനുഷ്യനെ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിലേക്ക് പ്രേരിപ്പിക്കുന്നതോടൊപ്പം അവന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റാനും പറയുന്നത്. ഞാൻ പറഞ്ഞതുപോലെ ഈ കേന്ദ്രം ഉണ്ടായതിൽ അല്ലാഹുവിനോടുള്ള നന്ദി നിറവേറ്റുന്നതിന് നമ്മുടെ ആരാധനകളുടെ നിലവാരങ്ങൾ ഉയർത്തേണ്ട ആവശ്യമുള്ളതുപോലെ സ്വഭാവപരമായ നിലവാരങ്ങളേയും ഉയർത്തേണ്ട ആവശ്യമുണ്ട്. പ്രത്യേകിച്ചും ഈ പുതിയ പരിതഃസ്ഥിതിയിൽ അന്യരുടെ, അയൽവാസികളുടെ, പ്രദേശവാസികളുടെ ഒരു പുതിയരീതിയിലുള്ള ദൃഷ്ടി നമ്മുടെ മേലുണ്ടാകും. നമുക്കും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനത്തിന്റെ രീതി നമ്മുടെ വാക്കും പ്രവൃത്തിയും കൊണ്ട് നമ്മുടെ കർമം കൊണ്ട് കാണിക്കേണ്ട ആവശ്യം മുമ്പത്തേതിനേക്കാൾ അധികമാണ്. നമ്മൾ ഇക്കാര്യം മുന്നിൽ വച്ചുകൊണ്ട് ജീവിക്കുകയാണെങ്കിൽ ഇതുതന്നെ തബ്‌ലീഗിനുള്ള ഒരു വലിയ മാർഗമായിത്തീരുന്നതായിരിക്കും. ഇതു തന്നെ നമ്മെ അല്ലാഹുവിനോടു നന്ദിയുള്ളവരാക്കിക്കൊണ്ട് അവന്റെ കൃപാവരങ്ങളെ കരസ്ഥമാക്കുന്നവരാക്കിത്തീർക്കുന്നതാണ്.

ഇവിടെ ഈയൊരു കാര്യവും ഓർക്കേണ്ടതുണ്ട്. ചിലയാളുകൾ തന്റെ അയൽവാസികളോടും വെളിയിൽ കണ്ടുമുട്ടുന്നവരോടും വളരെ നല്ലവരായിരിക്കും. പക്ഷേ സ്വന്തം വീട്ടിൽ ഭാര്യയോടും മക്കളോടുമുള്ള ഇവരുടെ പെരുമാറ്റം നല്ലതായിരിക്കുകയില്ല. ഇത് ഇവരുടെ വ്യക്തിപരമായ കർമമല്ല. അല്ലാഹു അവരുടെ ബലാൽക്കാരത്തിനുള്ള പിടിത്തം അവരെക്കൊണ്ടുതന്നെ ചെയ്യിക്കും എന്ന നിലയിൽ വ്യക്തിപരവുമാണ്. എന്നാൽ, ഈ കാര്യങ്ങൾ ജമാഅത്തുപരമായ ഐക്യത്തേയും സമാധനത്തേയും സ്വാധീനിക്കും. വീട്ടിലെ അസമാധാനം കുട്ടികളെ ബാധിക്കും. കുട്ടികൾ ഭാവിയിൽ ജമാഅത്തിന്റെ ഉത്തമമായ ഭാഗം ആയിത്തീരുന്നതിനു പകരം ജമാഅത്തിൽനിന്ന് അകലുകയും ദീനിൽനിന്ന് വിട്ടു നില്ക്കുകയും ചെയ്യുന്നവരായിരിക്കും. ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്നതിൽ സ്വന്തം ദീനിനെ അല്ലാഹുവിനു വേണ്ടി മാത്രമാക്കേണ്ട ആവശ്യമുണ്ട്. സ്വന്തം വരും തലമുറയേയും സൂക്ഷിക്കേണ്ടതുണ്ട്. മുകളിൽ പ

രഞ്ഞതുപോലുള്ള പ്രവൃത്തിയാണെങ്കിൽ കുട്ടികൾ നശിച്ചുപോകും. ഇതിനുവേണ്ടിയും നമ്മൾ പരിശ്രമിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇതു ജമാഅത്തുപരമായ വസ്തുതയാണ്. കാരണം തന്റെ പിതാവ് ബാഹ്യത്തിൽ വലിയ മതനിഷ്ഠയുള്ളയാളാണെന്നും ജമാഅത്തിൽ വലിയ നല്ല ആളാണെന്ന് മനസ്സിലാക്കപ്പെടുന്നുവെന്നുകൂടി കാണുന്നു. പക്ഷേ, വീട്ടിൽ അയാളുടെ പെരുമാറ്റം തികച്ചും വിഭിന്നമാണ്. ആ പ്രതികരണം പിന്നീട് തലമുറയേയും നശിപ്പിക്കുന്നതായിരിക്കും. പിന്നീട് വഴക്കുകൾ കാരണത്താൽ വീട്ടുകാരുടേയും ഭർത്താവിന്റെ വീട്ടുകാരുടേയും ഇടയിൽ വൈരാഗ്യം കൂടാൻ തുടങ്ങും അങ്ങനെ സമൂഹത്തിന്റെ സമാധാനം നശിക്കുന്നു. ഇത്തരം കാര്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന വീടുകൾ തങ്ങളുടെ വീടുകളിൽ ശാന്തിയും സമാധാനവും നിലനിറുത്താൻ ശ്രമിക്കേണ്ടതാണ്. എന്നല്ല, താൻ ഇതു ചെയ്യുമെന്ന് തീരുമാനിക്കേണ്ടതാണ്. അല്ലാഹു നമ്മെ ജമാഅത്തുപരമായി ചേർത്തുകൊണ്ട് കൃപയും ഔദാര്യവും ചെയ്തിരിക്കുന്നു. അവനോടുള്ള നന്ദി എന്ന നിലയിൽ നമ്മൾ നമ്മുടെ അവസ്ഥകളെ അല്ലാഹുവിന് മാത്രം സമർപ്പിച്ചുകൊണ്ട്, അവന്റെ കല്പനകളനുസരിച്ചുകൊണ്ട് വാർത്തെടുക്കാൻ ശ്രമിക്കുക.

ഇതുപോലെതന്നെ ഏതൊരു സ്ത്രീകളിലാണോ നിസാര കാര്യങ്ങളിൽ ദ്വേഷം അതിജയിക്കുന്നത് അവരും തങ്ങളുടെ കുട്ടികളുടെ തർബിയ്യത്തിനുവേണ്ടി തങ്ങളുടെ അവസ്ഥകൾ മാറ്റേണ്ട ആവശ്യമുണ്ട്. ഈ റമളാനെ ഇതിന്റെ അടിസ്ഥാനത്തിലും ഉൽകൃഷ്ടമാക്കുക. നമ്മുടെ വീടുകളേയും ഈ മാസത്തിന്റെ അനുഗ്രഹംകൊണ്ട് നമ്മൾ നന്നാക്കിത്തീർക്കേണ്ടതാണ്. റമളാനിൽ മസ്ജിദുകളിലേക്കും ശ്രദ്ധയുണ്ടായിട്ടുണ്ട്. തഖ്‌വയാണ് മസ്ജിദുകളുടെ യഥാർഥ സൗന്ദര്യം. അതിൽ നമ്മൾ ഉയരണം. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, തഖ്‌വയിലൂടെ നടന്നുകൊണ്ട് പ്രദർശനപരതയിൽ നിന്നും അഹങ്കാരത്തിൽ നിന്നും പൊങ്ങച്ചം തുടങ്ങിയവയിൽ നിന്നും രക്ഷപ്പെടണം. എത്രയധികം അല്ലാഹുവിന്റെ ഫള്ൽ നമ്മളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടോ അത്രയധികം നമ്മൾ ഇക്കാര്യങ്ങൾ ചിന്തിക്കേണ്ടതാണ്. നമ്മൾ എല്ലാ കാര്യത്തിലും അല്ലഹുവിന്റെ തൃപ്തിയുടെ വഴികളെ അന്വേഷിച്ചു കണ്ടെത്താൻ ശ്രമിക്കുക. അല്ലാഹു വെറുപ്പ് പ്രകടിപ്പിച്ച നമസ്കാരങ്ങളെ അവരുടെ നാശത്തിന് കാരണമാക്കിയ ആ നമസ്കാരക്കാരിൽ നമ്മൾ പെടാൻ പാടില്ല. മറിച്ച് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കിയവരിലും അവന്റെ അനുഗ്രഹങ്ങൾക്ക് അനന്തരാവകാശികളായവരിലും നമ്മൾ എണ്ണപ്പെടണം.

അല്ലാഹു നമുക്കു നൽകിയിരിക്കുന്ന ഈ മർക്കസിന്റെ യഥാർഥ ലക്ഷ്യം ദീനിന്റെ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുക എന്നതാണ്. എന്നിരുന്നാലും ഭൗതികമായ നിലയിലും ഇത് അല്ലാഹുവിന്റെ വളരെ വലിയൊരു അനുഗ്രഹമാണ്. ഈ മർക്കസ് മുഖേന അല്ലാഹു നമ്മെ ദീനീപരമായും ലൗകികമായും രണ്ടു വിധത്തിൽ അനുഗ്രഹിച്ചിരിക്കുകയാണ്. ഞാൻ മുമ്പേയും പറഞ്ഞതുപോലെ നമുക്ക് നമ്മുടെ ശ്രമംകൊണ്ട് അത് കരസ്ഥമാക്കാൻ സാധിക്കുമായിരുന്നില്ല. ഈ മർക്കസ് മുഖേന അല്ലാഹു നമ്മെ ഭൗതികവും ആത്മീയവുമായ രണ്ടു പാരിതോഷികങ്ങൾകൊണ്ട് അനുഗ്രഹിച്ചിരിക്കുകയാണ്. അതുകൊണ്ട് എല്ലാവശങ്ങളെയും മുൻനിറുത്തിക്കൊണ്ട് നമ്മൾ അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കേണ്ടതാണ്. ഒരു ഭൗതികൻ ഈ പദ്ധതികളെല്ലാം കാണുമ്പോഴും ഇതു അല്ലാഹുവിന്റെ കൃപകൊണ്ടുമാത്രമാണ് ഉണ്ടായതെന്ന് അവന് മനസ്സിലാകുമ്പോഴും ആകർഷിക്കപ്പെടാതിരിക്കുകയില്ല. ഭൗതിക ചുറ്റുപാട് തികച്ചും പരിമിതമായ ഒരു ചെറിയ ജമാഅത്തിലെ അംഗങ്ങളുടെ ത്യാഗങ്ങൾകൊണ്ടാണ് ഇതെല്ലാമുണ്ടായതെന്ന് അറിയുമ്പോൾ കൂടുതൽ അത്ഭുതപ്പെടുന്നു. ഇന്നും ദൈവം ജീവിച്ചിരിക്കുന്നുവെന്നും അവനിഷ്ടപ്പെടുന്നവരെ സഹായിക്കുന്നുവെന്നും താൻ അനുഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നവരെ അനുഗ്രഹിക്കുന്നുവെന്നും അവന് ബോധ്യമാകുന്നു. ബാഹ്യമായി ഒരു ഭൗതികന്റെമേൽ ഇത്തരത്തിലും അധ്യാപനത്തിന്റെ സ്വാധീനമുണ്ടാകാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അവൻ ജമാഅത്തിന്റെ അനുകൂലിയായിത്തീരുന്നു. നമ്മുടെ വാക്കും പ്രവൃത്തിയും മറ്റുള്ളവരിൽ സ്വാധീനമുണ്ടാക്കും വിധം ആക്കിത്തീർക്കേണ്ടത് ദൈവത്തിന്റെ അസ്തിത്വം തെളിയിച്ചുകാണിക്കുന്നതിന് നിർബന്ധമാണ്. ഇങ്ങനെ ഏതുരീതിയിൽ നമ്മൾ എടുക്കുകയാണെങ്കിലും നമ്മുടെ ശിരസ് അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ടേപോകുന്നു. കുനിയേണ്ടതുമാണ്. അവന്റെ അനുഗ്രഹത്താൽ നമുക്ക് ഒരുപ്രദേശം ജനവാസമുള്ളതാക്കാനുള്ള സൗഭാഗ്യം അവൻ നൽകി. ഒരു ചെറിയ ജനസംഖ്യയാണെങ്കിലും ഒരു മർക്കസ് എന്ന നിലയിൽ അതിന്റെ പ്രാധാന്യം വലുതാണ്. തൗഹീദിൽ നിന്നന്യവും ശിർക്കുകൊണ്ടു നിറഞ്ഞതുമായ ലോകത്തിലെ ഈ ഭൂഭാഗത്ത് ഒരു മർക്കസ് ഉണ്ടാക്കുവാനുള്ള സൗഭാഗ്യം അവൻ നൽകി. ഒരു പുതിയ പ്രതിജ്ഞയോടെ ഇവിടെ തൗഹീദിന്റെ പ്രചാരണം നടത്തുക. നബി(സ)തിരുമേനിയുടെ സത്യദാസന്റെ ദൗത്യം പൂർത്തിയാക്കുക. പിന്നീട് പ്രദേശങ്ങളും നഗരങ്ങളും അല്ലാഹുവിന്റെ തൗഹീദിന്റെ വിളംബരം നടത്തുന്നവരായിത്തീരുന്ന നാൾ വരുമാറാകണം. നബി(സ)തിരുമേനിക്കെതിരെ വായിൽവരുന്നതെന്തും പറയുന്ന ആളുകൾ തിരുമേനിയുടെ പതാകയ്ക്കു കീഴെ നിൽക്കുന്നതിൽ അഭിമാനം കൊള്ളുന്നവരായിത്തീരുകയും അദ്ദേഹത്തിനുമേൽ സ്വലാത്തു ചൊല്ലുന്നവരായിമാറുകയും വേണം. ഇതു നമ്മുടെ ചുമതലയാണ്. ഇസ്ലാമാബാദിൽ താമസിക്കുന്നവരുടേതു മാത്രമല്ല, ഇവിടെ ചുറ്റുവട്ടത്തു വന്ന് താമസിക്കുന്നവരുടേതുമാത്രമല്ല പ്രത്യുത ഈ രാജ്യത്തു താമസിക്കുന്ന ഓരോ അഹ്ദിയുടേയും എന്നല്ല ലോകത്തുള്ള ഓരോ അഹ്മദിയുടേയും ചുമതലയാണ്. അവർ ഇങ്ങനെ ശ്രമിക്കുക, അല്ലാഹുവിന്റെ തൗഹീദിന്റെ പതാക എങ്ങനെ നാട്ടണമെന്നുള്ള വഴികൾ അന്വേഷിക്കുക. നബി(സ)തിരുമേനിയുടെ കൊടിക്കീഴിൽ ലോകത്തെ എങ്ങനെയാണ് കൊണ്ടുവരേണ്ടത്. എങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യം പൂർത്തിയാക്കും. കാലത്തിന്റെ ഖലീഫയുടെ പദ്ധതികളെ പൂർത്തിയാക്കാൻ എങ്ങനെ അദ്ദേഹത്തെ സഹായിക്കാൻ കഴിയും. ദുആയിലൂടെയും പ്രവൃത്തിയിലൂടെയും എങ്ങനെയാണ് കാലത്തിന്റെ ഖലീഫയെ സഹായിക്കാൻ കഴിയുക. അല്ലാഹു റമളാൻ മാസത്തിൽ ഈ മസ്ജിദ് ഉൽഘാടനം ചെയ്യാൻ തൗഫീഖ് നല്കുകയാണ്. മുമ്പേയുള്ള ഖലീഫമാരെ കുറിച്ച് എനിക്കറിയില്ല, എന്റെ കാലത്ത് റമളാൻ മാസത്തിൽ മസ്ജിദിന്റെ ഉൽഘാടനം നടക്കുന്ന ആദ്യ അവസരമാണിത്. അതുകൊണ്ട് ഈ അനുഗൃഹീത മാസത്തിൽനിന്നും ദുആ സ്വീകരിക്കപ്പെടുന്ന ഈ മാസത്തിൽനിന്നും ശരിയായ ഫലമെടുത്തുകൊണ്ട് അഹ്മദിയ്യത്തിന്റെ പുരോഗതിക്കുവേണ്ടിയും ലോകത്തിലെ ഈ ഭൂപ്രദേശത്ത് മർക്കസ് നിർമിച്ചതിന്റെ ഉദ്ദേശ്യം പൂർത്തിയാകുന്നതിനുവണ്ടിയും ദുആ ചെയ്യുക. ഈ മർക്കസും വിപുലമായിക്കൊണ്ടുപോകാൻ വളരെയധികം ദുആ ചെയ്യുക. ഇതിനു ചുറ്റും അഹ്മദികളുടെ എണ്ണവും വ്യാപിച്ചുകൊണ്ടിരിക്കുമാറാകട്ടെ. ജനങ്ങൾ ഇസ്ലാമിനു കീഴിൽ വരുന്ന കാഴ്ചയും നമ്മൾ കാണുമാറാകട്ടെ. എതിരാളികളുടെയെല്ലാ പദ്ധതികളും ഛിന്നഭിന്നമാകുന്നതും നാം കാണുമാറാകട്ടെ. റബ്‌വയിൽ പോകുന്നതിനുള്ള മാർഗങ്ങളും തുറക്കുമാറാകട്ടെ. മസീഹിന്റെ രാജധാനി സ്ഥിതിചെയ്യുന്ന ഖാദിയാനിലേക്കുള്ള മടക്ക മാർഗങ്ങളും തുറക്കുമാറാകട്ടെ. മക്ക, മദീനയിലേക്കുള്ള മാർഗങ്ങളും നമുക്കായി തുറക്കുമാറാകട്ടെ. നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്ത്വഫാ(സ)തിരുമേനിയുടെ ദേശവും ഇസ്ലാമിന്റെ സ്ഥിരം കേന്ദ്രവുമാണത്. യഥാർഥ ഇസ്ലാം അവർക്കും ലഭിക്കുമാറാകട്ടെ. അങ്ങനെ അവർ നബി(സ)തിരുമേനിയുടെ സത്യദാസനെ സാക്ഷ്യപ്പെടുത്തുന്നവരായി മാറട്ടെ. അജ്ഞത നിമിത്തം ശത്രുത വച്ചുപുലർത്തുന്നവരുടെ കണ്ണുകൾ അല്ലാഹു തുറക്കുമാറാകട്ടെ. വെറും ശല്യം ചെയ്യുന്നതിനും സ്വാർഥ താൽപര്യങ്ങൾക്കുമായി പൊതുമുസ്‌ലിംകളുടെ ഹൃദയങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നും അദ്ദേഹത്തിന്റെ ജമാഅത്തിനുമെതിരായി വിദ്വേഷം കുത്തിനിറക്കുന്നവരെയും പിടിക്കുവാനുള്ള സംവിധാനം അല്ലാഹു ഒരുക്കട്ടെ. അങ്ങനെ മുസ്‌ലിമീംകൾ മസീഹ് മൗഊദ്(അ)ന്റെ കരങ്ങളിൽ ഒരുമിച്ചുകൂടി ഒരൊറ്റ ഉമ്മത്തായിത്തീരുകയും ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങളുടെ പ്രവർത്തന മാതൃകകളായിത്തീരുകയും ചെയ്യുമാറാകട്ടെ. അങ്ങനെ അമുസ്‌ലിം ലോകവും ഇസ്ലാമിന്റെ പതാകയ്ക്കു കീഴെ വരുമാറാകട്ടെ.

ഈ മസ്ജിദിനേയും ഇതിലെ എല്ലാ നിർമാണ പ്രവൃത്തികളേയും കുറിച്ച് അല്പം പറയട്ടെ. ഈ മസ്ജിദിലെ നമസ്കാരക്കാർക്കുള്ള ഏരിയ ഏകദോശം 314 ചതുരശ്ര മീറ്ററാണ്. അതായത് അഞ്ഞൂറോളം പേർക്ക് നമസ്കരിക്കാം. ഇതുപോലെതന്നെ ഹാളുണ്ട്. ഇതിൽ ഒരുസ്ഥലത്ത് ആയിരത്തി ഇരുന്നൂറിനടുത്തും ഒരു സ്ഥലത്ത് 110 നടുത്തും ആളുകൾക്ക് നമസ്കരിക്കാൻ കഴിയും. പിന്നീട് ഹാളിനു മുമ്പിൽ അതിന്റെ എൻട്രൻസിൽ മേൽത്തട്ടുള്ള ഒരു തുറന്ന സ്ഥലവുമുണ്ട്. അവിടേയും 300 പേർക്ക് നമസ്കരിക്കാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇവിടെ ആയിരത്തി ഇരുന്നൂറും മുന്നൂറും ഉൾപടെ മൊത്തം ആയിരത്തി അഞ്ഞൂറ് പേർക്ക് നമസ്കരിക്കാൻ സൗകര്യമുണ്ട്. വീടു നിർമിച്ചിട്ടുള്ള കാര്യവും ഞാൻ പറഞ്ഞിരുന്നു. ഓഫീസുകളും നിർമിച്ചിട്ടുണ്ട്. ഓഫീസിന്റെ മൂന്നു ബ്ലോക്കുണ്ട്. അതിൽ ഏക

( ശേഷം പേജ് 15ൽ)

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: ‘പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.’ (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**‘ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.’ (ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.

# ഖുത്ബ ജുമുഅ

അഹ്മദിയ്യാ ഖിലാഫത്ത് മുഖേന തന്നെ ലോകം ഇപ്പോൾ ഉമ്മത്തെവാഹിദ
ആയിത്തീരുന്ന ദൃശ്യവും കാണുന്നതായിരിക്കും; അതുകൂടാതെയില്ല.

അഹ്മദിയ്യാ ഖിലാഫത്തുമായി ഈ ബന്ധവും സ്നേഹവും ഇരിക്കുവോളം ഭയാവസ്ഥയും
സമാധാനാവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുന്നതായിരിക്കും. അല്ലാഹു ജനങ്ങളുടെ സൗഖ്യത്തിനുള്ള
സാഹചര്യങ്ങളും ഒരുക്കിക്കൊണ്ടിരിക്കുന്നതായിരിക്കും. ഇൻശാ അല്ലാഹ്!

ഖിലാഫത്തിന്റെ കാര്യങ്ങൾ അനുസരിച്ച് പ്രവൃത്തിക്കേണ്ടതും നിങ്ങൾക്കു നിർബന്ധമാണ്.
ഇതു അല്ലാഹുവിന്റെ കല്പനകളിൽ ഒരു കൽപനയാണ്.

സാമൂഹികവും ആത്മീയവുമായ ജീവിതം തുടർന്നുകൊണ്ടുപോകുന്നതിന്
തങ്ങളുടെ അനുസരണത്തിന്റെ നിലവാരം ഉയർത്തേണ്ടത് ഒരു മുഅ്മിന് നിർബന്ധമാണ്.

ബയ്അത്തിനുശേഷം തങ്ങളുടെ ചിന്താഗതികളെ ശരിയായ വശത്തുവെക്കേണ്ടതും
തികഞ്ഞ അനുസരണത്തിന്റെ മാതൃക കാണിക്കേണ്ടതും അങ്ങേയറ്റം നിർബന്ധമാണ്.

പൊതുവായുള്ള അനുസരണം എന്നു പറയുന്നത് അല്ലാഹുവിനോടുള്ള കടമ നിറവേറ്റുകയും
അവനെ നല്ല നിലയിൽ ആരാധിക്കുകയും ചെയ്യുക എന്നതാണ്.

അഹ്മദിയും അനഹ്മദിയും തമ്മിലുള്ളവ്യത്യാസം കാണുംവിധമുള്ള സൽസ്വഭാവമാണ് ഉണ്ടാകേണ്ടത്.

ഭൗതികമായ മോഹങ്ങളും അതിന്റെ പിന്നാലെ കൂടി ദീനിന് രണ്ടാം സ്ഥാനം നല്കുന്ന അവസ്ഥയും ശിർക്കിന്റെ അവസ്ഥയാണ്.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നതിന് നമ്മൾ ആത്മ പരിശോധന നടത്തേണ്ട ആവശ്യമുണ്ട്; നമ്മളിൽ എത്രത്തോളം അനുസരണത്തിന്റെ ബീജമുണ്ട്, എത്രത്തോളം നമ്മൾ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് ജീവിക്കുന്നു, എത്രത്തോളം നമ്മൾ നമ്മുടെ ആരാധനകൾ ഭംഗിയായി നിറവേറ്റുന്നു, എത്രത്തോളം സുന്നത്തനുസരിച്ച് ജീവിക്കാൻ ശ്രമിക്കുന്നു, നമ്മുടെ അനുസരണത്തിന്റെ നിലവാരം എത്രയാണ്!

ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നവരും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ച് ജീവിക്കുന്നവരും തങ്ങളുടെ നമസ്കാരത്തെ കാത്തുസൂക്ഷിക്കുന്നവരും ആത്മ ശുദ്ധീകരണവും ധനശുദ്ധീകരണവും നടത്തുന്നവരും അനുസരണത്തിൽ ഉന്നതനിലവാരം സ്ഥാപിക്കുന്നവരും ഇൻശാ അല്ലാഹു അല്ലാഹുവിന്റെ കൃപാവരങ്ങളുടെ അനന്തരാവകാശികളാകുന്നതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം അഹ്മദിയ്യാ ഖിലാഫത്തിന്റെ സ്ഥാപനത്തിന്റെ അനുഗൃഹീത ചർച്ച

പുതിയ കേന്ദ്രമായ ഇസ്‌ലാമാബാദിലെ മസ്ജിദ് മുബാറക്കിന്റെ തറക്കല്ലിടലിനെ സംബന്ധിച്ച് പരേതനായ ഉഥ്മാൻ ചീനീ സാഹിബിനെ കുറിച്ചുള്ള അനുസ്മരണവും ചൈനയിലും ലോകത്തെല്ലായിടത്തും അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം വ്യാപിക്കുന്നതിന് ദുആയ്ക്കുള്ള ആഹ്വാനവും

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2019 മെയ് 24/1398 ഹിജ്റത്ത് 24 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്(ടെൽഫോർഡ്, സർറെ)യു.കെ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-
اِنَّمَا كَانَ قَوْلَ الْمُؤْمِنِيْنَ اِذَا دُعُوْٓا اِلَى اللّٰهِ وَرَسُوْلِهٖ لِيَحْكُمَ بَيْنَهُمْ اَنْ يَّقُوْلُوْا سَمِعْنَا وَاَطَعْنَا ؕ وَاُولٰٓئِكَ هُمُ الْمُفْلِحُوْنَ○ وَمَنْ يُّطِعِ اللّٰهَ وَرَسُوْلَهٗ وَيَخْشَ اللّٰهَ وَيَتَّقْهِ فَاُولٰٓئِكَ هُمُ الْفَآئِزُوْنَ○ وَاَقْسَمُوْا بِاللّٰهِ جَهْدَ اَيْمَانِهِمْ لَئِنْ اَمَرْتَهُمْ لَيَخْرُجُنَّ ؕ قُلْ لَّا تُقْسِمُوْا ۚ طَاعَةٌ مَّعْرُوْفَةٌ ؕ اِنَّ اللّٰهَ خَبِيْرٌۢ بِمَا تَعْمَلُوْنَ○ قُلْ اَطِيْعُوا اللّٰهَ وَاَطِيْعُوا الرَّسُوْلَ ۚ فَاِنْ تَوَلَّوْا فَاِنَّمَا عَلَيْهِ مَا حُمِّلَ وَعَلَيْكُمْ مَّا حُمِّلْتُمْ ؕ وَاِنْ تُطِيْعُوْهُ تَهْتَدُوْا ؕ وَمَا عَلَى الرَّسُوْلِ اِلَّا الْبَلٰغُ الْمُبِيْنُ○ وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ فِى الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ ۖ وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ الَّذِى ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْۢ بَعْدِ خَوْفِهِمْ اَمْنًا ؕ يَعْبُدُوْنَنِىْ لَا يُشْرِكُوْنَ بِىْ شَيْـًٔا ؕ وَمَنْ كَفَرَ بَعْدَ ذٰلِكَ فَاُولٰٓئِكَ هُمُ الْفٰسِقُوْنَ○ وَاَقِيْمُوا الصَّلٰوةَ وَاٰتُوا الزَّكٰوةَ وَاَطِيْعُوا الرَّسُوْلَ لَعَلَّكُمْ تُرْحَمُوْنَ○ لَا تَحْسَبَنَّ الَّذِيْنَ كَفَرُوْا مُعْجِزِيْنَ فِى الْاَرْضِ ۚ وَمَاْوٰىهُمُ النَّارُ ؕ وَلَبِئْسَ الْمَصِيْرُ○ (سورة النور:52 تا 58)

ഞാൻ തിലാവത്ത് ചെയ്ത ഈ വചനങ്ങൾ അന്നൂർ എന്ന അധ്യായത്തിലേതാണ്; ആയത്ത് ഇസ്തിഖ്‌ലാഫ്.അതായത് ഖിലാഫത്ത് വ്യവസ്ഥിതി തുടരുമെന്നതിനെ കുറിച്ച് വിശ്വാസികളോടു അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള ആ ആയത്തുകൾ. ഈ വചനത്തിന്റെ മുന്നിലും ആയത്തുകളുണ്ട്, പിന്നിലും ആയത്തുകളുണ്ട്. ഈ എല്ലാ ആയത്തുകളിലും അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുന്നതിനേയും കല്പനകൾ പാലിക്കുന്നതിനേയും സംബന്ധിച്ച് നമ്മളോടു പറയുന്നു. ഇതുണ്ടായാൽ അല്ലാഹു ഖിലാഫത്താകുന്ന അനുഗ്രഹം നല്കുമെന്ന വാഗ്ദാനവും പൂർത്തീകരിക്കുന്നതാണ്. അല്ലാഹു ഭയത്തിന്റെ അവസ്ഥയെ സമാധനമാക്കി മാറ്റുന്നതും ശത്രുക്കളെ, അവരുടെ പര്യവസാനംവരെ കൊണ്ടെത്തിക്കുകയും ചെയ്യുന്നതാണ്. ഈ ആയത്തുകളുടെ അർഥം ഇപ്രകാരമാണ്:

“വിശ്വാസികൾക്കിടയിൽ (വല്ലകാര്യത്തിലും) തീരുമാനം കല്പിക്കുവാനായി അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും അവർ വിളിക്കപ്പെട്ടാൽ, തങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തു എന്നു പറയുക മാത്രമായിരിക്കും അവരുടെ മറുപടി. അവർ തന്നെയാണ് വിജയികൾ. ആരെങ്കിലും അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും അവനെ സൂക്ഷിക്കുകയും ചെയ്യുന്നതായാൽ അവർ തന്നെയാണ് വിജയികൾ. നീ അവരോട് ആജ്ഞാപിക്കുന്നതായാൽ തീർച്ചയായും തങ്ങൾ അക്കാര്യം നടപ്പിലാക്കുന്നതിന് പുറപ്പെടുന്നതാണെന്ന് അല്ലാഹുവിനെ മുൻനിറുത്തി അവർ ദൃഢപ്രതിജ്ഞ ചെയ്യുന്നു. പറയുക, നിങ്ങൾ സത്യം ചെയ്യേണ്ട, സാധാരണനിലയിൽ അറിയപ്പെട്ട അനുസരണമാണ് (ഞാൻ ആവശ്യപ്പെടുന്നത്). തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു നല്ലതുപോലെ അറിയുന്നവനാകുന്നു. പറയുക, അല്ലാഹുവിനെ അനുസരിക്കുക, അവന്റെ ദൂതനെയും അനുസരി

ക്കുക. ഇനി നിങ്ങൾ പിന്തിരിഞ്ഞുപോകുന്നതായാൽ അദ്ദേഹത്തെ ചുമതലപ്പെടുത്തിയതുമാത്രമേ അദ്ദേഹത്തിന് ബാധകമാകുകയുള്ളൂ. നിങ്ങളെ ചുമതലപ്പെടുത്തിയത് നിങ്ങൾക്കും ബാധകമാണ്. നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുന്നതായാൽ നിങ്ങൾ നേർമാർഗം പ്രാപിക്കും. വ്യക്തമായ നിലയിൽ സന്ദേശം എത്തിക്കുകയല്ലാതെ ദൈവദൂതന് വേറെ ഒരു ബാധ്യതയുമില്ല. നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്ക് മുമ്പേയുണ്ടായിരുന്നവരെ ഖലീഫമാരാക്കിയതുപോലെ അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി താൻ തൃപ്തിപെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തി കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം അവരെ സമാധാനത്തിലാക്കുകയും ചെയ്യുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. ഇതിന് ശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് കടുത്ത ധിക്കാരികൾ. നിങ്ങൾ നമസ്കാരം നിലനിറുത്തുകയും സക്കാത്ത് നല്കുകയും ദൈവദൂതനെ അനുസരിക്കുകയും ചെയ്യുക; നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി. അവിശ്വാസികൾ ഭൂമിയിൽ (നമ്മെ) പരാജയപ്പെടുത്തിക്കളയുമെന്ന് നീ ധരിക്കരുത്. അവരുടെ സങ്കേതം നരകമാണ്. അത് ഏറ്റവും മോശപ്പെട്ട സങ്കേതമാകുന്നു."

എല്ലാ കാര്യവും അല്ലാഹു വ്യക്തമായി പറഞ്ഞിരിക്കുന്നു. നിങ്ങൾ വിശ്വാസികളാണെന്നും വിശ്വാസം കൈക്കൊണ്ടവരാണെന്നും ആയിരം തവണ വാദം ഉന്നയിച്ചാലും ശരി, എല്ലാ പരീക്ഷണങ്ങളിലും എല്ലാ പ്രയാസങ്ങളിലും സ്ഥിരചിത്തരായിക്കൊണ്ട് അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകളെ ഹൃദയസാന്നിദ്ധ്യത്തോടും ദൃഢബോധത്തോടുംകൂടി നിർവഹിക്കുന്നതുവരെ നിങ്ങൾ വിജയം കരസ്ഥമാക്കുകയില്ല. അതുകൊണ്ട് യഥാർഥ വിജയവും ലക്ഷ്യവും കരസ്ഥമാക്കുന്നതിനുവേണ്ടി അല്ലാഹുവിനെയും അവന്റെ റസൂലിനെയും പരിപൂർണമായി അനുസരിക്കേണ്ടത് നിർബന്ധമാണ്. എന്റെ പ്രിയപ്പെട്ട അല്ലാഹു എന്റെ എന്തെങ്കിലും കർമംകൊണ്ട് എന്നോടു വെറുപ്പുള്ളവനാകാൻ പാടില്ല. ഇപ്രകാരം തഖ്‌വയിൽ നിലകൊള്ളേണ്ടത് നിർബന്ധമാണ്. അല്ലാഹുവിന്റെ കല്പനയാണിതെന്ന് മനസ്സിലാക്കി എല്ലാ നന്മയും ഉൾകൃഷ്ടമായ സ്വഭാവങ്ങളും ചെയ്യേണ്ടതാണ്. ഇങ്ങനെയാണെങ്കിൽ വിജയങ്ങൾ കരസ്ഥമാകും. അല്ലാഹുവിന്റെ അഭയവും ലഭ്യമാകുന്നതായിരിക്കും. ഇനി നമ്മളൊന്ന് ആത്മപരിശോധന നടത്തുന്നതായാൽ, മിക്ക അവസരത്തിലും ഉണ്ടാകേണ്ടുന്നതായ ആ അനുസരണം കരസ്ഥമാക്കുന്നില്ലെന്ന് കാണാൻസാധിക്കും. ഇനി ഏതെങ്കിലും കാര്യത്തിൽ കർമം ചെയ്യുകയാണെങ്കിൽത്തന്നെയും ഇഷ്ടത്തിനു നിരക്കാത്ത കാരണത്താൽ മര്യാദയില്ലാതെയായിരിക്കും ചെയ്യുന്നത്. ഈ ആയത്തുകളിൽ എത്രതവണയാണ് അനുസരിക്കണമെന്ന് കല്പന നല്കിയിരിക്കുന്നത്. ഇത് ഖിലാഫത്ത് നിലനില്ക്കുമെന്ന വാഗ്ദാനത്തോടൊപ്പം വന്നിരിക്കുന്ന കാര്യമാണ്. യഥാർഥത്തിൽ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റെയും കല്പനകൾ അനുസരിക്കുന്നതിന്റെ ഒരു ഭാഗം തന്നെയാണ് ഖിലാഫത്ത് വ്യവസ്ഥിതി. അതാണ് അല്ലാഹു പറയുന്നത്. അതുകൊണ്ട് ഖിലാഫത്തിൽനിന്ന് വരുന്ന കാര്യങ്ങൾ അനുസരിക്കുകയെന്നത് അല്ലാഹുവിന്റെ കല്പനകളിൽപെട്ട ഒരു കല്പനയാകുന്നു. എന്നല്ല ഒരു സാമൂഹികവും ആത്മീയവുമായ ജീവിതം തുടരുന്നതിന് അനുസരണത്തിന്റെ നിലവാരം ഉയർത്തുക എന്നത് ഒരു സത്യവിശ്വാസിക്ക് അനുപേക്ഷണീയമായ കാര്യമാണ്. നബി(സ)തിരുമേനി എത്രത്തോളം പറഞ്ഞുവെന്നാൽ, എന്നെ വല്ലവനും അനുസരിക്കുന്ന പക്ഷം അവൻ അല്ലാഹുവിനെ അനുസരിച്ചു. എന്നെ ധിക്കരിക്കുന്നവൻ തീർച്ചയായും അല്ലാഹുവിനെ ധിക്കരിച്ചു. വല്ലവനും അമീറിനെ അനുസരിച്ചാൽ എന്നെ അനുസരിച്ചു. അമീറിനെ ധിക്കരിക്കുന്നവൻ എന്നെ ധിക്കരിക്കുകയും ചെയ്തു. എന്നോടുള്ള ധിക്കാരം അല്ലാഹുവിനോടുള്ള ധിക്കാരമാണ്.(സ്വഹീഹുൽ ബുഖാരി കിതാബുൽ അഹ്കാം ഹദീഥ് 7137)

അതുകൊണ്ട് കാലത്തിന്റെ ഖലീഫയെ അനുസരിക്കുകയെന്നത് സാധാരണ ഒരു അമീറിനെ അനുസരിക്കുന്നതിനെക്കാളുപരി നിർബന്ധമാകുന്നു. മനസന്തോഷത്തോടുകൂടി സമ്പൂർണ അനുസരണത്തിന്റെ മാതൃകകൾ നമുക്ക് സ്വഹാബാക്കളുടെ ജീവിതത്തിൽ എങ്ങനെയാണ് കാണാൻ കഴിയുന്നത്, ഒരു സംഭവം പറയുകയാണ്.

'ഒരു യുദ്ധത്തിൽ യുദ്ധത്തിന്റെ നിയന്ത്രണം ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ)ന് നല്കപ്പെട്ടു. പക്ഷേ, ഹദ്റത്ത് ഉമർ(റ)ഏതോ കാരണത്താൽ അദ്ദേഹത്തെ മാറ്റി. യുദ്ധം നടന്നുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ് മാറ്റിയത്. എന്തായാലും ആ നേരത്ത് 'ഇനി ഹദ്റത്ത് അബൂ ഉബയ്ദയായിരിക്കും യുദ്ധം നിയന്ത്രിക്കുക' എന്ന കാലത്തിന്റെ ഖലീഫയുടെ കല്പന വന്നു. പക്ഷേ, ഹദ് റത്ത് ഖാലിദ് ബിൻ വലീദ് ഭംഗിയായി യുദ്ധം നി യന്ത്രിക്കുന്നുവെന്ന് കണ്ട ഹദ്റത്ത് അബൂഉബയ്ദ(റ) അദ്ദേഹത്തിൽനിന്ന് ചാർജെടുത്തില്ല. പക്ഷേ, ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) പറഞ്ഞു: താങ്കൾ എത്രയുംവേഗം എന്നിൽനിന്ന് ചാർജ് ഏറ്റെടുക്കുക. കാരണം കാലത്തിന്റെ ഖലീഫയുടെ കല്പനയാണ്. ഞാൻ ഒരുവിധ പരാതിയും കൂടാതെ അല്ലെങ്കിൽ മനസ്സിൽ ഒരുതരത്തിലുള്ള വിചാരവും കൊണ്ടുവരാതെ പൂർണ അനുസരണത്തോടുകൂടി താങ്കളുടെ കീഴിൽ താങ്കൾ പറയുന്നതുപോലെ ജോലിചെയ്യുന്നതായിരിക്കും.'(താരീഖ് ത്വബ്‌രി, വാല്യം 2, പേജ് 356–357, 13 ഹിജരി, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1987)

ഇതാണ് ഒരു മുഅ്മിനു വേണ്ടുന്ന അനസുരണത്തിന്റെ നിലവാരം. അല്ലാതെ എന്തെങ്കിലും തീരുമാനം വിരുദ്ധമായി വന്നാൽ പരാതിപ്പെടാൻ തുടങ്ങുകയല്ല വേണ്ടത്. ഒരു ഭാരവാഹിയെ നീക്കി വേറൊരാളെ നിശ്ചയിച്ചാൽ ജോലി ചെയ്യുന്നതു തന്നെ ഉപേക്ഷിക്കുന്നു. അങ്ങനെ ചെയ്യുന്നവനിൽ അനുസരണമില്ല, അല്ലാഹുവിനോടുള്ള ഭയമില്ല, തഖ്‌വാ ഇല്ല.

ചില ജമാഅത്ത് സ്വദ്റുമാർ ജൂണിൽ കാലാവധി കഴിയുന്നതിന് മുമ്പേതന്നെ തങ്ങളുടെ ജോലി ഉപേക്ഷിച്ചിരിക്കുന്നതായി എനിക്ക് അറിയാൻ കഴിഞ്ഞു. തങ്ങൾ സ്ഥിരമായി ഭാരവാഹിയായി തുടരേണ്ടവരാണെന്ന് കരുതിയാണോ അവർ ഇതുവരെ ജോലിചെയ്തിരുന്നത്? അത്തരം ചിന്തകൾ ദീനീപരമായ ജോലിയിലുള്ള വഞ്ചനയാകുന്നു. ഇത് ധിക്കാരപരമായ ചിന്തയാകുന്നു. ഇത് ഖിലാഫത്തിനോടുള്ള അനുസരണവൃത്തത്തിൽ നിന്ന് സ്വയം തന്നെ പുറത്താക്കുന്ന കാര്യമാകുന്നു. കാരണം, ഇപ്പോൾ കാലത്തിന്റെ ഖലീഫ ഈ നിയമത്തിനാണ് അനുവാദം നല്കിയിരിക്കുന്നത്. അതായത് സ്വദ്റിന്റെ ടേം കാലത്തിന്റെ ഖലീഫ ആറ് വർഷമാക്കിയതുകൊണ്ട് തങ്ങളും ഇനി പൂർണ ആത്മാർഥതയോടെ ജോലി ചെയ്യുകയില്ലെന്ന് പറയുകയാണോ? അങ്ങനെയുള്ള ആളുകൾ, തഖ്‌വയോടെ പ്രവൃത്തിക്കേണ്ടതാണ്. അല്ലാഹുവിനെ ഭയപ്പെടേണ്ടതാണ്. നബി(സ) തിരുമേനി ഒരവസരത്തിൽ, ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ശരി, കേൾക്കുകയും അനുസരിക്കുകയും ചെയ്യുമെന്ന കാര്യത്തിന് ബയ്അത്ത് വാങ്ങിയിരുന്നു. (സ്വഹീഹുൽ ബുഖാരി, കിതാബുൽ അഹ്ക്കാം, ഹദീഥ് 7199)

പിന്നീട് അവിടന്ന് പറഞ്ഞു: അല്ലാഹുവിന്റെ അനുസരണത്തിൽനിന്ന് കൈ വലിക്കുന്നവൻ ഖിയാമത്തുന്നാളിൽ ഒരു തെളിവും ഒഴിവും പറയാൻ സാധിക്കാത്ത വിധത്തിൽ അല്ലാഹുവിനെ കണ്ടുമുട്ടുന്നതായിരിക്കും. ഇനി കാലത്തിന്റെ ഇമാമിനെ ബയ്അത്ത് ചെയ്യാത്ത അവസ്ഥയിൽ ആരാണോ മരണപ്പെടുന്നത്, അവൻ ജഹാലത്തിന്റെയും വഴികേടിന്റെയും മരണം വരിച്ചിരിക്കുന്നു.(സ്വഹീഹ് മുസ്‌ലിം കിതാബുൽ ഇമാറ, ഹദീഥ് 1851)

അതുകൊണ്ട് നമ്മൾ സൗഭാഗ്യരാണ്. കാരണം, നമ്മൾ കാലത്തിന്റെ ഇമാമിൽ ബയ്അത്തു ചെയ്തതു കൊണ്ട് ജാഹലീംകളിൽപെട്ടില്ല. ഇനി ഇമാമിനെ അംഗീകരിച്ചിട്ടും നമ്മുടെ കർമങ്ങൾ ജഹാലത്ത്പരമാണെങ്കിൽ അത് കർമപരമായ നിലയിൽ ആ ബയ്അത്തിൽനിന്ന് സ്വയം തന്നെ പുറത്താക്കുന്ന സംഗതിയാകുന്നു. അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള അനുസരണത്തിൽ നിന്ന് പുറത്ത് പോകുന്ന കാര്യമാകുന്നു.

ആയതിനാൽ ബയ്അത്തിന് ശേഷവും തങ്ങളുടെ ചിന്തകൾ ശരിയായ ദിശയിലാക്കി വെക്കുകയും പരിപൂർണ അനുസരണത്തിന്റെ മാതൃക പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതു നിർബന്ധമാകുന്നു. കാലത്തിന്റെ ഇമാം തനിക്ക് ബയ്അത്തു ചെയ്യുന്നവരുടെ നിലവാരത്തെ കുറിച്ച് എന്താണ് പറഞ്ഞത്. ഒരു അവസരത്തിൽ അവിടന്ന് പറഞ്ഞു:നമ്മുടെ ജമാഅത്തിൽ പ്രവേശിക്കുന്നവർ നമ്മുടെ അധ്യാപനത്തെ തങ്ങളുടെ പ്രവർത്തനരൂപരേഖയായി നിശ്ചയിക്കുന്നവരാണ്. തങ്ങളുടെ തന്റേടവും പരിശ്രമവും അനുസരിച്ച് അവർ പ്രവർത്തിക്കുന്നു. പക്ഷേ, കേവലം പേരുവച്ചിട്ട് അധ്യാപനമനുസരിച്ച് പ്രവർത്തിക്കാത്തവർ ഓർക്കുക, അല്ലാഹു ഈ ജമാഅത്തിനെ തന്റെ ഒരു പ്രത്യേക ജമാഅത്താക്കാൻ തീരുമാനിച്ചിരിക്കുന്നു. യഥാർഥത്തിൽ ജമാഅത്തിലല്ലാത്ത ഒരാൾ കേവലം പേരു എഴുതിച്ചതുകൊണ്ട് ജമാഅത്തിലാകുകയില്ല.' അതായത് കർമപരമായ അവസ്ഥ ആ അധ്യാപനമനുസരിച്ചല്ലെങ്കിൽ കേവലം പേരു എഴുതിച്ച് ജമാഅത്തിൽ ചേരുന്ന കാര്യമാണിത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, യഥാർഥത്തിൽ എന്റെ ദൃഷ്ടിയിൽ അയാൾ ജമാഅത്തിലല്ല. അവിടന്ന് പറയുന്നു........അതുകൊണ്ട് കഴിയുന്നിടത്തോളം നിങ്ങളുടെ കർമങ്ങളെ നിങ്ങൾക്കു നല്കുന്ന അധ്യാപനമനുസരിച്ച് ചെയ്യുക.'(മൽഫൂദാത്ത് വാല്യം 4, പേജ് 439)

ആ അധ്യാപനം ഇതാകുന്നു. അവിടന്ന് പറയുന്നു: 'ഫിത്ന ഉണ്ടാകുന്ന കാര്യം പറയരുത്. ദ്രോഹം ചെയ്യരുത്. ചീത്തവിളികേട്ട് ക്ഷമ കൈക്കൊള്ളുക. ആരോടും മത്സരിക്കാതിരിക്കുക.' അതായത് വ്യർഥവും അനാവശ്യവുമായ കാര്യങ്ങളെ നേരിടാതിരിക്കുക. ഇന്നയാൾ ഇപ്പോൾ ഭാരവാഹിയായിരിക്കുന്നു, ഞാ നെന്തായാലും അനുസരിക്കുകയില്ല, എന്നെ മാറ്റിയിരിക്കുന്നു, അതുകൊണ്ട് ഞാൻ അനുസരിക്കുകയില്ല എന്നു പറഞ്ഞ് പോരടിക്കാതിരിക്കുക. ആരാണോ പോരാടുന്നത് അവനോടു നല്ലരീതിയിലും നന്മയോടും കൂടി പെരുമാറുക.' സാധാരണ അവസ്ഥകളിലും നിത്യേനയുള്ള കാര്യങ്ങളിലും വഴക്കുകളിലും ലഹളകളിലും വ്യർഥവും പാഴുമായിട്ടുള്ള കാര്യങ്ങളിൽ എന്തെങ്കിലും പോരാട്ടം ഉണ്ടായാൽത്തന്നെയും അവഗണിച്ചു കളയുക. എന്നല്ല നന്മയോടുകൂടി പെരുമാറുക. അവിടന്ന് പറഞ്ഞു, മാധുര്യമേറിയ വിവരണത്തിന്റെ ഉത്തമമായ മാതൃക കാണിക്കുക.' സൽസ്വഭാവത്തോടുകൂടി സംസാരിക്കുക. മൃദുലമായ ഭാഷ ഉപയോഗിക്കുക. അതിന്റെ നല്ല മാതൃക കാണിക്കുക. അല്ലാഹുവിന്റെ തൃപ്തി കരഗതമാകുന്നതിന് സത്യഹൃദയത്തോടെ എല്ലാ ഓരോ കല്പനയും അനുസരിക്കുക. ബയ്അത്ത് ചെയ്തതിനുശേഷം മുമ്പേയുള്ള ആളല്ല ഇപ്പോഴെന്ന് ശത്രുക്കൾ പോലും തിരിച്ചറിയുമാറാകണം. കേസുകളിൽ സത്യസാക്ഷ്യം നല്കുക. ഈ ജമാഅത്തിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർ, പൂർണ ആത്മവിശ്വാസത്തോടെ മുഴുവൻ ജീവിതത്തിലും സത്യത്തെ മുറകെ പിടിക്കേണ്ടതാണ്.'(മൽഫൂദാത്ത് വാല്യം 6 പേജ് 413)

ഞങ്ങളോടു കല്പിച്ചാൽ ഞങ്ങൾ അത് ചെയ്യും ഇത് ചെയ്യും എന്ന് പറഞ്ഞ് ആണയിടുന്നവരാണ് ഇവരെന്ന് അല്ലാഹു പറയുന്നു. എന്നാൽ, കല്പന നല്കുമ്പോഴോ? അവർ അത് പൂർണമായി നിർവഹിക്കുകയില്ല. അതുകൊണ്ട് അല്ലാഹു പറയുന്നു: നിങ്ങൾ അധികമായി സത്യം ചെയ്യാതിരിക്കുക. വലിയ വലിയ വാഗ്ദാനങ്ങൾ നല്കാതിരിക്കുക.

നിങ്ങൾ സാധാരണനിലയിലുള്ള അനുസരണം മാത്രം കാണിച്ചാൽ മതി. പൊതുവിൽ അറിയപ്പെടുന്ന അനുസരണം കാണിക്കുന്നതായാൽ നിങ്ങൾ കല്പന അംഗീകരിച്ചിരിക്കുവെന്ന് നാം മനസ്സിലാക്കുന്നതാണ്. അല്ലെങ്കിൽ അത് വെറും പൊള്ളയായ വാദങ്ങൾ മാത്രമാകുന്നു. അല്ലാഹു നിങ്ങളുടെ കർമങ്ങളെ കുറിച്ചും നല്ലത് പോലെ അറിയുന്നവനാണ്. നിങ്ങളുടെ ഹൃദയാവസ്ഥയെ കുറിച്ചും അവൻ അറിയുന്നു. അതുകൊണ്ട് പൊതുവിലുള്ള അനുസരണം എന്നാൽ, അല്ലാഹുവിനോടുള്ള കടമ പൂർത്തിയാക്കുകയും ആരാധനകൾ ഭംഗിയായി നിർവഹിക്കുകയും ചെയ്യുക എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ അതാണിപ്പോൾ ഞാൻ വിവരിച്ചത്, എല്ലാ തരത്തിലുള്ള ഫിത്നകളിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. എല്ലാവിധ ദ്രോഹങ്ങളിൽനിന്നും കലഹങ്ങളിൽനിന്നും വഴക്കുകളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുക. നിങ്ങളുടെ സ്വഭാവങ്ങൾ ഉത്തമമാക്കുക. അഹ്മദിയും അനഹ്മദിയും തമ്മിലുള്ള വ്യത്യാസം വ്യക്തമായും എടുത്തുകാണിക്കും വിധം സ്വഭാവങ്ങൾ നന്നാക്കിത്തീർക്കുക. സത്യസന്ധതയിൽ എപ്പോഴും നിലകൊള്ളുക. ചുരുക്കിപ്പറഞ്ഞാൽ എല്ലാ വിധ നന്മയും ചെയ്യേണ്ടത് നിർബന്ധമാണ്. ഇതാണ് എല്ലാ നല്ല തീരുമാനങ്ങളും അനുസരിക്കൽ. അതുതന്നെയാണ് അല്ലാഹു കല്പിച്ചിട്ടുള്ളതും. ഇക്കാര്യംതന്നെയാണ് നബി(സ)തിരുമേനി കല്പിച്ചിരിക്കുന്നതും. ഇതുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹം പ്രകടിപ്പിച്ചിട്ടുള്ളതും. തന്റെ ജമാഅത്തംഗങ്ങളോടു കല്പിച്ചിട്ടുള്ളതും. അഹ്മദിയ്യാ ഖിലാഫത്തും ഇക്കാര്യങ്ങൾ ചെയ്യാനാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. 111 വർഷം കഴിഞ്ഞു. ഖിലാഫത്തിന്റെ ഭാഗത്തുനിന്ന് ഇക്കാര്യങ്ങൾ ചെയ്യാൻ പറഞ്ഞുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ സംഘടനാപരമായ കാര്യങ്ങളിലും സമ്പൂർണമായ അനുസരണത്തിന്റെ മാതൃക കാണിക്കേണ്ടതാണ്. വെറും മതപരവും ആത്മീയപരവുമായ കാര്യങ്ങളിലല്ല; ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) കാണിച്ചതുപോലെ. ഇതു നല്ല കാര്യങ്ങളുടെ കൂട്ടത്തിൽ പെടുമോ ഇല്ലേ തുടങ്ങിയ വിവാദങ്ങളിൽപെടാതിരിക്കുക. അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതിനു വിരുദ്ധമായ വല്ല കാര്യവുമാണെങ്കിൽ അത് തീർച്ചയായും മോശപ്പെട്ട കാര്യമാണ്. അതിനാൽ കാലത്തിന്റെ ഇമാം എന്തൊന്ന് നല്ല കാര്യം പറയുന്നുവോ അത് പിൻപറ്റേണ്ടത് നിർബന്ധമാണെന്ന് മനസ്സിലാക്കുന്നുവെന്ന് നമ്മൾ പ്രതിജ്ഞ ചെയ്യുന്നതിനെ അത് നല്ലതാണോ ചീത്തയാണോ എന്ന് ഓരോരുത്തരും സ്വയം വ്യാഖ്യാനിക്കാതിരിക്കുക. യുദ്ധം നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ സൈന്യങ്ങൾ തമ്മിൽ നേർക്കുനേർ പോരാടിക്കൊണ്ടിരിക്കുമ്പോൾ, അതും ഖാലിദ് ബിൻ വലീദ് സമർഥമായി യുദ്ധം നയിച്ചുകൊണ്ടിരിക്കുന്ന നേരത്ത് മുസ്ലീംകൾക്ക് അതുകൊണ്ട് നേട്ടവും ഉണ്ടാകുന്നുണ്ടായിരുന്നു, ആ സമയത്ത് ഉമറിന്റെ കല്പന വന്നത് ഉചിതമായില്ലെന്ന് ഖാലിദ് ബിൻ വലീദ്(റ) പറഞ്ഞില്ല. മറിച്ച് അദ്ദേഹം പൂർണമായി അനുസരണം പുലർത്തിക്കൊണ്ട് അബൂഉബയ്ദായുടെ നേതൃത്വത്തിൻ കീഴിൽ ഒരു സാധാരണ പട്ടാളക്കാരനെന്ന നിലയിൽ യുദ്ധം ചെയ്യുന്നത് അനുഗ്രഹമായി മനസ്സിലാക്കി. നല്ലതും നല്ലതല്ലാത്തതുമായ കാര്യങ്ങൾ തിരഞ്ഞുനടക്കുന്നവരെ കുറിച്ചാണ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറഞ്ഞത്,

മറ്റൊരു അബദ്ധം പിണഞ്ഞിട്ടുള്ളത് നല്ലതീരുമാനവും നല്ലതല്ലാത്ത തീരുമാനവും മനസ്സിലാക്കുന്നതിലാണ്; അതായത് തങ്ങൾ നല്ലതായി കണക്കാക്കാത്ത കാര്യങ്ങൾ അനുസരിക്കുകയില്ലെന്ന്! തങ്ങൾ നല്ല തീരുമാനമായി മനസ്സിലാക്കാത്തത് അനുസരിക്കുകയില്ലെന്ന് സ്വയം തീരുമാനിക്കുന്നു. അവിടന്ന് പറഞ്ഞു, നബി(സ)തിരുമേനിയും 'മഅ്റൂഫ്'(നല്ലതീരുമാനം)എന്ന പദം ഉപയോഗിച്ചിരുന്നതായി വന്നിരിക്കുന്നു. *വലാ യഅ്സീനക്ക് ഫീ മഅ്റൂഫിൻ* എന്നു പറഞ്ഞതുപോലെ. മഅ്റൂഫായ കാര്യങ്ങളിൽ നിന്നെ ധിക്കരിക്കുകയില്ല. ഹദ്റത്ത് ഖലീഫ അവ്വൽ(റ) പറയുന്നു: അത്തരക്കാർ മുഹമ്മദു റസൂലുല്ലായുടെ ന്യൂനതകളുടെ ലിസ്റ്റുമുണ്ടാക്കിയിട്ടുണ്ടോ?' അവിടത്തെ ന്യൂനതകളുടെ അല്ലെങ്കിൽ ദൗർബല്യങ്ങളുടെ നഊദുബില്ലാഹ് ലിസ്റ്റുകൾ എന്തെങ്കിലും ഉണ്ടാക്കിയിട്ടുണ്ടോ? അതായത് അവിടത്തെ ഇന്ന കല്പന മഅ്റൂഫാണെന്നും ഇന്നത് മഅ്റൂഫ് അല്ലെന്നുമുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ? അവിടന്ന് പറയുന്നു, ഇപ്രകാരം ഹദ്റത്ത് സാഹിബ് അതായത് ഹദ്റത്ത് മസീഹ് മൗഊദും(അ) ബയ്അത്തിന്റെ നിബന്ധനകളിൽ നല്ലതീരുമാനങ്ങളെ അനുസരിക്കുമെന്ന് എഴുതിയിരിക്കുന്നു. ഇതിൽ ഒരു രഹസ്യമുണ്ട്."(ഹഖാഇഖുൽ ഫുർഖാൻ വാള്യം 4, പേജ് 75-76)

നബിയും ഖലീഫമാരും അല്ലാഹു ഉണ്ടാക്കിയിട്ടുള്ള കല്പനകളനുസരിച്ച് കല്പന പുറപ്പെടുവിക്കുന്നതിന്റെ രഹസ്യമിതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു അവസരത്തിൽ ഈ പദം ഇത്തരത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നു: ഈ നബി ബുദ്ധിക്ക് വിരുദ്ധമല്ലാത്ത കാര്യങ്ങളാണ് കല്പിക്കുന്നത്. ബുദ്ധി വിരോധിക്കുന്ന കാര്യങ്ങൾ തടയുകയും ചെയ്യുന്നു. പരിശുദ്ധ വസ്തുക്കൾ അനുവദനീയമാക്കുന്നു. അശുദ്ധമായതിന് നിഷിദ്ധമാക്കുകയും ചെയ്യുന്നു. അതിന്റെ വിശദീകരണം അല്ലാഹു നമുക്ക് വിശുദ്ധ ഖുർആനിൽ വിവരിച്ചിരിക്കുന്നു. എല്ലാ വിധിവിലക്കുകളും ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങളും തുറന്ന് വിവരിച്ചിരിക്കുന്നു. അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നവൻ മാത്രമാണ് മോക്ഷം പ്രാപിക്കുക. ഇക്കാര്യങ്ങൾ അനുസരിച്ച് കർമങ്ങൾ ചെയ്യുന്നവൻ മോക്ഷം പ്രാപിക്കും. അതുകൊണ്ട് എപ്പോഴും ഇക്കാര്യങ്ങൾ ഓർമവെക്കേണ്ടതാണ്. ഖിലാഫത്തിൽനിന്നും അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നതിന് ശരീഅത്തും സുന്നത്തുമനുസരിച്ച് കല്പനകൾ നല്കപ്പെടുന്നു. നല്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു, നിങ്ങൾ അനുസരിക്കുകയാണെങ്കിൽ സന്മാർഗം പ്രാപിക്കുന്നതാണ്. ഇല്ലെങ്കിൽ അതിൽനിന്ന് മാറി മോക്ഷത്തിന്റെ ഒരു വഴിയുമില്ല.

അല്ലാഹു വീണ്ടും പറയുന്നു: അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നവരോടും സൽക്കർമകാരികളോടും ഖിലാഫത്ത് തുടർന്നുകൊണ്ടുപോകുമെന്നുള്ള അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്. സ്വന്തം ഇബാദത്തുകളിലേക്ക് മാത്രം ശ്രദ്ധിക്കുകയും തങ്ങളുടെ ഇബാദത്തുകൾ അല്ലാഹുവിനുവേണ്ടിമാത്രമാക്കുകയും എല്ലാത്തരം ശിർക്കുകളിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുന്നവരുടേതുമാത്രമല്ല സൽകർമം. കേവലം ബാഹ്യമായ ശിർക്കല്ല. പ്രത്യുത ഭൗതികാഗ്രഹങ്ങളുടെ പിന്നാലെ കൂടി ദീനിന് രണ്ടാം സ്ഥാനം നല്കുന്ന അവസ്ഥയും ശിർക്കിന്റെ അവസ്ഥയാണ്. ഇത് വളരെ വലിയ നന്മയാണെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ, അതിനോടൊപ്പം അനുസരണം വളരെ ആവശ്യമാണ്.

അതിനാൽ ഖിലാഫത്തിന്റെ വാഗ്ദാനത്തിൽനിന്ന് അനുഗ്രഹം ശരിയായ നിലയിൽ എടുക്കണമെങ്കിൽ സ്വന്തം ഇബാദത്തുകളെ സംരക്ഷിക്കുക എന്നതു മാത്രമല്ല ആവശ്യം പ്രത്യുത ഭൗതികാഗ്രഹങ്ങളുടെ ശിർക്കിൽനിന്ന് രക്ഷപ്പെടേണ്ടതും ആവശ്യമാണ്. കാലത്തിന്റെ ഖലീഫയെ പൂർണമായും അനുസരിക്കേണ്ടതും നിർബന്ധമാണ്. ഇല്ലെങ്കിൽപ്പിന്നെ ധിക്കാരികളിൽപ്പെട്ടുപോകും. യഥാർഥത്തിൽ പിന്നീട് ബയ്അത്തിൽനിന്നുതന്നെ പുറത്തുപോകുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ. വീണ്ടും അല്ലാഹു പറയുന്നു: മുഅ്മിനീംകളുടെ ജമാഅത്ത്, ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നവരുടെ ജമാഅത്ത് നമസ്കാരങ്ങൾ നിലനിറുത്തുന്നവരുടെ ജമാഅത്താണ്. നമസ്കാരങ്ങൾ നിലനിറുത്തുന്നതിലേക്ക് ശ്രദ്ധിക്കുന്നവരുടെ ജമാഅത്താണ്. മസ്ജിദുകളെ ജനസാന്ദ്രമാക്കുന്നവരുടെ ജമാഅത്താണ്. സക്കാത്തു കൊടുക്കുന്നവരുടെ ജമാഅത്താണ്. തങ്ങളുടെ ധനം സംശുദ്ധമാക്കുന്നവരുടെ ജമാഅത്താണ്. അല്ലാഹുവിനും അവന്റെ റസൂലിനും അവന്റെ ദീനിനുംവേണ്ടി ധനത്യാഗം ചെയ്യുന്നവരുടെ ജമാഅത്താണ്. നബി(സ)തിരുമേനിയുടെ കല്പനകളും അവിടത്തെ സുന്നത്തും അനുസരിച്ച് കഴിവിന്റെ പരമാവധി കർമങ്ങൾ ചെയ്യുന്നവരുടെ ജമാഅത്താണ്. ഈ അവസ്ഥ ഉണ്ടാകുമ്പോഴാണ് അല്ലാഹു തന്റെ ദാസരുടെ മേൽ കരുണ ചൊരിയുന്നത്.

അതുകൊണ്ട് അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിന് സ്വന്തം അവസ്ഥകൾ നന്നാക്കിത്തീർക്കേണ്ട ആവശ്യമുണ്ട്. അല്ലാഹുവിന്റെ കാരുണ്യം നമ്മെ അവന്റെ റഹ്മാനിയ്യത്തിന്റേയും റഹീമിയ്യത്തിന്റേയും ചാദറിൽ പൊതിഞ്ഞെടുക്കുമ്പോൾ ശത്രുക്കളുടെ എല്ലാ വഞ്ചനകളും അവരിൽത്തന്നെ മറിച്ചിടപ്പെടുന്നതാണ്. അവർ തങ്ങളുടെ ഏറ്റവും മോശപ്പെട്ട പര്യവസാനത്തിൽ എത്തിച്ചേരുന്നതായിരിക്കും. ഇൻശാ അല്ലാഹ്! അതിനാൽ അല്ലാഹുവിന്റെ കൃപാവരങ്ങളെ ആകർഷിച്ചെടുക്കുന്നതിന് നമ്മൾ ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്; നമ്മളിൽ എത്രത്തോളം അനസുരണത്തിന്റെ ബീജമുണ്ടെന്ന്! എത്രത്തോളം നമ്മൾ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്യുന്നുണ്ടെന്ന്! നമ്മുടെ അനുസരണത്തിന്റെ നിലവാരം എത്രയുണ്ടെന്ന്! ഈ ആത്മപരിശോധന നമ്മൾ നടത്തേണ്ടതാണ്.

ഇനി ഞാൻ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)നെ ഉദ്ധരിച്ച് ചില കാര്യങ്ങൾ പറയുന്നതായിരിക്കും. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം എല്ലാവരേയും അസ്വസ്ഥരാക്കുകയും പിന്നീട് സമാധാനം പ്രദാനം ചെയ്യുകയും ചെയ്ത അവസ്ഥകളെ ജമാഅത്തിന് എങ്ങനെയാണ് നേരിടേണ്ടി വന്നതെന്ന കാര്യങ്ങൾ അദ്ദേഹം വിവിധ അവസരങ്ങളിൽ വിവരിച്ചിട്ടുള്ളതാണ്. പിന്നീട് ഖിലാഫത്തിന് ബയ്അത്തു ചെയ്യുന്നതിൽനിന്ന് പിന്മാറിക്കളഞ്ഞ ആളുകളുടെ-അവരെ പേഗാമികളെന്നും, ബയ്അത്ത് ചെയ്യാത്തവരെന്നുമാണ് പറയുന്നത്-ആദ്യ നിലപാടെന്തായിരുന്നു. പിന്നീട് ഖിലാഫത്തെ ഥാനിയായുടെ തിരഞ്ഞെടുപ്പിനു ശേഷം അവർ സ്വീകരിച്ച നിലപാടെന്തായിരുന്നു. ആദ്യവും പിന്നീടും അവരുടെ ചിന്താഗതികൾ


**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25-7-2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

എന്തായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മരണശേഷം ശത്രുക്കൾ എത്രമാത്രം സന്തോഷിച്ചിരുന്നു. പക്ഷേ, ഹദ്റത്ത് ഖലീഫ അവ്വൽ(റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതിനു ശേഷം അവരെങ്ങനെയാണ് നാണം കെട്ടത്. പിന്നീട് ഹദ്റത്ത് ഖലീഫ അവ്വലിന്റെ വഫാത്തിനുശേഷം അഹ്മദിയ്യത്തിന്റെ ശത്രുക്കൾക്ക് മറ്റൊരു പ്രതീക്ഷയുണ്ടായി;ഇനി ജമാഅത്ത് തുണ്ടം തുണ്ടമാകുമെന്ന്! പക്ഷേ, വീണ്ടും അല്ലാഹു മുഅ്മിനീംകളുടെ ജമാഅത്തിനെ എങ്ങനെയാണ് സുരക്ഷിതമാക്കിവച്ചത്. പിന്നെങ്ങനെയാണ് ഭയാവസ്ഥയെ സമാധാനാവസ്ഥയിലാക്കിയത്? ഇങ്ങനെയുള്ള ചില ചരിത്രപരമായ ഉദ്ധരണികളാണ്. അത് ചെറുപ്പക്കാർക്കും അറിവു കുറഞ്ഞവർക്കും ഈമാനിൽ ഉറപ്പുണ്ടാകുന്നതിന് ആവശ്യമാണ്. ഇതാണ് നിങ്ങളുടെ മുമ്പിൽ വെക്കാനാഗ്രഹിക്കുന്നത്. എല്ലാവർക്കും കുറച്ചെങ്കിലും ചരിത്രപരമായ അറിവുണ്ടാകുന്നതിനും അത് നിർബന്ധമാണ്.

നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷമുള്ള മുസ്‌ലിമീംകളുടെ അവസ്ഥ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിന്റെ നേരത്ത് തങ്ങളുടെ അവസ്ഥയും അതുതന്നെയായിരുന്നുവെന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു. അവിടന്ന് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിന്റെ നേരത്തും ജമാഅത്തിന്റെ മാനസികാവസ്ഥ നബി(സ)തിരുമേനിയുടെ സ്വഹാബത്തിന്റേതുതന്നെയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്താകുകയില്ലെന്ന് തന്നെയാണ് ഞങ്ങളും കരുതിയിരുന്നത്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായാൽ ജമാഅത്തിന്റെ അവസ്ഥ എന്തായിരിക്കുമെന്നുള്ള ചിന്തതന്നെ ഒരു നിമിഷംപോലും ഞങ്ങൾക്കുണ്ടായിരുന്നില്ല. അവിടന്ന് പറയുന്നു: ഞാൻ ആ നേരത്ത് കുട്ടിയായിരുന്നില്ല. പ്രത്യുത യുവത്വപ്രായം എത്തിയിരുന്നു. ഞാൻ ലേഖനങ്ങൾ എഴുതാറുണ്ടായിരുന്നു. ഞാനൊരു മാസികയുടെ പത്രാധിപരുമായിരുന്നു. എന്നാൽ, ഞാൻ സത്യംചെയ്തു പറയുന്നു, ഒരിക്കലും ഒരു മിനിറ്റ് നേരത്തേക്കെങ്കിലും എന്നല്ല നിമിഷംപോലും ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്താകുമെന്ന ചിന്ത ഉണ്ടായിട്ടേയില്ല. വാസ്തവത്തിൽ അവസാന വർഷങ്ങളിൽ നിരന്തരം വഫാത്തിനെ സംബന്ധിച്ചുള്ള ഇൽഹാമുകൾ ഉണ്ടായിക്കൊണ്ടിരുന്നതാണ്. അവസാന ദിനങ്ങളിൽ അത് അധികമായിട്ടുണ്ടായിരുന്നു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇൽഹാമുകൾ ഉണ്ടായിക്കൊണ്ടിരുന്നിട്ടും ചില ഇൽഹാമുകളിലും ജാഗ്രദർശനങ്ങളിലും അവിടന്ന് വഫാത്താകുന്ന വർഷവും തിയതി തുടങ്ങിയവയും വ്യക്തമാക്കപ്പെട്ടിട്ടും- അതു ഞങ്ങൾ അൽവസിയ്യത്തിൽ വായിക്കുകയും ചെയ്തിരുന്നു-ഞങ്ങൾ മനസ്സിലാക്കിയിരുന്നത് ഒരുപക്ഷേ ഇക്കാര്യങ്ങൾ രണ്ടു നൂറ്റാണ്ടിനുശേഷം പുലരുമെന്നാണ്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായാൽ ജമാഅത്തിന്റെ അവസ്ഥ എന്തായിരിക്കുമെന്ന ചിന്തതന്നെ ഉണ്ടായിട്ടില്ല. കാരണം ഞങ്ങളുടെ അവസ്ഥ എങ്ങനെയുള്ളതാരുന്നുവെന്നാൽ ഞങ്ങൾ മനസ്സിലാക്കിയിരുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഞങ്ങളുടെ മുമ്പിൽ മരിക്കുകയില്ലെന്ന് തന്നെയാണ്. അതുകൊണ്ട് യഥാർഥത്തിൽ അവിടന്ന് വഫാത്തായപ്പോൾ ഞങ്ങൾക്ക് അത് ഉൾക്കൊള്ളുക അസഹ്യമായിരുന്നു. അവിടന്ന് എഴുതുന്നു: എനിക്കു നല്ലവണ്ണം ഓർമയുണ്ട്,ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം അദ്ദേഹത്തെ കുളിപ്പിച്ച് കഫൻ പൊതിഞ്ഞപ്പോൾ -അത്തരം അവസ്ഥയിൽ ചിലപ്പോൾ കാറ്റ് അടിക്കുമ്പോൾ തുണി ഇളകാറുണ്ട്, ചിലപ്പോൾ മീശയും ഇളകാറുണ്ട്- (മുടിയും അനങ്ങാറുണ്ട്)അതുകണ്ട് ചില സ്നേഹിതന്മാർ ഓടിവന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായിട്ടില്ലെന്നും തങ്ങൾ അദ്ദേഹത്തിന്റെ വസ്ത്രം ഇളകുന്നതും മീശയും മുടിയും അനങ്ങുന്നത് കണ്ടുവെന്നും പറഞ്ഞു. കഫൻ അനങ്ങുന്നത് കണ്ടുവെന്നും ചിലർ പറഞ്ഞു.

അതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജനാസ ഖാദിയാനിൽ കൊണ്ടു വന്നു. അത് തോട്ടത്തിൽ ഒരു വീടിന്റെ ഉള്ളിൽ വച്ചു. എട്ടു ഒമ്പതു മണി നേരമായിട്ടുണ്ടാകും. (വഫാത്തിനുശേഷം ഞങ്ങളുടെ എല്ലാവരുടേയും അവസ്ഥ ഇതായിരുന്നുവെന്ന് വിവരിച്ചതിനുശേഷം പറയുന്നു, ജനാസ ഖാദിയാനിൽ കൊണ്ടുവന്നു. എട്ട് ഒമ്പതു മണി നേരമായിട്ടുണ്ടാകും) ഖാജ കമാലുദ്ദീൻ സാഹിബ് തോട്ടത്തിലെത്തി. എന്നെ വേറിട്ടുകൊണ്ടുപോയി പറഞ്ഞു, മിയാൻ! ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം എന്താകുമെന്ന കാര്യം വല്ലതും ചിന്തിച്ചിട്ടുണ്ടോ? എന്തെങ്കിലുമൊക്കെ ഉണ്ടാകേണ്ടതാണെന്ന് ഞാൻ പറഞ്ഞു. എന്താണുണ്ടാകേണ്ടത് എന്നതിനെ സംബന്ധിച്ച് എനിക്കൊന്നും പറയാൻ കഴിയുകയില്ല. അദ്ദേഹം പറഞ്ഞു, എന്റെ അഭിപ്രായത്തിൽ നമ്മളെല്ലാവരും ഹദ്റത്ത് മൗലവി സാഹിബിന് (ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്)ബയ്അത്തു ചെയ്യണമെന്നാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു, ആ നേരത്ത് കുറച്ച് പ്രായത്തിന്റെ അടിസ്ഥാനത്തിലും ഗ്രന്ഥപാരായണം നടത്തിയിരുന്നിട്ടുകൂടി ഹദ്റത്ത് മസീഹ് മൗഊദ്(അ)എവിടേയും അദ്ദേഹത്തിനു ശേഷം മറ്റാർക്കെങ്കിലും ബയ്അത്തു ചെയ്യണമെന്ന് എവിടേയും പറഞ്ഞിട്ടില്ലെന്ന് ഞാൻ പറഞ്ഞു. അതുകൊണ്ട് ഹദ്റത്ത് മൗലവി സാഹിബിന് നമ്മളെന്തിനു ബയ്അത്തു ചെയ്യണം? അവിടന്ന് എഴുതുന്നു, അൽവസിയ്യത്തിൽ അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ടെങ്കിലും ആ നേരത്ത് എന്റെ ചിന്ത അതിലേക്ക് പോയതുതന്നെയില്ല. തുടർന്ന് അവിടന്ന് പറയുന്നു, അദ്ദേഹം ഞാനുമായി ഇതിനെ കുറിച്ച് ചർച്ച ആരംഭിച്ചു. പറഞ്ഞു, ഈ നേരത്ത് ഒരാൾക്കു ബയ്അത്ത് ചെയ്തില്ലെങ്കിൽ നമ്മുടെ ജമാഅത്ത് നശിച്ചുപോകുന്നതായിരിക്കും. പിന്നീട് അദ്ദേഹം പറഞ്ഞു, നബി(സ)തിരുമേനിയുടെ വഫാത്തിനു ശേഷവും ഇതുതന്നെയാണുണ്ടായത്. ജനങ്ങൾ ഹദ്റത്ത് അബൂബക്കറിന് ബയ്അത്തു ചെയ്തു. (ഇതൊരു സുപ്രധാന കാര്യമാണ്. ആ നേരത്ത് ഖാജ സാഹിബ് പറയുന്നു, നബി(സ)തിരുമേനിയുടെ വഫാത്തിനു ശേഷം ജനങ്ങൾ ഹദ്റത്ത് അബൂബക്കറിന് ബയ്അത്തു ചെയ്തിരുന്നു. അദ്ദേഹത്തെ ഖലീഫയായി അംഗീകരിച്ചിരുന്നു. പിന്നീട് ഖാജ സാഹിബ് പറഞ്ഞു:) അതുകൊണ്ട് ഇപ്പോഴും നമ്മൾ ഒരാൾക്കു ബയ്അത്തു ചെയ്യേണ്ടതാണ്. ഈ സ്ഥാനത്തിന് ഹദ്റത്ത് മൗലവി സാഹിബിനെക്കാൾ ഉയർന്ന മറ്റൊരു വ്യക്തിയും ജമാഅത്തിലില്ല. പിന്നീട് ഖാജ സാഹിബ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യോടു പറഞ്ഞു: മൗലവി മുഹമ്മദ് അലി സാഹിബിന്റെ അഭിപ്രായവും ഇതുതന്നെയാണ്. മുഴുവൻ ജമാഅത്തും മൗലവി സാഹിബിന് ബയ്അത്തു ചെയ്യണമെന്നാണ് അദ്ദേഹവും പറയുന്നത്. അവിടന്ന് പറയുന്നു, അവസാനം ജമാഅത്ത് ഐകകണ്ഠ്യേന ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ സന്നിധിയിൽ അങ്ങ് ജനങ്ങളിൽനിന്ന് ബയ്അത്ത് വാങ്ങാൻ അപേക്ഷിച്ചു. അപ്പോൾ തോട്ടത്തിൽ എല്ലാ ആളുകളും സംഘടിച്ചു. അതിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഒരു പ്രസംഗം ചെയ്തു. അദ്ദേഹം പറഞ്ഞു: എനിക്ക് ഇമാമത്തിന് ഒരു ആഗ്രഹവുമില്ല. മറ്റാർക്കെങ്കിലും ബയ്അത്തു ചെയ്യണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇതുസംബന്ധമായി അവിടന്ന് ആദ്യം തന്റെ പേരാണ് പറഞ്ഞതെന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു. പിന്നീട് ഞങ്ങളുടെ മാതാമഹൻ മീർ നാസിർ നവാബ് സാഹിബിന്റെ പേര് പറഞ്ഞു. പിന്നീട് ഞങ്ങളുടെ സഹോദരി ഭർത്താവ് നവാബ് മുഹമ്മദ് അലി സാഹിബിന്റെ പേരു പറഞ്ഞു. ഇപ്രകാരം മറ്റു ചിലരുടെ പേരുകളും പറഞ്ഞു. പക്ഷേ, ഞങ്ങളെല്ലാവരും ഒറ്റക്കെട്ടായി ഈ ഖിലാഫത്ത് സ്ഥാനത്തിന് അർഹൻ അങ്ങുതന്നെയാണെന്ന് പറഞ്ഞു. അങ്ങനെ എല്ലാവരും അദ്ദേഹത്തിന് ബയ്അത്തു ചെയ്തു.'(ഖിലാഫത്തെ റാശിദ, അൻവാറുൽഉലൂം വാള്യം 15, പേജ് 489-491)

എന്നല്ല ചില നിവേദനങ്ങളനുസരിച്ച് ഖാജ സാഹിബ് ഈ വിജ്ഞാപനവും വിളംബരവും പ്രസിദ്ധീകരിപ്പിച്ചു. അതായത് അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ പറഞ്ഞതനുസരിച്ച് നമുക്ക് നമ്മുടെ ഒരു വാജിബുൽ ഇത്വാഅത്ത് ഖലീഫയെ തിരഞ്ഞെടുക്കേണ്ടതാണ്. ഇതിനുവേണ്ടി ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വലിന്റെ നാമം സമർപിക്കപ്പെട്ടു. ഇതായിരുന്നു അവരുടെ ആദ്യത്തെ ഒരു ചിന്താഗതി. അവസ്ഥകൾ കാരണത്താൽ തങ്ങളുടെ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കുന്നതിനുള്ളതായിരിക്കാം ഈ ചിന്താഗതി. അവർ ഖലീഫത്തുൽമസീഹ് അവ്വലിന് ബയ്അത്ത് എന്തായാലും ചെയ്തു. പക്ഷേ, മനസ്സിൽ ഉണ്ടായിരിക്കേണ്ടതായ അനുസരണത്തിന്റെ സത്യസന്ധമായ ആത്മാവ് അവരിലുണ്ടായിരുന്നില്ല. മനസ്സിൽ മറ്റെന്തോ ആയിരുന്നു. അതുകൊണ്ട് ഖിലാഫത്തിനുമേൽ അഞ്ചുമന് ഉയർന്ന സ്ഥാനം കൊണ്ടുവരണമെന്ന ചിന്തയായിരുന്നു മനസിലുണ്ടായിരുന്നത്. പിന്നീട് അഞ്ചുമൻ മുഖേന എല്ലാ അധികാരങ്ങളും തങ്ങളുടെ കൈയിലെടുക്കുക. ഇതും ആ നേതാക്കന്മാരുടെ ചിന്തയായിരുന്നു. അവരുടെ ഈ ഉദ്ദേശ്യം പരാമർശിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) പറയുന്നു:

ഹദ്റത്ത് ഖലീഫ അവ്വലിന് ബയ്അത്തു ചെയ്ത് 15, 20 ദിവസമേ കഴിഞ്ഞിരുന്നുള്ളു, ഒരു ദിവസം മൗലവി മുഹമ്മദ് അലി സാഹിബ് എന്നെ കണ്ടു. പറഞ്ഞു: മിയാൻ സാഹിബേ! നമ്മുടെ ജമാഅത്തിന്റെ വ്യവസ്ഥിതി എങ്ങനെ മുന്നോട്ടു പോകുമെന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഞാൻ പറഞ്ഞു: ഇപ്പോൾ അതിനെ കുറിച്ച് ചിന്തിക്കേണ്ട ആവശ്യമെന്താണ്? നമ്മൾ ഹദ്റത്ത് മൗലവി സാഹിബിന് ബയ്അത്ത് ചെയ്തിട്ടുണ്ടല്ലോ. അപ്പോൾ അദ്ദേഹം പറഞ്ഞു: അതെന്തായാലമുണ്ട്; ഗുരുത്വവും ശിഷ്യത്വവും. പ്രശ്നമതല്ല ഈ ജമാഅത്തിന്റെ വ്യവസ്ഥിതി എങ്ങനെ നടക്കും? ഞാൻ പറഞ്ഞു: എന്റെ അഭിപ്രായത്തിൽ ഈ കാര്യം ഇപ്പോൾ ചിന്താർഹമല്ല. കാരണം നമ്മൾ ഒരാൾക്ക് ബയ്അത്ത് ചെയ്തിരിക്കുന്നു. അപ്പോൾ അദ്ദേഹത്തിന് നല്ലവണ്ണം അറിയാം ജമാഅത്തിന്റെ വ്യവസ്ഥിതി എങ്ങനെയാണ് സ്ഥാപിക്കേണ്ടതെന്ന്. നമ്മൾ അതിൽ കൈകടത്തേണ്ട ആവശ്യമെന്താണ്? ഇതിൽ അദ്ദേഹം നിശബ്ദനായെങ്കിലും പറഞ്ഞു, ഇതെന്തായാലും ചിന്തിക്കേണ്ട വിഷയമാണ്.' (ഖിലാഫത്തെ റാശിദ, പേജ് 48-50, അൻവാറുൽഉലൂം വാള്യം 15 പേജ് 491)

തൃപ്തി ഉണ്ടായില്ല. ഇക്കാര്യത്തിൽനിന്ന് അക്കൂട്ടരുടെ മനസിലിരുപ്പ് മനസ്സിലാക്കാൻ കഴിയും. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന് എന്തുദ്ദേശ്യത്തോടെയാണ് ബയ്അത്ത് ചെയ്തതെന്നും മനസ്സിലാകുന്നുണ്ട്; ആത്മാർഥമായിട്ടല്ല. അതുകൊണ്ട് മനശാന്തിയും നിലനിന്നില്ല. സമാധാനവും നിലനിന്നില്ല. ഖിലാഫത്തിന് ബയ്അത്ത് ചെയ്യുന്നതോടെ സമാധാനാവസ്ഥ ഉണ്ടാക്കുമെന്ന അല്ലാഹുവിന്റെ വാഗ്ദാനനവും അവരിൽ ഉണ്ടായില്ല. സമ്പൂർണ അനുസരണത്തിന്റെ ഉള്ളിൽ ഇരിക്കാൻ അവർ ഇഷ്ടപ്പെട്ടില്ല. ഈ ആത്മീയ വ്യവസ്ഥിതിയും ഭൗതികവ്യനസ്ഥിതി പോലെ കൊണ്ടുപോകാൻ അവർ ആഗ്രഹിച്ചിരുന്നു. പിന്നീട് അതിന്റെ ഫലവും കണ്ടു; ഇപ്പോൾ അവർ പേരിനുമാത്രമായി; ഒരു പക്ഷേ, കുറച്ചു നൂറുകൾമാത്രം. എന്നല്ല യഥാർഥത്തിൽ കുറച്ചെന്നു തന്നെ പറയണം, അവർ ഉണ്ടാക്കിയ വ്യവസ്ഥിതിയനുസരിച്ച് അവരോടൊപ്പമുണ്ട്. ഖിലാഫത്തിന്റെ തണലിലുള്ള ജമാഅത്ത് അല്ലാഹുവിന്റെ കൃപയാൽ ഇപ്പോൾ ലോകത്തിലെ 212 രാജ്യത്ത് സ്ഥാപിതമായി കഴിഞ്ഞിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായ

പ്പോൾ ശത്രുക്കൾ ജമാഅത്തിന്റെ ഭാവിയെ കുറിച്ച് എന്താണ് പ്രകടിപ്പിച്ചതെന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായപ്പോൾ ഇനി ഈ ജമാഅത്ത് നശിച്ച് നാമാവശേഷമാകുമെന്ന് പൊതുവെ കരുതിയിരുന്നു. ശത്രുക്കൾ സന്തോഷവാന്മാരായിരുന്നു; ചന്ദ വരവ് ഉണ്ടാകകയില്ല. ജമാഅത്തിന്റെ അഭിവൃദ്ധി നിലയ്ക്കും. കാരണം ഹദ്റത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നുവേണ്ടിയായിരുന്നു ആളുകൾ ചന്ദ കൊടുക്കാറുണ്ടായിരുന്നത്. എന്നാൽ, ജനങ്ങൾ ഒന്നു രണ്ടു വർഷത്തിനുശേഷം കണ്ടത് ജമാഅത്ത് അംഗബലത്തിലും ശക്തമാകുന്നതാണ്. അപ്പോൾ അവർ മറ്റൊരു കാര്യമുണ്ടാക്കി; യഥാർഥത്തിൽ മൗലവി നൂറുദ്ദീൻ സാഹിബ് ജമാഅത്തിലെ ഏറ്റവും വലിയൊരു പണ്ഢിതനാണ്. ജമാഅത്തിന്റെ എല്ലാ അഭിവൃദ്ധിയും അദ്ദേഹവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. മിർസാ സാഹിബിന്റെ ജീവിതത്തിലും എല്ലാ ജോലിയും ചെയ്തിരുന്നത് മൗലവി സാഹിബ് തന്നെയായിരുന്നു; പ്രത്യക്ഷത്തിൽ മിർസാ സാഹിബിന്റെ പേര് ഉണ്ടായിരുന്നുവെന്നേയുള്ളു. എന്നല്ല ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ബാഹ്യമായ കാര്യങ്ങൾക്ക് മുൻതൂക്കം നല്കുന്ന മൗലവി എന്ന നിലയിലുള്ള പല ആളുകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തും പറഞ്ഞിരുന്നത് ഈ ജമാഅത്തിനെ നയിക്കുന്നത് മൗലവി നൂറുദ്ദീനാണെന്നായിരുന്നു. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം മൗലവി സാഹിബിന്റെ കാലഘട്ടത്തിൽ ജമാഅത്ത് കൂടുതൽ അഭിവൃദ്ധിപ്പെടുന്നതു കണ്ടപ്പോൾ മൗലവിമാരുടെ രണ്ടാമത്തെ സംഘം തങ്ങൾ പറഞ്ഞിരുന്നത് തികച്ചും മാറ്റി. മൗലവി നൂറുദ്ദീനാണ് എല്ലാ ജോലിയും ചെയ്യുന്നതെന്ന് തങ്ങൾ പറഞ്ഞിരുന്നില്ലേയെന്ന് സന്തോഷത്തോടെ പറയാൻ തുടങ്ങി. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷവും ഒരു വ്യത്യാസവുമുണ്ടായിട്ടില്ല. ഹദ്റത്ത് മൗലവി സാഹിബ് കാരണത്താൽത്തന്നെയാണ് ജമാഅത്ത് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്.'(ഖുത്ബാത്തെ മഹ്മൂദ് വാള്യം 21, പേജ് 413)

പിന്നീട് ഒരു മൗലവി പറഞ്ഞ കാര്യം എടുത്തുദ്ധരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: ഗുജറാത്തിലെ സ്നേഹിതന്മാർ എന്നോടു പറഞ്ഞു, ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായപ്പോൾ ഒരു അഹ്‌ലെ ഹദീഥ് മൗലവി ഞങ്ങളോടു പറഞ്ഞു, ഇപ്പോൾ നിങ്ങൾ പിടിയിൽ വന്നിരിക്കുന്നു. കാരണം എല്ലാ നുബുവ്വത്തിനുശേഷവും ഖിലാഫത്തുണ്ടാകുമെന്ന് നബി(സ)തിരുമേനി പറഞ്ഞിട്ടുണ്ട്. (നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) നബിയാണെന്ന് പറയുന്നു, ശരീഅത്തില്ലാത്ത നബിയാണെങ്കിലും വേണ്ടില്ല, നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ കിട്ടിയ നുബുവ്വത്താണെങ്കിലും വേണ്ടില്ല, പക്ഷേ, നിങ്ങൾ പറഞ്ഞിരുന്നത് നുബുവ്വത്തുണ്ടെന്നാണ്, നുബുവ്വത്തിനുശേഷം ഖിലാഫത്തുണ്ടാകണം). നിങ്ങളിൽ ഇനി ഖിലാഫത്തുണ്ടാകുകയില്ല. നിങ്ങൾ ഇംഗ്ലീഷ് പണ്ഡിതന്മാരാണ്. അതുകൊണ്ട് ഖിലാഫത്തിലേക്ക് നിങ്ങൾ പോകുകയില്ല. ആ സ്നേഹിതൻ പറയുന്നു, രണ്ടാം ദിവസം കമ്പിസന്ദേശം കിട്ടി. (അക്കാലഘട്ടത്തിൽ കമ്പി സന്ദേശമാണുണ്ടായിരുന്നത്. പോസ്റ്റു ഓഫീസ് മുഖേന കമ്പിസന്ദേശം അയക്കുമായിരുന്നു. ഇക്കാലത്ത് ഒരു സെക്കന്റിനുള്ളിൽ ഇവിടെ നിന്ന് വാർത്തകൾ ഇന്റർനെറ്റ് മുഖേന ഫോൺമുഖേന വൈറലാകുന്നു. എന്നാൽ, അക്കാലഘട്ടത്തിൽ കമ്പിയുടെ വ്യവസ്ഥിതിയാണുണ്ടായിരുന്നത്. അതും എത്തുന്നത് രണ്ടാം ദിവസമോ മൂന്നാം ദിവസമോ ഒക്കെയായിരിക്കും. എന്തായാലും പറയുന്നു, രണ്ടാം ദിവസം കമ്പി കിട്ടി).ജമാഅത്ത് ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന് ബയ്അത്ത് ചെയ്തിരിക്കുന്നു. അദ്ദേഹത്തെ തങ്ങളുടെ ഖലീഫ ആക്കിയിരിക്കുന്നു. ഈ വിവരം അഹ് മദികൾ ആ മൗലവിയോടു പറഞ്ഞപ്പോൾ പറഞ്ഞു: നൂറുദ്ദീൻ വളരെ വലിയ വിദ്യാസമ്പന്നനാണ്. അതുകൊണ്ടാണ് അദ്ദേഹം ജമാഅത്തിൽ ഖിലാഫത്ത് സ്ഥാപിച്ചത്. അദ്ദേഹത്തിനുശേഷം ഖിലാഫത്തു നില നിന്നാൽ അപ്പോൾ നോക്കാം! പിന്നീട് അവിടന്ന് പറയുന്നു: ഖലീഫത്തുൽ മസീഹ് അവ്വൽ(റ) വഫാത്തായപ്പോൾ പറഞ്ഞു: അന്ന് കാര്യം വേറെയായിരുന്നു. ഇനി ആരെങ്കിലും ഖലീഫയായാൽ നോക്കാം! ജമാഅത്തിലെ സഹോദരന്മാർ പറയുന്നു, അടുത്ത ദിവസം എന്റെ കൈയിൽ ജമാഅത്ത് ബയ്അത്തു ചെയ്തു എന്നറിയിച്ചുകൊണ്ടുള്ള കമ്പിസന്ദേശം കിട്ടി. അപ്പോൾ പറഞ്ഞു. പ്രിയമുള്ളവരെ! നിങ്ങൾ അത്ഭുതതരക്കാരാണ്. നിങ്ങളെ കുറിച്ച് ഒന്നും അറിയാൻ കഴിയുന്നില്ല. (നുബുവ്വത്ത് ഔർ ഖിലാഫത്ത് അപ്നെ വഖ്ത്ത് പർ ളുഹൂർ പദീർ ഹോ ജാത്തി ഹെ, അൻവാറുൽ ഉലൂം വാള്യം 18, പേദ് 242)

എന്നിട്ടും വിശ്വസിച്ചില്ല. ഇപ്പോഴും ഇതുതന്നെയാണ് പറയുന്നത്. ഇക്കാരണത്താൽ അവരിൽ അസൂയാഗ്നി സ്ഥിരമായി പറ്റിപിടിച്ചിരിക്കുകയാണ്. മുമ്പേയും ഞാൻ പലവട്ടം പറഞ്ഞുകഴിഞ്ഞതുപോലെ അഞ്ചാമത്തെ ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് സമയത്ത് ഒരു മൗലവി സാഹിബ് പറഞ്ഞു: എല്ലാ ദൃശ്യങ്ങളും ഞാൻ കണ്ടു. അല്ലാഹുവിന്റെ കർമപരമായ സാക്ഷ്യം നിങ്ങളോടൊപ്പമുണ്ടെന്നാണ് തോന്നുന്നത്. പക്ഷേ, ഈ അടയാളം കണ്ടിട്ടും വിശ്വസിക്കുന്നതിനുപകരം അസൂയയിലും എതിർപ്പിലും വിദ്വേഷത്തിലും ഉയർന്നുകൊണ്ടുപോകുകയാണ് ചെയ്യുന്നത്. എന്തായാലും അല്ലാഹു ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്ന ജമാഅത്തിന് ഉയർച്ച നല്കിക്കൊണ്ടേയിരിക്കുന്നു. ജമാഅത്തുകൾ ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്നു. അതി ദൂരരാജ്യങ്ങളിൽ ഇരിക്കുന്നവരും ഖിലാഫത്തിനോടു കൂറുപുലർത്തിക്കൊണ്ട് അതിൽ ഉയർന്നുയർന്നുപോകുന്നു.

ഖിലാഫത്തും ജമാഅത്തുമായി ബന്ധപ്പെട്ടിരിക്കുന്നവർക്കും അല്ലാഹു മാർഗദർശനം നല്കുന്നു. അവരെ സ്വയം ഈ ഖിലാഫത്തിലേക്ക് കൊണ്ടുവരികയും ചെയ്യുന്നു. എങ്ങനെയാണ് കൊണ്ടുവരുന്നത്? അതിന്റെ ഒന്ന് രണ്ട് ഉദാഹരണം പറയുകയാണ്. അല്ലാഹുവിന്റെ കർമപരമായ സാക്ഷ്യം നിങ്ങളോടൊപ്പമുണ്ടെന്ന് മൗലവി സാഹിബ് പറഞ്ഞതുപോലെ അല്ലാഹുവിന്റെ കർമപരമായ സാക്ഷ്യം ഒപ്പുമുണ്ടെന്നതിന് ഒരു ഉദാഹരണമാണ്, ഇത് നബി(സ)തിരുമേനിയുടെ യഥാർഥ ദാസർ നമ്മളായതുകൊണ്ടാണ്. അല്ലാഹുവിന്റെ യഥാർഥ അധ്യാപനത്തെ നമ്മൾ ലോകത്ത് പ്രചരിപ്പിക്കുന്നു. ഗിനി-ബിസോ(ഏൗശിലമആശൈമൌ) വളരെ ദൂരത്തുള്ള ഒരു രാജ്യമാണ്. അവിടെ ഒരു പ്രായംചെന്ന സ്ത്രീയുണ്ട്. അവർ പറയുന്നു: ഒരു ദിവസം ഞാൻ സ്വപ്നത്തിൽ കണ്ടു, നമ്മുടെ മിഷണറി അവർക്ക് ഒരു ഗ്രന്ഥം കൊടുക്കുന്നു. നിങ്ങളുടെ മോക്ഷം ഈ ഗ്രന്ഥത്തിലുണ്ടെന്ന് പറയുന്നു. അവർ പറയുന്നു, സ്വപ്നത്തിൽത്തന്നെ ഞാൻ ഗ്രന്ഥം തുറക്കുമ്പോൾ അതിൽ ഒരു ഫോട്ടോയുമുണ്ടായിരുന്നു. ഇതാരാണെന്ന് ഞാൻ മിഷണറിയോടു ചോദിക്കുന്നു. ഇത് ഖലീഫത്തുൽ മസീഹാണെന്ന് അദ്ദേഹം പറയുന്നു. ഇദ്ദേഹത്തെ അല്ലാഹു ഇപ്പോൾ തിരഞ്ഞെടുത്തിരിക്കുകയാണ്. അവർ പറയുന്നു, അടുത്ത ദിവസം ആ സ്ത്രീ നമ്മുടെ മിഷണറിയുടെ അടുത്തു വന്നു. നിങ്ങളുടെ സ്വപ്നത്തിന് ഒരു വ്യാഖ്യാനത്തിന്റേയും ആവശ്യമില്ലാത്തവിധം വ്യക്തമാണെന്ന് അദ്ദേഹം പറഞ്ഞു. അല്ലാഹു സ്വയം നിങ്ങൾ വഴി കാണിച്ചുതന്നിരിക്കുന്നു. അപ്പോൾ ആ സ്ത്രീ പറഞ്ഞു: അല്ലാഹുവാണ! ഞാൻ ഇന്നുമുതൽ അഹ്മദിയാണ്. അല്ലാഹു ഉണ്ടാക്കിയിട്ടുള്ള ആളാണ് യഥാർഥത്തിൽ അഹ്മദികളുടെ ഖലീഫ. ഈ നടന്നുവരുന്ന ഖിലാഫത്ത് അല്ലാഹുവിൽ നിന്നുള്ളതാണ്. അങ്ങനെ ആ സമയം തന്നെ അവർ ബയ്അത്തു ചെയ്തു. ബയ്അത്തു ചെയ്തതിനുശേഷം ജമാഅത്തിന്റെ എല്ലാ പരിപാടികളിലും അവർ പങ്കെടുക്കുന്നു. തന്റെ കഴിവനുസരിച്ച് ചന്ദയും നല്കുന്നു. വളരെ തന്റേടത്തോടെ തബ്‌ലീഗും ചെയ്യുന്നു. എങ്ങനെയാണ് അല്ലാഹു നേരിട്ട് മാർഗദർശനം നല്കിയതെന്ന് ജനങ്ങളോടു പറയുകയും ചെയ്യുന്നു. ഇതുപോലെതന്നെ ഒരു ഈജിപ്ഷ്യൻ സ്നേഹിതനുണ്ട്. അദ്ദേഹം പറയുന്നു: ഞാൻ അങ്ങേയറ്റം തിന്മകളിൽ അകപ്പെട്ടിരിക്കുകയായിരുന്നു. വഴക്കാളിയെപോലെയായിരുന്നു. എം.ടി.എയിലെ അങ്ങയുടെ ഖുത്ബകൾ കേട്ടാണ് ദീനിൽ താൽപര്യമുണ്ടായത്. പിന്നീട് അഹ്മദിയാകുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്തു. കാരണം ഈ ഖിലാഫത്തുതന്നെയാണ് ശരിയായ രീതിയിൽ നമുക്ക് മാർഗദർശനം നല്കുന്നത്. ഇപ്രകാരംതന്നെ എങ്ങനെ അല്ലാഹു വിവിധ നേരങ്ങളിൽ, വിവിധ സ്ഥലങ്ങളിൽ, വിവിധ രാജ്യങ്ങളിൽ ജനങ്ങൾക്ക് മാർഗദർശനം നല്കുന്ന മറ്റു ചില ഉദാഹരണങ്ങളുമുണ്ട്.

ഇൻചാർജ് മിഷണറി സാഹിബ് പറയുന്നു: കാമറൂൺ(Cameroon)ലെ പട്ടണമായ മർദയിൽ ആളുകൾ എം.ടി.എ കാണുന്നു. എം.ടി.എ ആഫ്രിക്ക ആരംഭിക്കപ്പെട്ടതുമുതൽ ധാരാളമായി അത് ആളുകൾ കണ്ടുവരുന്നുണ്ട്. പ്രത്യേകിച്ചും ഖുത്ബകൾ അവിടെ തീർച്ചയായും കേൾക്കുന്നു. ഖുത്ബകൾ കേട്ടതിനുശേഷം അവരിൽ നല്ല മാറ്റമുണ്ടായിക്കൊണ്ടിരിക്കുന്നു. ജമാഅത്തിലേക്കുള്ള ചായ്‌വും കൂടിക്കൊണ്ടിരിക്കുന്നു. അഹ്മദികളുടെ ഈമാനാണെങ്കിൽ പ്രബലപ്പെട്ടുകൊണ്ടിരിക്കുന്നു. ഖിലാഫത്തുമായ ബന്ധം വെക്കാൻ അവർ ഏറ്റവും കൂടുതൽ ശ്രമിച്ചുകൊണ്ടിരിക്കുന്നു; തികഞ്ഞ അനുസരണത്തിന്റെ മാതൃകകൾ കാണിക്കാനും. ഈ ഖിലാഫത്തിനോടുള്ള ബന്ധവും സ്നേഹവും അല്ലാഹു ഉണ്ടാക്കിയിട്ടുള്ളതാണ്. അഹ്മദിയ്യാ ഖിലാഫത്തുമായി ഈ ബന്ധവും സ്നേഹവും ഇരിക്കുവോളം ഭയാവസ്ഥയും സമാധാനാവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുന്നതായിരിക്കും. അല്ലാഹു ജനങ്ങളുടെ സൗഖ്യത്തിനുള്ള സാഹചര്യങ്ങളും ഒരുക്കിക്കൊണ്ടിരിക്കുന്നതായിരിക്കും. ഇൻശാ അല്ലാഹ്!

വിവിധ സ്ഥലങ്ങളിൽ ഞാൻ പര്യടനത്തിനുപോകുമ്പോഴും ഇക്കാര്യങ്ങൾ ആളുകൾ പറയാറുണ്ട്. അതിനുപുറമെ അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം എങ്ങനെയാണ് അല്ലാഹു ഖിലാഫത്തുമായി ബന്ധം ഉണ്ടാക്കാനുള്ള തൗഫീഖ് പ്രദാനം ചെയ്തതെന്നും അങ്ങേയറ്റം പ്രയാസകരമായിരുന്ന അവസ്ഥയിൽ ശാന്തി നല്കിയതെന്നും പറഞ്ഞുകൊണ്ടുള്ള ധാരാളം കത്തുകളും വന്നുകൊണ്ടിരിക്കുന്നു. അതിനാൽ ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നവരും അല്ലാഹുവിന്റേയും അ

( ശേഷം പേജ് 15ൽ)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും**
**മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,**
**നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും**
**അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും**
**നിത്യവും ഖുർആൻ പാരായണം ചെയ്യാൻ**
**അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

### (തുടർച്ച) മെയ്-22, 2016 ഞായറാഴ്ച

ഹുദൂർ 3.45-ന് മസ്ജിദ് നാസിറിൽ സുബ്ഹി നമസ്കാരത്തിന് നേതൃത്വം നൽകി. രാവിലെ ഓഫീസ് സംബന്ധമായ കൃത്യനിർവ്വഹണത്തിൽ മുഴുകിയ ഹുദൂർ കത്തുകളും റിപ്പോർട്ടുകളും പരിശോധിച്ചു. ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

### നാഷണൽ മജ്ലിസെ ആമില അൻസ്വാറുല്ലാഹ്, സ്വീഡൻ:

11.00 മണിക്ക് ഹുദൂർ അൻസ്വാറുല്ലാഹ് നാഷണൽ ആമില മീറ്റിംഗ് സംഘടിപ്പിച്ചിരുന്ന ഹാളിലെത്തി. മീറ്റിംഗിന് ആരംഭം കുറിച്ചുകൊണ്ട് ഹുദൂർ ദുആക്ക് നേതൃത്വം നൽകി.

ഹുദൂർ നിർദേശിച്ച പ്രകാരം ഖാഇദ് ഉമൂമി പറഞ്ഞു: സ്വീഡനിലെ അൻസ്വാറുല്ലായുടെ അംഗങ്ങൾ 145 ആണ്. 3 മജ്ലിസുമുണ്ട്.

**ഹുദൂർ:** ലോലിയോയിൽ 4 അൻസ്വാറുണ്ട്. അവിടേയും മജ്ലിസ് ഉണ്ടാക്കുക. അതേപോലെ കാൽമോറിലും നിങ്ങളുടെ മജ്ലിസ് സ്ഥാപിക്കേണ്ടതുണ്ട്.

ഹുദൂർ മജ്ലിസ് അൻസ്വാറുല്ലാ ആമില അംഗങ്ങളോടു പറഞ്ഞു: സ്വന്തം മജ്ലിസുകളിൽ സന്ദർശനം നടത്തുക. എല്ലാ സ്ഥലങ്ങളിലും പോകുക. ആരെങ്കിലും ചന്ദ നൽകാത്തവരുണ്ടെങ്കിൽ അവരോട് ചന്ദ നൽകാൻ പറയുക. ഒരു പ്രാവശ്യം പറയുന്നതു കൊണ്ടോ പോകുന്നതുകൊണ്ടോ മതിയാകില്ല, ആവർത്തിച്ച് പറയാനാണ് കല്പന.

ഖാഇദ് ഉമൂമി: രണ്ടു മജ്ലിസ് റിപ്പോർട്ടുകൾ നൽകുന്നുണ്ട്. ഒരു മജ്ലിസ് റിപ്പോർട്ടു തരാറില്ല.

**ഹുദൂർ:** റിപ്പോർട്ട് തരാത്തവരോട് തരാൻ പറയുക. മജ്ലിസ് ഉണ്ടാക്കാവുന്ന സ്ഥലങ്ങളിൽ അതുണ്ടാക്കുക.

നാഇബ് സ്വദ്ർ സ്വഫ്ഫെദോം: സ്വഫ്ഫെ ദോം അൻസ്വാറുകളുടെ എണ്ണം എന്റെ അറിവിലില്ല.

**ഹുദൂർ:** നിങ്ങൾ നിങ്ങളുടെ പ്രോഗ്രാം ഉണ്ടാക്കേണ്ടതാണ്. ലായേ അമൽ വായിക്കുക. സ്വന്തം പ്രോഗ്രാം ഉണ്ടാക്കുക.

അമീൻ-മുഹാസിബ് തന്റെ റിപ്പോർട്ട് സമർപിച്ചു: എല്ലാ കണക്കുകളും സൂക്ഷിക്കുന്നു.

ഹുദൂർ ഖാഇദ് ഇശാഅത്തിനെ കുറിച്ച് പറഞ്ഞു: അദ്ദേഹം 11 മാസവും ദുബായിലാണല്ലോ താമസിക്കുന്നത്? അദ്ദേഹത്തിന്റെ സ്ഥാനത്ത് പകരം ആളെ വെക്കുക. സ്വന്തം ചന്ദ സ്വീഡനിൽ അടക്കുന്നവരെ കുറിച്ച് സ്വയം തീരുമാനം പ്രഖ്യാപിക്കരുത്, കേന്ദ്രമാണ് അവർ ദുബയിലാണോ ഇവിടെ സ്വീഡനിലാണോ ചന്ദ അടക്കേണ്ടത് എന്ന് തീരുമാനിക്കേണ്ടത്

ഖാഇദ് തഅ്ലീമുൽ ഖുർആൻ വഖ്ഫെ ആർസിയോട് ഹുദൂർ പറഞ്ഞു: നിങ്ങളുൾപ്പെടെ എത്ര അംഗങ്ങൾ വഖ്ഫെ ആർസി ചെയ്തു. മസ്ജിദിൽ പ്രവർത്തനങ്ങൾക്കുവേണ്ടി പോയിക്കൊണ്ടിരുന്നു എന്ന് പറയുന്നുണ്ടല്ലോ? മസ്ജിദിൽ വഖാറെ അമലിനുവേണ്ടി പോകുന്നത് വഖ്ഫെ ആർസിയല്ല. കാൽമാറിൽ വഖ്ഫെ ആർസി ചെയ്യുക. നമസ്കാരങ്ങളിലേക്ക് ശ്രദ്ധ ചെലുത്തുക. വിശുദ്ധ ഖുർആനിന്റെ തിലാവത്തിലേക്ക് ശ്രദ്ധിക്കാൻ പറയുക. ചന്ദകളിലേക്ക് ശ്രദ്ധിക്കാൻ പറയുക. അവരുടെ തർബിയ്യത്ത് ചെയ്യുക. അവിടെ പോയി താമസിക്കുക. തർബിയ്യത്ത് ജോലി ചെയ്യുക. ഇതാണ് വഖ്ഫെ ആർസി.

മറ്റുള്ളവരുടെ പ്രവൃത്തി സ്വന്തം മാർജിനിൽ ഇടരുത്. വഖ്ഫെ ആർസിയുടെ പരിപാടി തയ്യാറാക്കി ഏറ്റവും ആദ്യം ആമില അംഗങ്ങൾ വഖ്ഫെ ആർസി ചെയ്യുക.

ഖാഇദ് തജ്നീദ് തന്റെ റിപ്പോർട്ട് സമർപിച്ചു. ഹുദൂർ പറഞ്ഞു: അൻസ്വാറിന്റെ ആകെ എണ്ണം 151 ആണ്.

**ഹുദൂർ:** തന്നെ സ്വയം അഹ്മദി എന്ന് പറയുന്നവരെയെല്ലാം തജ്നീദിൽ ഉൾപ്പെടുത്തുക; ചന്ദ തന്നാലും ഇല്ലെങ്കിലും. അകന്നു പോയവരേയും കൂടുതൽ ഊർജസ്വലരാക്കുക. 151 അൻസ്വാർ ഒരു മഹല്ലയിലെ മജ്ലിസിൽ ഉണ്ടാകുമല്ലോ. നിങ്ങൾക്ക് എല്ലാവരുമായി വ്യക്തി ബന്ധം വെക്കാവുന്നതാണ്. അതുകൊണ്ട്, ബന്ധങ്ങൾ സ്ഥാപിക്കുക. അത് തുടരുക. സഈമുമാരുമായി ബന്ധപ്പെട്ട് നിങ്ങളുടെ തജ്നീദ് പൂർത്തീകരിക്കുക.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ) പറഞ്ഞിരുന്നു. 40 വയസ്സുവരെ ഒരു ഖാദിം ഉന്മേഷവാനായിരിക്കും. എന്നാൽ, അടുത്ത വർഷം അൻസ്വാറിലേക്ക് കാലുവെക്കുന്നതോടെ എന്തെന്നറിയില്ല, അലസനായി മാറുന്നു. അദ്ദേഹം ഇതു പറയാൻ കാരണം നിങ്ങൾ അൻസ്വാറിൽ വന്നതിനു ശേഷവും വളരെയധികം ഉന്മേഷവാനായിരിക്കണം എന്നറിയിക്കാനാണ്.

ഖാഇദ് തഅ്ലീമുൽ ഖുർആൻ: 125 അൻസ്വാറുമായി ഞങ്ങൾ തുടർന്ന് ക്ലാസ് വെച്ചിട്ടുണ്ട്. അവരിൽ മൂന്ന് പേർക്ക് നോക്കി ഓതാൻ അറിയില്ല.

**ഹുദൂർ:** സ്വന്തം സഈമുമാരുമായി ബന്ധപ്പെട്ടുകൊണ്ട് എല്ലാവരേയും കുറിച്ച് വിലയിരുത്തുക. സ്വന്തം അൻസ്വാറിൽ വഖ്ഫെ ആർസിയുടെ ശീലം ഇടുക. ആരാണോ നോക്കി ഓതാൻ അറിയാത്തത് അവരെ പഠിപ്പിക്കുക. റബ്വയിൽ അൻസ്വാറുല്ലാഹ് ഒരു പ്രോഗ്രാം തുടങ്ങിയിരുന്നു. നോക്കി ഓതാനറിയാത്തവരെ ഖുർആൻ എഴുതാനും വായിക്കാനും പഠിപ്പിക്കുക. അങ്ങനെ വലിയ പ്രായത്തിലെത്തിയ അൻസ്വാറിനെ പഠിപ്പിച്ചു. ശേഷം അവിടെ എൺപതു വയസ്സായ വൃദ്ധൻമാർക്ക് ആമീൻ നടത്തുകയുണ്ടായി.

ഖാഇദ് തർബിയ്യത്തിനോട് ഹുദൂർ ചോദിച്ചു: തർബിയ്യത്തിന്റെ പ്രവൃത്തി വളരെ സുപ്രധാനമാണ്. ശരിയായ തർബിയ്യത്ത് നടന്നാലേ നിങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുകയുള്ളൂ. നടപ്പു വർഷം ആരംഭിച്ചിട്ട് ഇപ്പോൾ മൂന്ന് നാല് മാസം കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴും ഒരു പ്രവർത്തനവും നടന്നിട്ടില്ല. മൂന്ന് നാല് മാസത്തിനുള്ളിൽ ലോകത്തെ ജയിച്ചടക്കാൻ കഴിയും. മുമ്മൂന്ന് മാസത്തെ ലായെ അമൽ തയ്യാറാക്കുക. സ്വന്തം ടാർഗറ്റ് വെക്കുക. ഓരോ മൂന്ന് മാസത്തെ പ്രോഗ്രാം ഉണ്ടാക്കി ലക്ഷ്യം നേടുക. അൻസ്വാറുകളെ എം.ടി.എ-യുമായി ബന്ധിപ്പിക്കുക. വീട്ടിൽ ഭാര്യാ മക്കൾ എല്ലാവരേയും എം.ടി.എ-യുമായി കൂട്ടിയിണക്കുക. ഖുത്ബ ജുമുഅ കൃത്യമായി കേൾക്കുക. വീട്ടിൽ ഭാര്യാ മക്കളേയും കേൾപ്പിക്കുക,നമസ്കാരങ്ങളിലേക്കും വിശുദ്ധ ഖുർആനിന്റെ തിലാവത്തിലേക്കും ശ്രദ്ധ തിരിക്കുക. എവിടെ മൂന്നോ നാലോ വീടുണ്ടോ അവിടെ ജമാഅത്തായി നമസ്കരിക്കുക. ഹദ്റത്ത് മസീഹ് (അ)ന്റേയും ഖലീഫമാരുടേയും ലിഖിത ശകലങ്ങൾ ശേഖരിച്ച് അൻസ്വാറുകൾക്ക് അയക്കുക. ആരെങ്കിലുമൊക്കെ വായിക്കും.

ഖാഇദ് നൗ മുബായിഅ് തർബിയ്യത്തിനോട് ഹുദൂർ പറഞ്ഞു: നവഅഹ്മദികളുടെ തർബിയ്യത്തിന് ശ്രദ്ധ വേണം. ബയ്അത്ത് ചെയ്ത് മൂന്ന് വർഷമായവരെയാണ് നവ അഹ്മദികൾ എന്ന് പറയുന്നത്. അവർ മുഖ്യധാരയുമായി ചേരുന്നില്ലെങ്കിൽ തർബിയ്യത്ത് വിഭാഗത്തിന്റെ ന്യൂനതയും ആലസ്യവുമാണ് അതിന് കാരണം. ചുറുചുറുക്കുള്ള മജ്ലിസുകൾ മൂന്ന് വർഷത്തിനുള്ളിൽ നവഅഹ്മദികളെ തർബിയ്യത്ത് ചെയ്ത് ജമാഅത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നു.

ഹുദൂർ ഖാഇദ് തർബിയ്യത്ത് നൗ മുബായിയീനോടു പറഞ്ഞു: നിങ്ങൾ ഗോഥൻ ബർഗിന്റെ മാത്രം ഖാഇദ് തർബിയ്യത്ത് അല്ല. മുഴു സ്വീഡന്റേയും ഖാഇദ് തർബിയ്യത്ത് നൗ മുബായിയീൻ ആണ്. അതുകൊണ്ട് രാജ്യം മുഴുവനുമുള്ള നവഅഹ്മദികളുമായി നിങ്ങൾക്ക് ബന്ധം ഉണ്ടാകേണ്ടതാണ്.

ഖാഇദ് ഈഥാർ തന്റെ റിപ്പോർട്ട് സമർപ്പിച്ചു: ഇപ്പോൾ പ്രവർത്തനം തുടങ്ങിയിട്ടില്ലെന്ന് പറഞ്ഞു.

**ഹുദൂർ:** വൃദ്ധരുള്ള പഴയ വീടുകൾ സന്ദർശിക്കുക.വൃദ്ധരെ കാണുക. ഖിദ്മത്തെ ഖൽഖ് ചെയ്യുക.വിവിധ സ്ഥലങ്ങളിൽ വൃക്ഷങ്ങൾ നടുക. ഈ അവസരത്തിൽ പ്രദേശ എം.പി.യെ വിളിക്കുക. മേയറെ വിളിക്കുക. പത്രക്കാരും വരേണ്ടതാണ്. ലോക്കൽ പത്രങ്ങൾ വാർത്ത കൊടുത്താൽ ഈ മാർഗ്ഗേണ ഇസ്ലാമിന്റെ സന്ദേശം വ്യാപിക്കാനുള്ള വഴികൾ തുറക്കും. സ്വന്തത്തെ കാണിക്കാനല്ല, പ്രചാരണത്തിനുള്ള വഴികൾ തുറക്കപ്പെടാൻ മീഡിയകളിൽ വാർത്ത വരേണ്ടത് അനിവാര്യമാണ്.

ഖാഇദ് മാൽ തന്റെ റിപ്പോർട്ട് സമർപ്പിച്ചു: അൻസ്വാറിന്റെ ചന്ദയുടെ ശറഹ് ഒരു ശതമാനമാണ്. 150 അൻസ്വാറിൽ 58 പേർ കൃത്യമായി ചന്ദ നൽകുന്നു.ഒരു ലക്ഷത്തി മുപ്പത്തി നാലായിരം ക്രോണർ ഞങ്ങളുടെ ബഡ്ജറ്റാണ്. ഒരു ലക്ഷത്തി ഇരുപത്തി ഒൻപതിനായിരം വസൂൽ ചെയ്തു.

**ഹുദൂർ:** ചന്ദ നൽകാത്തവരേയും മെല്ലെ മെല്ലെ സമീപിക്കുക. അവരുമായി ബന്ധപ്പെടുക. അത്തരം വ്യക്തികൾക്ക് ചന്ദയുടെ പ്രാധാന്യം പറഞ്ഞു കൊടുക്കുക. നിർബന്ധ സാഹചര്യമുണ്ടെങ്കിൽ നൽകേണ്ടതില്ല എന്നവരോട് പറയുക. കഴിയില്ലെങ്കിൽ കഴിയില്ല എന്ന് പറയാൻ പറയുക. എന്നാൽ, ചന്ദയുടെ പ്രാധാന്യത്തെ കുറിച്ചുള്ള അറിവ് അവർക്ക് വ്യക്തമായിരിക്കേണ്ടതാണ്. അൻസ്വാറിന്റെ മാസികയിൽ ചന്ദയുടെ പ്രാധാന്യത്തെ കുറിച്ചുള്ള ലേഖനങ്ങൾ കൊടുക്കുക. മജ്ലിസുകൾക്ക് സർക്കുലുകൾ അയക്കുക. ഓർമപ്പെടുത്തിക്കൊണ്ടേയിരിക്കുക.

ഖാഇദ് വഖ്ഫെ ജദീദ്, തഹ്രീക്കെ ജദീദ് എന്നിവരോട് ഹുദൂർ പറഞ്ഞു: ജമാഅത്തിലെ സെക്രട്ടറി തഹ്രീക്കെ ജദീദിനേയും വഖ്ഫെ ജദീദിനേയും അവരുടെ പ്രവൃത്തിയിൽ നിങ്ങൾ സഹായിക്കുക. ചന്ദ വസൂൽ ചെയ്യുന്നതിൽ അവരെ സഹായിക്കുക.

ഖാഇദ് തബ്ലീഗിനോട് ഹുദൂർ ചോദിച്ചു: കഴിഞ്ഞ മൂന്ന് വർഷത്തിൽ എത്രപേർ അഹ്മദികളായി? കഴിഞ്ഞ 10 വർഷത്തിൽ അൻസ്വാർ എത്ര പേരെ അഹ്മദിയാക്കി,

ഖായിദ് തബ്ലീഗ്: അതിനെപ്പറ്റി അറിയില്ല.

**ഹുദൂർ:** താങ്കൾ തയ്യാറെടുപ്പില്ലാതെയാണ് മീറ്റിംഗിൽ വന്നത്. ആമിലയിലെ ഓരോ അംഗവും തബ്ലീഗ് ചെയ്യുക.

ഖാഇദ് തബ്ലീഗ്: രണ്ട് ദ്വീപിൽ ലീഫ്ലെറ്റുകൾ വിതരണം ചെയ്തു. ഒരു ദ്വീപിൽ മുപ്പതിനായിരവും മറ്റൊരു ദ്വീപിൽ ഇരുപതിനായിരവും വിതരണം ചെയതു.

**ഹുദൂർ:** നിങ്ങൾ തുടർച്ചയായി പോയിക്കൊണ്ടിരിക്കണം. ഇപ്പോൾ നിങ്ങൾ ഈ രണ്ടു ദ്വീപിലും പോയിട്ട് വർഷം ഒന്നാകുന്നു. അവിടുത്തെ ആളുകൾക്ക് ഇവിടെ ആരോ വന്നിരുന്നുവെന്നും ലീഫ്ലെറ്റ് നൽകി പോയിരുന്നുവെന്നും ഓർമയുണ്ടാകും.

**ഹുദൂർ:** നിങ്ങൾ ടാർഗറ്റ് വെക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു ദ്വീപിനെ വെക്കുക. അവിടെ തുടർച്ചയായി പോകുക. ലജ്ന, ഖുദ്ദാം, അൻസ്വാർ എല്ലാവരും ചേർന്ന് പ്രോഗ്രാം ഉണ്ടാക്കുക.

പിന്നെ അവരവരുടെ ഊഴം അനുസരിച്ച് പോയിക്കൊണ്ടിരിക്കുക.

**ഹുദൂർ:** പാംഫ്ലെറ്റുകൾ ലീഫ്ലെറ്റുകൾ വിതരണം ചെയ്ത സ്ഥലങ്ങളിൽ കൃത്യമായ പിന്തുട

രൽ അനിവാര്യമാണ്. അല്ലാത്ത പക്ഷം പ്രയോജനമില്ല. അതുകൊണ്ട് ആവർത്തിച്ച് പോകുക.

**ഹുദൂർ:** പാംഫ് ലെറ്റ് വിതരണം ചെയ്യുമ്പോൾ എതിരാളികൾ ചീത്ത വിളിച്ചാലും അതിന്റെ പ്രതിഫലം നിങ്ങൾക്ക് കിട്ടും.

ഒരു ആമില മെമ്പർ പറഞ്ഞു: ഞാൻ എന്റെ കുടുംബത്തോടൊപ്പം ലീഫ്ലെറ്റ് വിതരണം ചെയ്യുന്നു. ചെറിയ കുട്ടിയും കൂടെയുണ്ടാകാറുണ്ട്. ജനങ്ങൾ ലീഫ് ലെറ്റ് വാങ്ങിക്കൊണ്ട് നല്ല പ്രവൃത്തിയാണെന്ന നിലയിൽ സന്തോഷം പ്രകടിപ്പിക്കുന്നു. കുട്ടിക്ക് ഐസ് ക്രീം വാങ്ങിക്കൊടുക്കാറുമുണ്ട്.

ഖാഇദ് സിഹ്ഹത്തെ ജിസ്മാനി (ആരോഗ്യ വിഭാഗം) പറഞ്ഞു: ബാറ്റ് മിന്റൻ കളിക്കുന്നു.

**ഹുദൂർ:** ഇവിടേയും വിനോദ പരിപാടികൾ സംഘടിപ്പിക്കുക. മാൽമോയിലും സംഘടിപ്പിക്കുക. അവിടെ ഇപ്പോൾ വലിയ ഹാൾ നിർമിച്ചിട്ടുണ്ട്. അൻസ്വാർ അൻസ്വാറിന്റെമേൽ തങ്ങളുടെ ആദരയുക്തമായ ഭയം ഇടുക. ഖുദ്ദാമിന്റെമേൽ അങ്ങനെ ചെയ്യുകയല്ല വേണ്ടത്. നിങ്ങൾ സ്വയം വിലയിരുത്തി ആരാണ് മറ്റുള്ളവരുടെമേൽ ആദരയുക്തമായ ഭയം ഉണ്ടാക്കുന്നതെന്ന് നോക്കുക. ചിലപ്പോൾ ഉദ്യോഗസ്ഥനാകണമെന്നില്ല. മറ്റുള്ളവരും ഉണ്ടായിരിക്കും.

**ഹുദൂർ:** ചിലയവസരങ്ങളിൽ ഗൗരവത്തിൽ പറയാതെ മറ്റുള്ളവരെ കളിയാക്കുന്ന രൂപത്തിൽ പറയുകയാണെങ്കിൽ അതുമുഖേനയും നീരസവും അകൽച്ചയും ഉണ്ടാകുന്നു. ഇവിടുത്തെ കുട്ടികളും യുവാക്കളും വളർന്നു വരുന്നത് വേറൊരു അന്തരീക്ഷത്തിലാണ്. അതുകൊണ്ട് അവരോട് മൃദുലമായി സംസാരിക്കുക. ബലം പ്രയോഗിച്ചാൽ കുട്ടികൾ നിങ്ങളെ വെറുക്കുന്നവരാകും. അഥവാ വളരെയധികം മൃദുലത കാണിച്ചാലും കുട്ടികൾ മോശമാകാൻ തുടങ്ങും.അതുകൊണ്ട് മധ്യമ നില അവലംബിക്കുക.

സ്വദ്ർ സാഹിബ് അൻസ്വാറുല്ലാഹ് പറഞ്ഞു: മജ്‌ലിസ് അൻസ്വാറുല്ലായുടെ സ്ഥാപനത്തിന്റെ ജൂബിലിയുമായി ബന്ധപ്പെട്ട് 75000 പൗണ്ട് ഹുദൂറിന്റെ സമക്ഷം സമർപ്പിക്കേണ്ടതുണ്ട്.

**ഹുദൂർ:** ഈ തുക മാൽമോ മഹ്മൂദ് മസ്ജിദ് ഫണ്ടിലേക്ക് നൽകിയേക്കുക.

അൻസ്വാറുല്ലായുടെ ഹുദൂറുമൊത്തുള്ള ഈ നാഷണൽ മജ്‌ലിസെ ആമില പ്രോഗ്രാം 12.00 മണിക്ക് അവസാനിച്ചു.

തങ്ങളുടെ പ്രിയ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവർക്ക് ഭാഗ്യം കിട്ടി.

## കൂടിക്കാഴ്ചകൾ

പിന്നീട് ഹുദൂർ ഓഫീസിലെത്തി കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ ആരംഭിച്ചു. ഈ പരിപാടിയിൽ 23 കുടുംബത്തിലുള്ള 79 പേർക്ക് തങ്ങളുടെ പ്രിയ ഇമാമിനെ ദർശിക്കാൻ ഭാഗ്യം ലഭിച്ചു. പ്രാദേശിക ജമാഅത്തായ ഗോഥൻബർഗിനെ കൂടാതെ നോർവെ, ജർമനി, പാക്കിസ്താൻ എന്നീ രാജ്യങ്ങളിൽ നിന്ന് വന്നവരായിരുന്നു ഇവർ. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് ഹുദൂർ വാത്സല്യത്തോടെ പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നൽകി. 1.45-ന് ഈ പരിപാടി അവസാനിച്ചു.

തുടർന്ന് ഹുദൂർ മിഷൻ ഹൗസിന്റെ പുറത്തിറങ്ങി ചുറ്റിക്കാണുകയും മസ്ജിദ് സ്ഥിതി ചെയ്യുന്ന ഭൂമിയുടെ അതിരുകളെ കുറിച്ച് ചോദിച്ചറിയുകയും ചെയ്തു. ഈ മസ്ജിദ് ഒരു മലമ്പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട് വിവിധ ദിശകളിൽ അതിന്റെ അതിരുകൾ വ്യത്യസ്തമാണ്. ചില അതിരുകളിൽ കമ്പി വേലി കെട്ടാനും ഹുദൂർ നിർദേശിച്ചു. പുരുഷൻമാരുടെ ഭക്ഷണപന്തലിലും അടുക്കളയിലും ഹുദൂർ പോയി. ഒരു ടെന്റിൽ താൽക്കാലികമായി ഒരു ചെമ്പ് വെച്ചിരുന്നു. അതു സംബന്ധമായി ഹുദൂർ വിശദീകരണം ചോദിച്ചു. കൗൺസിലിൽ നിന്ന് അതിനുള്ള അനുമതി ലഭിച്ചിട്ടുണ്ടെന്ന് ചുമതലയിലുള്ളവർ ഹുദൂറിനെ അറിയിച്ചു. വിവിധ ഭാഗത്തുള്ള ചെക്ക് പോസ്റ്റും ഹുദൂർ പരിശോധിച്ചു.അവിടെ ഖുദ്ദാം ഡ്യൂട്ടിയിലുണ്ടായിരുന്നു. കുറച്ച് സമയത്തേക്ക് ഹുദൂർ ആദരണീയ മുബല്ലിഗ് സിൽസില ആഗാ യഹ്‌യാ ഖാൻ സാഹിബിന്റെ വീട്ടിലും പോയി.

2.00 മണിക്ക് മസ്ജിദിലെത്തി ളുഹ്ർ അസ്ർ നമസ്കാരങ്ങൾ ഹുദൂർ ജംആക്കി നമസ്കരിപ്പിച്ചു. രണ്ടു നിക്കാഹ് വിളംബരം ചെയ്തു.

## നിക്കാഹ് ഖുത്ബ

തശഹ്ഹുദ്, തഅവ്വുദ് ഓതിയതിനുശേഷം നിക്കാഹ് വേളയിൽ ഓതാറുള്ള സുന്നത്താക്കപ്പെട്ട ആയത്തുകളുടെ തിലാവത്ത് ചെയ്തു. തുടർന്ന് ഹുദൂർ പറഞ്ഞു:

ഇപ്പോൾ ഞാൻ രണ്ട് നിക്കാഹ് വിളംബരം ചെയ്യാൻ പോകുകയാണ്. നിക്കാഹും വിവാഹവും ആൺ-പെൺ കുട്ടികളുടെ കുടുംബങ്ങൾക്ക് സന്തോഷത്തിന് വക നൽകുന്നതിനോടൊപ്പം ഉത്തരവാദിത്വങ്ങളും ഇടുന്നുണ്ട്. ഇതേ കാരണത്താലാണ് നിക്കാഹ് വേളയിൽ ഓതപ്പെടുന്ന വചനങ്ങളിൽ നിങ്ങൾ തഖ്‌വ കൈക്കൊള്ളാൻ ആവർത്തിച്ചാവർത്തിച്ച് ഉണർത്തുന്നത്. സ്വന്തം ബന്ധുക്കളുടെ അവകാശങ്ങൾ നിർവ്വഹിക്കുന്നതിൽ സൂക്ഷ്മത പുലർത്തുക. പരസ്പരം ബന്ധുക്കളുടെ അവകാശങ്ങൾ നിർവേറ്റാൻ സൂക്ഷ്മത പുലർത്തുക. പരസ്പരം ആത്മവിശ്വാസം വളർന്നു വരാൻ സൂക്ഷ്മതയോടെ കർമങ്ങൾ ചെയ്യേണ്ടതുണ്ട്. സംസാരത്തിൽ ഭർത്താവും ഭാര്യയും സത്യസന്ധത പുലർത്തേണ്ടതാണ്. സത്യസന്ധതയിൽ ഗഹനീയത വേണ്ടതാണ്. കാരണം ഇതുതന്നെയാണ് ഒരു മാർഗം. സത്യസന്ധതയുണ്ടെങ്കിൽ ബന്ധങ്ങളിൽ ആത്മവിശ്വാസം സ്ഥാപിതമാകും. ബന്ധങ്ങളിൽ ആത്മ വിശ്വാസമുണ്ടെങ്കിലേ എന്നത്തേക്കുമായി ആ ബന്ധം നിലനിൽക്കുകയുള്ളു. അല്ലാഹു വീണ്ടും പറയുന്നു: സൂക്ഷ്മത കൈക്കൊള്ളുക. നാളേക്ക് നിങ്ങൾ എന്താണ് അയക്കുന്നതെന്ന് നോക്കുക. നിങ്ങളുടെ ഭാവി കാലത്തിൽ കണ്ണു വെക്കുക. നിങ്ങളുടെ ഈ ലോക ജീവിതത്തിലും നിങ്ങൾ എങ്ങനെ പ്രവൃത്തിക്കുന്നുവെന്നതിൽ നോട്ടം വേണ്ടതാണ്. ഭാവി ജീവിതത്തിന് ഉതകുന്ന വിധത്തിൽ അല്ലാഹുവിന്റെ തൃപ്തി കരഗതമാക്കുന്നുണ്ടോ എന്ന് നോക്കുക. ജനിക്കാൻ പോകുന്ന കുട്ടികളിൽ, ഭാവിയിൽ രൂപപ്പെടുന്ന തലമുറയിൽ ദീൻ സ്ഥാപിതമാകുന്നുണ്ടോ എന്ന് നോക്കുക. ദീനിനനുസരിച്ച് പ്രവൃത്തിക്കുന്ന വിധത്തിൽ സ്വന്തം പ്രവർത്തനങ്ങൾ ആക്കുകയാണെങ്കിൽ ദീനിന്റെ അധ്യാപനമനുസരിച്ച് നടക്കുകയാണെങ്കിൽ മാത്രമേ ഭാവി തലമുറയിൽ നന്മയുടെ സ്വാധീനം വളർത്താൻ നമുക്ക് സാധിക്കുകയുള്ളു. ഈ ആയത്തിൽ പറഞ്ഞിട്ടുള്ള ഓരോ കൽപ്പനയുടേയും രത്നച്ചുരുക്കം ഞാൻ പറഞ്ഞു കഴിഞ്ഞു. ഇവിടെ അല്ലാഹു കേവലം സന്തോഷം കൊണ്ടാടാൻ മാത്രമല്ല പറഞ്ഞിട്ടുള്ളത്, പ്രത്യുത ആ സന്തോഷത്തിനിടയിൽ സ്വന്തം ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കാനും അത് നിർവ്വഹിക്കുന്നതിലേക്ക് ശ്രദ്ധയൂന്നാനും ഉണർത്തുന്നു. അതുകൊണ്ട് ഇക്കാര്യങ്ങൾ നിലനിന്നാൽ അല്ലാഹുവിന്റെ ഔദാര്യത്താൽ ബന്ധങ്ങൾ ശാശ്വമായി മുന്നോട്ട് നീങ്ങും. ഭാവി തലമുറകളും നന്മ നിറഞ്ഞ നല്ലവരായി ജനിച്ചു കൊണ്ടിരിക്കും. സ്വന്തത്തെ ദീനുമായി ബന്ധിപ്പിക്കലാണ് ഒരു വിശ്വാസിയുടെ പ്രവൃത്തി. സ്വന്തം തലമുറകളേയും ദീനുമായി ബന്ധിപ്പിക്കുക. ഭൗതിക മോഹങ്ങളുടെ പിന്നാലെ അമിതമായി പോകാതെ, പെൺകുട്ടിയുടെ ഭാഗത്തുനിന്ന് ആവശ്യങ്ങൾ വർധിപ്പിക്കാതെ, പെൺകുട്ടിയുടെ സൗന്ദര്യം തന്റെ നിലവാരത്തിനൊത്ത് വരുന്നില്ലെന്ന് ആൺകുട്ടി പറയാതെ കാരണം, ചിലയവസരങ്ങളിൽ വിവാഹത്തിനുശേഷവും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കാറുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങളൊന്നും നോക്കേണ്ട കാര്യങ്ങളല്ല. നബി(സ) പറഞ്ഞത് പെൺകുട്ടിയുടെ ദീൻ നോക്കാനാണ്. ദീൻ നോക്കണമെങ്കിൽ ആൺകുട്ടിയും ദീനുള്ള വ്യക്തിയായിരിക്കൽ അനിവാര്യമാണ്. അതുകൊണ്ട് ഇരുവരുടെ ഭാഗത്തുനിന്ന് ഉത്തരവാദിത്വങ്ങളുണ്ട്. ദീനിലേക്ക് നോക്കിയാലേ അല്ലാഹുവിന്റെ കൽപനകളിലേക്കും നോക്കാൻ കഴിയുകയുള്ളൂ. കൽപ്പനകളിൽ കണ്ണ് പതിപ്പിച്ചെങ്കിലേ നമ്മുടെ ജീവിത ലക്ഷ്യങ്ങൾ പ്രാപിക്കുന്നവരായി നമുക്ക് മാറാൻ കഴിയുകയുള്ളു. ഭാവി തലമുറകൾക്കുവേണ്ടി ഒരു നല്ല ലോകം വിട്ടിട്ട് പോകുന്നവരാകാൻ കഴിയുകയുള്ളു. ലോകം കേവലം പണത്തിലും, ജീവിത സന്ധാരണത്തിലും സൗകര്യങ്ങളിലും മാത്രം ഒതുങ്ങുന്നതല്ല. ഹൃദയത്തിന് ഇഹലോകത്തും സമാധാനം കിട്ടേണ്ടതാണ്. ഓരോരുത്തരും ആ ഹൃദയത്തിന്റെ സമാധാനം അന്വേഷിക്കേണ്ടതുണ്ട്. ശാശ്വതമായി നിലനിൽക്കുന്ന ഈ ബന്ധങ്ങൾ എല്ലാ രീതിയിലും അല്ലാഹു അനുഗൃഹീതമാക്കട്ടെ. പരസ്പരം ശ്രദ്ധിച്ചു ജീവിക്കുന്നവരും അവകാശം സംരക്ഷിക്കുന്നവരും ആകുമാറാകട്ടെ.താഴെ പറയുന്ന വധൂവരൻമാരുടെ നിക്കാഹ് വിളംബരം ഹുദൂർ നിർവ്വഹിച്ചു.

1. ഖാലിദ് മഹ്മൂദ് ചീമയുടെ (സ്റ്റോക്ഹോം) മകൾ അൻഅം ചീമയും മർഹൂം മുഹമ്മദ് സലീം സാഹിബിന്റെ (ഗോഥൻ ബർഗ്) മകൻ വാഖിഫെ നൗ ഉസാമ സലീമും.

2. ഇഹ്സാനുല്ലാഹ് സാഹിബിന്റെ(മാൽമോ) മകൾ സഹ്ർ ഇഹ്സാനുള്ളായും ജാവേദ് ഇഖ്ബാൽ സാഹിബ്(മാൽമോ)ന്റെ മകൻ ശഹർയാർ ജാവേദും.

ഈ ബന്ധങ്ങൾ അനുഗൃഹീതമായിത്തീരാൻ ഹുദൂർ ദുആ ചെയ്യാൻ ആഹ്വാനം ചെയ്യുകയും ദുആ ചെയ്യിക്കുകയും ചെയ്തു. വരന്മാരെ ആലിംഗനം ചെയ്തു.

## കൂടിക്കാഴ്ചകൾ

6 മണിക്ക് ഹുദൂർ ഓഫീസിലെത്തി. തുടർന്ന് കൂടിക്കാഴ്ചകൾ തുടങ്ങി. സായാഹ്നത്തിൽ നടന്ന ഈ പരിപാടിയിൽ 15 കുടുംബത്തിൽ നി ന്നുള്ള 60 പേർക്ക് തങ്ങളുടെ പ്രിയ ഇമാമിനെ ദർശിക്കാൻ ഭാഗ്യം ലഭിച്ചു. ഈ കുടുംബങ്ങൾ ഗോഥൻ ബർഗ് ജമാഅത്തിൽ നിന്നുള്ളവരാണ്. ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനുള്ള ഭാഗ്യവും അവർക്ക് ലഭിച്ചു. ഹുദൂർ വാത്സല്യത്തോടെ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും ചെറിയകുട്ടികൾക്ക് ചോക്ലേറ്റും നൽകി. 7.05-ന് ഈ പരിപാടി അവസാനിച്ചു. (ശേഷം പേജ് 16ൽ)

(പേജ് 1ൽനിന്ന്)

ഇസ്‌ലാമിനുമേൽ എതിരാളികൾ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങളും ആക്രമണങ്ങളും എണ്ണി നോക്കിയിരുന്നു. അതിന്റെ എണ്ണം ഇപ്പോൾ ഞാൻ വിചാരിക്കുന്നത് ഏകദേശം മൂവായിരം ഉണ്ടെന്നാണ്. ഇപ്പോൾ അതിനെക്കാൾ കൂടിയിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ഇസ്‌ലാമുണ്ടായത് ഇത്തരം ബലഹീനമായ കാര്യങ്ങളിലാണെന്നും മൂവായിരം ആക്ഷേപത്തിന് അത് പാത്രാമാകാമെന്നും ആരും കരുതരുത്. അങ്ങനെ ഒരിക്കലുമല്ല. ആ ആക്ഷേപങ്ങൾ വിവേകമില്ലാത്തവരുടേയും അജ്ഞരുടേയും ദൃഷ്ടിയിലുള്ള ആക്ഷേപങ്ങളാണ്. എന്നാൽ, ഞാൻ നിങ്ങളോടു സത്യമായും പറയുന്നു, ഞാൻ ഈ ആക്ഷേപങ്ങൾ എണ്ണിക്കണക്കാക്കിയപ്പോൾ ഈ ആക്ഷേപങ്ങൾക്കു കീഴിൽ വാസ്തവത്തിൽ ധാരാളം അമൂല്യമായി സത്യസാക്ഷ്യങ്ങളും ഉണ്ടെന്ന കാര്യവും ചിന്തിച്ചു. ഉൾക്കാഴ്ചയില്ലാത്ത കാരണത്താൽ അത് അവർക്ക് കാണാൻ കഴിഞ്ഞില്ല. യഥാർഥത്തിൽ ഇത് അല്ലാഹുവിന്റെ യുക്തിപരമായപ്രവൃത്തിയാണ്. അവിടെ അന്ധനായ ആക്ഷേപകൻ വന്ന് കുരുങ്ങിപ്പോയി. അവിടെയാണ് യാഥാർഥ്യങ്ങളുടേയും ഈശ്വരജ്ഞാനത്തിന്റേയും രഹസ്യമായ ഖജനാവ് വെച്ചിട്ടുളളത്."

(മൽഫൂദാത്ത് വാള്യം 1, പേജ് 49-51, 2018 ഖാദിയാൻ പതിപ്പ്)

(പേജ് 7ൽനിന്ന്)

ദേശം അഞ്ചു ഓഫീസ് നിർമിച്ചിരിക്കുന്നു. എം ടി എ യുടെ സ്റ്റുഡിയോയ്ക്കും മറ്റുമായി അവിടെ സ്ഥലം ലഭിക്കുമെന്ന് കരുതുന്നു. അതും നിർമി ക്കപ്പെടുന്നതായിരിക്കും. പിന്നീട് എല്ലാ സൗക ര്യങ്ങളും കുളിമുറി തുടങ്ങിയവയും ലഭ്യമാണ്. സോളാർ എനർജിയുടെ പാനലും എല്ലായിടത്തും സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ വർത്തമാന കാല ത്തിന് ആവശ്യമുള്ള എല്ലാ സൗകര്യങ്ങളും ലഭ്യ മാക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്.

ഇത് വളരെ വലിയൊരു പദ്ധതിയായിരുന്നെ ങ്കിലും ഇതിന് പ്രത്യേക സാമ്പത്തിക ആഹ്വാ നങ്ങളൊന്നും നടത്തിയിട്ടില്ല. എന്റെ അറിവിൽ സാമ്പത്തികാഹ്വാനങ്ങളൊന്നും കൂടാതെ പൂർ ത്തിയാക്കപ്പെട്ട ആദ്യ പദ്ധതിയാണിത്. മസ്ജിദി ന്റെ ഡിസൈൻ ചിലർക്ക് നല്ലതായി തോന്നുന്നു ണ്ട്; ചിലർക്കില്ല. പക്ഷേ, വിദഗ്ദ്ധരുടെ അഭിപ്രാ യത്തിൽ ഈ ഡിസൈൻ എങ്ങനെയുള്ളതാണെ ന്നാൽ ഇതുമുഖേന കരണ്ടും ലാഭമുണ്ട്, എന ർജിയും ലാഭമുണ്ട്. ഇതിനുപുറമെയുള്ള നിർമാ ണത്തിലും വിദഗ്ദ്ധരുടെ അഭിപ്രായത്തിൽ പൊ തുവായ നിർമാണത്തെ അപേക്ഷിച്ച് ലാഭമാണ്. മസ്ജിദിന്റെ ഉള്ളിൽ ചെയ്യപ്പെട്ടിരിക്കുന്ന കാലി ഗ്രാഫിയെക്കാൾ കൂടുതൽ കാലിഗ്രാഫി മുമ്പേയു ള്ള നമ്മുടെ മസ്ജിദുകളിൽ എവിടേയും ചെയ്യ പ്പെട്ടിട്ടില്ല. പക്ഷേ, ഈ മസ്ജിദിന്റെ ഡിസൈൻ അങ്ങനെയുള്ളതായിരുന്നു. അതിനാൽ അതു ചെയ്യുന്നതിൽ കുഴപ്പമൊന്നുമില്ലെന്നു ഞാൻ പ റഞ്ഞിരുന്നു. അല്ലാഹുവിന്റെ സ്വിഫത്തുകളും നാ മങ്ങളും അവിടെ എഴുതുന്നതിൽ കുഴപ്പമൊന്നു മില്ല. ജൽസ ദിനങ്ങളിൽ ഖുർആൻ പ്രൊജക്ട് ചെയ്യുന്ന രില് വാൻ ബേഗ് സാഹിബ് ഇതിന് വളരെ സഹായിച്ചു. അദ്ദേഹമാണ് എഴുതിയത്. അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നല്കുമാറാകട്ടെ. അദ്ദേ ഹത്തിനോടൊപ്പം റിവ്യൂ ഓഫ് റിലീജ്യൺസിന്റെ എഡിറ്റർ ആമിർ സഫീറും വളരെ സഹായിക്കുക യുണ്ടായി. പിന്നീട് നമ്മുടെ രണ്ടു മുറബ്ബിയുണ്ടാ യിരുന്നു. ഒരാൾ ഈ വർഷം കനഡയിൽനിന്ന് പാ സായതാണ്. ഇപ്പോൾ വന്നിട്ടുണ്ടായിരുന്നു; ബാ സിൽ ബട്ട്. അദ്ദേഹവും മൂസാ സത്താറും മുസ വ്വിർ ദീനും അവർ ഓരോരോ വാക്കും വാക്കല്ല ഓരോരോ അക്ഷരവും എടുത്ത് ചേർത്ത് സ്പെ ഷ്യൽ ഗ്ലൂകൊണ്ട് പതിച്ചു. വളരെ ശ്രമകരമായ പണിയായിരുന്നു. അത് അവരെല്ലാവരും കൂടി ചെയ്തു. അല്ലാഹു എല്ലാവർക്കും പ്രതിഫലം നല്കുമാറാകട്ടെ. ഇപ്രകാരംതന്നെ ഓഡിയോ വീഡിയോയുടെ ജോലിയും നമ്മുടെ എം.ടി.എ യിലെ ടീമാണ് ചെയ്തത്. അവരും കഠിനാധ്വാനം ചെയ്യുകയുണ്ടായി. അല്ലാഹു അവർക്കും പ്രതി ഫലം നല്കുമാറാകട്ടെ. നിർമാണ പ്രവൃത്തിക്ക് ഒരു കേന്ദ്ര കമ്മിറ്റി രൂപീകരിച്ചിരുന്നു. അവർ അപ്പ പ്പോൾ കാര്യങ്ങൾ നോക്കിക്കൊണ്ടിരുന്നു. സ്ഥിര മായി മേൽനോട്ടത്തിന് രണ്ടുപേരെ ഉൾപെടുത്തി യിരുന്നു. അവരിൽ ഒരാൾ വഖ്ഫെ ആർസിയിലെ ഇദ്‌രീസ് സാഹിബായിരുന്നു. ഒരാൾ സ്ഥിരമായ വഖ്ഫെ നൗ എഞ്ചിനിയറാണ്. നമ്മുടെ വഖ്ഫെ സിന്ദഗി ഫാതിഹ് സ്ഥിരമായി മേൽനോട്ടം വഹി ച്ചു. ചില കുറവുകളും പിഴവുകളും ഉണ്ടാകാറുണ്ട്. പക്ഷേ, എന്തായാലും പൊതുവെ മേൽനോട്ടമു ണ്ടായി. ഇപ്പോഴും ജോലി ചെയ്യിച്ചുകൊണ്ടിരിക്കു കയാണ്. ഇതിനുപുറമെ കമ്മിറ്റിയിലെ മെമ്പർ ഇവിടെ വന്ന് താൽക്കാലികമായി സേവനം ചെയ്തുകൊണ്ടിരിക്കുകയും തന്റെ സമയം ന ല്കിക്കൊണ്ടിരിക്കുകയും ചെയ്ത ള്വഹീർ സാഹി ബാണ്. അദ്ദേഹം വളരെ നല്ല നിലയിൽ പ്രവൃത്തി എടുത്തു. അല്ലാഹു അദ്ദേഹത്തിനും പ്രതിഫലം നല്കുമാറാകട്ടെ. വ്യക്തിപരമായി താൽപര്യമെ ടുത്ത് തന്റെ അനുഭവജ്ഞാനം മുഖേന അദ്ദേഹം ഒരുപാട് ജോലി ശരിയാക്കിച്ചു.

ഞാൻ പറഞ്ഞതുപോലെ ഈ പദ്ധതിയ്ക്കു വേണ്ടി ഒരാഹ്വാനവും നടത്തിയിരുന്നില്ല. ഇതൊ രു വലിയ പദ്ധതിയായിരുന്നു. ഇതിനോടൊപ്പം മറ്റു രാജ്യങ്ങളിലും പ്രത്യേകിച്ചും ഖാദിയാനി ലും മാലിയിലും ടൻസാനിയ തുടങ്ങിയ രാജ്യ ങ്ങളിലും വലിയ പദ്ധതികൾ നടക്കുന്നുണ്ടായി രുന്നു. എവിടെയെങ്കിലും ഏതെങ്കിലും പദ്ധതി തൽക്കാലത്തേക്ക് നിറുത്തിവെക്കേണ്ടി വരുമോ എന്ന ചിന്ത ചിലപ്പോഴായി എനിക്കുണ്ടായിരു ന്നു. പക്ഷേ, അല്ലാഹു തന്റെ അനുഗ്രഹം ന ല്കിക്കൊണ്ടിരുന്നു. എല്ലാ പദ്ധതികളും പൂർത്തി യായിക്കൊണ്ടിരുന്നു. ടൻസാനിയായിലും ഒരു മൾട്ടിസ്റ്റോറി ബിൽഡിംഗ് നിർമിക്കപ്പെട്ടു. അതിൽ ഒരുപാട് ഓഫീസുകളും മറ്റു വസ്തുക്കളുമു ണ്ട്. പുതിയ മസ്ജിദ് നിർമിച്ചിരിക്കുന്നു. പൂർണ മായ ഒരു കോംപ്ലക്സ് നിർമിക്കപ്പെട്ടിരിക്കുന്നു. മാലിയിലും വളരെ വലിയൊരു മസ്ജിദ് നിർമി ക്കപ്പെട്ടിരിക്കുന്നു. മറ്റു കെട്ടിടങ്ങളും നിർമിക്ക പ്പെട്ടിരിക്കുന്നു. വളരെ നല്ലതും പൂർണവുമായ കോംപ്ലക്സാണ് നിർമിക്കപ്പെട്ടിട്ടുള്ളത്. കാണുന്ന വരൊക്കെ വളരെ പ്രശംസിക്കാറുണ്ട്. മാലിയിലെ ആളുകൾ ഇപ്പോൾ പറഞ്ഞു തുടങ്ങിയിരിക്കുന്നത് ഇത്ര വലിയ മസ്ജിദും മറ്റു കെട്ടിടങ്ങളും കാണു മ്പോൾ വളരെ വലിയ സമ്പന്നരുടെ ജമാഅത്താ ണെന്ന് തോന്നുന്നുവെന്നാണ്. ഭൗതികാടിസ്ഥാ നത്തിൽ നമ്മൾ സമ്പന്നരല്ല. പക്ഷേ, നമ്മുടെ യഥാർഥ ഇമാറത്ത് അല്ലാഹു കാരണത്താലുള്ള താണ്. അല്ലാഹുവിന്റെ കൃപകൊണ്ടുള്ളതാണ്. അല്ലാഹു നമ്മെ അമീറാക്കിയിരിക്കുന്നു. നമ്മൾ അല്ലാഹുവിന്റെ കൃപാവരങ്ങൾ ചോദിച്ചുകൊ ണ്ടിരിക്കുവോളം അല്ലാഹു എപ്പോഴും അവന്റെ കൃപ നല്കിക്കൊണ്ടേയിരിക്കുന്നതായിരിക്കും. അല്ലാഹു അതിനുള്ള തൗഫീഖും നല്കിക്കൊ ണ്ടിരിക്കുമാറാകട്ടെ.

കഴിഞ്ഞ ദിവസങ്ങളിൽ അമേരിക്കയിൽനിന്ന് ഒരു ഡോക്ടർ സാഹിബ് മാലിയിൽ പോയിരുന്നു. അദ്ദേഹം പറയുന്നു, ഞാൻ എയർപോർട്ടിൽനിന്ന് പോകുമ്പോൾ ദൂരെനിന്ന് ഒരു വലിയ മനോഹര മായ മസ്ജിദ് കണ്ടു. ഒരു വളരെ വലിയ കെട്ടി ടവും കണ്ടു. അപ്പോൾ ഞാൻ എന്റെ ഡ്രൈവറോ ടു ചോദിച്ചു: 'ഇത് ആരുടെ മസ്ജിദാണ്. ആരോ ഇത് മനോഹരമായി നിർമിച്ചിരിക്കുന്നു.' അപ്പോൾ അദ്ദേഹം പറഞ്ഞു: ഇത് അഹ്മദികളുടെ മസ്ജി ദാണ്. ഇവിടെയാണ് താങ്കൾ പോകുന്നത്. കാണു ന്നവരെല്ലാം അതിനെ പ്രശംസിക്കുന്നു. വളരെ വലിയ പദ്ധതിയായിരുന്നു, അല്ലാഹു അത് പൂ ർത്തിയാക്കി. അവിടെ ഈ പ്ലാനിംഗ് തുടങ്ങിയവ ചെയ്തത് ഇവിടെയുള്ള ആർക്കിടെക്റ്റ് എഞ്ചി നിയേർസ് അസോസിയേഷനാണ്. അല്ലാഹു അവർക്കും പ്രതിഫലം നല്കുമാറാകട്ടെ. അവർ ഈ ജോലി ചെയ്തു. എന്തായാലും അല്ലാഹു അനുഗ്രഹം ചൊരിഞ്ഞുകൊണ്ടിരുന്നു, ഇനിയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തീകരി ക്കുമാറാകട്ടെ. അല്ലാഹു കൂടുതൽ പദ്ധതികൾ പൂ ർത്തിയാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. പൊ തുവെ അല്ലാഹു ജമാഅത്തിന് സാമ്പത്തികത്യാ ഗത്തിനുള്ള തൗഫീഖ് നൽകിയിട്ടുണ്ട്. ആ ത്യാ ഗങ്ങൾക്കൊണ്ടു തന്നെയാണ് എല്ലാ പദ്ധതികളും പൂർത്തിയായിക്കൊണ്ടിരിക്കുന്നത്. ഭാവിയിലും പൂ ർത്തിയാകുന്നതാണ്. ഇൻശാ അല്ലാഹ്. അല്ലാഹു എല്ലാ ജമാഅത്തംഗങ്ങളുടെയും സാമ്പത്തികക്ഷ മത വർധിപ്പിക്കുമാറാകട്ടെ. അവരുടെ ജീവനും സ്വത്തിനും ബർക്കത്തു നൽകുമാറാകട്ടെ. ഈ പദ്ധതി ഒരു പ്രത്യേകമായ ആഹ്വാനം കൂടാതെ യുള്ളതാണ് എന്ന് ഞാൻ പറഞ്ഞത് ഈ അടി സ്ഥാനത്തിലാണ്. കാരണം ജമാഅത്തിന്റെ പൊ തു ബജറ്റിൽ നിന്നുമുണ്ട്. അതുകൊണ്ട് ലോക ത്തുള്ള എല്ലാ ജമാഅത്തുകളും ഇതിൽ ഭാഗഭാ ക്കാണ്. ആരാണ് കൂടുതൽ നൽകിയത് ആരാണ് കുറവു നൽകിയത് എന്ന പ്രത്യേകത ഒന്നുമില്ല. അല്ലാഹു എല്ലാവർക്കും പ്രതിഫലം നൽകുമാ റാകട്ടെ. ജീവനും സ്വത്തിനും ബർക്കത്തു നൽകി ക്കൊണ്ടിരിക്കുമാറാകട്ടെ.

(പേജ് 12ൽനിന്ന്)

വന്റെ റസൂലിന്റേയും കല്പനകളനുസരിച്ച് കർമ ങ്ങൾ ചെയ്യുന്നവരും സ്വന്തം നമസ്കാരം സംര ക്ഷിക്കുന്നവരും ആത്മ ശുദ്ധീകരണവും ധനശു ദ്ധീരണവും നടത്തുന്നവരും അനുസരണത്തിൽ ഉന്നത നിലവാരം സ്ഥാപിക്കുന്നവരും ഇൻശാ അ ല്ലാഹ് അല്ലാഹുവിന്റെ കൃപാവരങ്ങളുടെ അനന്ത രാവകാശികളായിത്തീരുന്നതയിരിക്കും. അതിനാ ൽ അഹ്മദിയ്യാ ഖിലാഫത്ത് മുഖേന തന്നെ ലോകം ഇപ്പോൾ ഉമ്മത്തെവാഹിദ ആയിത്തീ രുന്ന ദൃശ്യവും കാണുന്നതായിരിക്കും; അതുകൂ ടാതെയില്ല. അതിനാൽ അത് കരസ്ഥമാക്കുന്നതി ന്, അല്ലാഹുവിന്റെ കൃപാവരങ്ങൾ അനശ്വരമായ നിലയിൽ കരസ്ഥമാക്കുന്നതിന് അഹ്മദിയ്യാ ജമാഅത്ത്, നമ്മളിൽ ഓരോരുത്തരും എപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു ഈ കൃപാവരം നമ്മളിൽ എപ്പോഴും നിലനിറു ത്തുമാറാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മൾ ലോകത്തെ മുഴുവൻ മുസ്ലിമീംകളാക്കു ന്നവരാകട്ടെ. ഉമ്മത്തെ വാഹിദ ആക്കുന്നവരാ കട്ടെ. നബി(സ)തിരുമേനിയുടെ കൊടിക്കീഴിൽ കൊണ്ടുവരുന്നവരാക്കട്ടെ. അല്ലാഹു നമുക്കെല്ലാം അതിന് തൗഫീഖ് നല്കുമാറാകട്ടെ.

കഴിഞ്ഞ ഖുത്ബയിൽ ഇവിടുത്തെ മസ്ജിദിന്റെ ഉൽഘാടന ഖുത്ബയായിരുന്നു. ഞാൻ ഒരു കാ ര്യം പറയാൻ മറന്നുപോയിരുന്നു. ഈ മസ്ജിദിന് അടിസ്ഥാന ശില ഇട്ടപ്പോൾ ഞാൻ കനഡ യാത്ര യിലായിരുന്നുവെന്നാണ് തോന്നുന്നത്. തോന്ന ലല്ല, മറിച്ച് അങ്ങനെ തന്നെയായിരുന്നു, ഞാൻ പോകുകയായിരുന്നു. അവർ തിയതി നിശ്ചയിച്ച പ്പോൾ അവർ നിശ്ചയിച്ച തിയതി ഞാൻ യാത്ര യിൽ പോകുന്നതിനു ശേഷമുള്ളതായിരുന്നു. എന്തായാലും യാത്ര പോകേണ്ടതുള്ളതുകൊണ്ട് അവർ എന്നെക്കൊണ്ട് ദുആ ചെയ്യിച്ച് ഇഷ്ടിക വാങ്ങുകയായിരുന്നു. പിന്നീട് ഈ മസ്ജിദിന്റെ ശി ലാകർമം 2016 ഒക്ടോബർ 10 ന് ദുആയോടുകൂടി പരേതനായ ഉഥ്മാൻ ചീനി സാഹിബ് വെക്കു കയായിരുന്നു. ഈ മസ്ജിദിന്റെ ശിലാസ്ഥാപന ത്തോടെതന്നെ ഈ എല്ലാ പ്രൊജക്ടിന്റേയും നി ർമാണം തുടങ്ങി. അതുകൊണ്ട് ഉഥ്മാൻ ചീനി സാഹിബാണ് ഈ മസ്ജിദിന് തറക്കല്ലിട്ടത്. ഇങ്ങനെ നമുക്ക് ചൈനീസ് ജനതയ്ക്കും ഇതിൽ പങ്കുണ്ടെന്ന് പറയാൻ സാധിക്കുന്നതാണ്. അതു കൊണ്ട് എത്രയും വേഗം ചൈനയിൽ ഇസ്ലാ മിനെ പ്രചരിപ്പിക്കുന്നതിനും അല്ലാഹു നമുക്ക് തൗഫീഖ് നല്കുന്നതിന് ദുആ ചെയ്യേണ്ടതാണ്. ചൈനയിൽ എങ്ങനെയെങ്കിലും അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിന്റെ സന്ദേശമെത്ത ണമെന്നത് ഉഥ്മാൻ ചീനീ സാഹിബിന്റെ വലിയ ആഗ്രഹമായിരുന്നു, എപ്പോഴും ഈ ചിന്തയിലു മായിരുന്നു. അദ്ദേഹത്തിന്റെ ദർജകളുടെ ഉന്നമന ത്തിനുവേണ്ടി നാം ദുആ ചെയ്യുന്നതിനോടൊപ്പം ചൈനയിലും മറ്റു രാജ്യങ്ങളിലും അഹ്മദിയ്യത്ത് പ്രചരിക്കുന്നതിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അതിന് തൗഫീഖ് നല്കുമാറാകട്ടെ.

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്ന തായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോ ലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅ ത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നി ങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരി ത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാ സം: **മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി,**
**കണ്ണൂർ 670 303.**
**ismayeel.ha@gmail.com-**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 04 July 2019 Issue-27

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

(പേജ് 14ൽനിന്ന്)

## നാഷണൽ മജ്‌ലിസെ ആമില:

ഹുദൂർ മീറ്റിംഗ് ഹാളിലെത്തി. നാഷണൽ മജ്‌ലിസെ ആമില സ്വീഡനുമായുള്ള മീറ്റിംഗിന് തുടക്കം കുറിച്ചുകൊണ്ട് ഹുദൂർ ദുആ ചെയ്തു.

ഹുദൂർ ചോദിച്ചപ്പോൾ ജനറൽ സെക്രട്ടറി പറഞ്ഞു: ഞങ്ങൾക്ക് 5 ജമാഅത്തുണ്ട്.എല്ലാവരും ഊർജസ്വലരായി പ്രവർത്തിക്കുന്നു. റിപ്പോർട്ടുകൾ അയക്കുന്നുണ്ട്.

സെക്രട്ടറി തഹ്‌രീക്കെ ജദീദ് റിപ്പോർട്ട് അവതരിപ്പിച്ചു. 1002 പേരിൽ 862 പേർ തഹ്‌രീക്കെ ജദീദ് ചന്ദ നൽകുന്നു. 5,68088 ക്രോണറാണ് പിരിഞ്ഞു കിട്ടിയത്.

**ഹുദൂർ:** ചന്ദ വർധിപ്പിക്കണമെന്ന വിചാരം മാറ്റി ചന്ദ നൽകുന്നവരുടെ എണ്ണം വർധിപ്പിക്കേണ്ടതാണ്. ഇതുവരെ ഇതിൽ ചേർന്നിട്ടില്ലാത്തവരെ ചേർക്കാൻ ശ്രമിക്കുക. വാഗ്ദാനങ്ങൾ വാങ്ങിക്കാൻ ഖുദ്ദാമിന്റേയും അൻസ്വാറിന്റേയും സഹായം തേടുക. ലജ്നകളുടെ കാര്യത്തിൽ അവരിൽ നിന്ന് സഹായം തേടുക. ഈ ഉദ്ദേശ്യാർഥമാണ് ഈ ശാഖാ സംഘടനകളിലെ ആമിലയിൽ വഖ്ഫെ ജദീദും തഹ്‌രീക്കെ ജദീദും ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നത്.

സെക്രട്ടറി തബ്‌ലീഗ് ഹുദൂർ അന്വേഷിച്ച പ്രകാരം റിപ്പോർട്ട് നൽകിക്കൊണ്ട് പറഞ്ഞു: കഴിഞ്ഞ 10 വർഷത്തിൽ ഇവിടെ 21 ബയ്അത്തുകൾ നടന്നിട്ടുണ്ട്.

**ഹുദൂർ:** തബ്‌ലീഗ് വകുപ്പിന്റെ ബഡ്ജറ്റ് എത്രയാണ്? എല്ലാ വിഭാഗത്തിനും ബഡ്ജറ്റ് ഉണ്ടായിരിക്കേണ്ടതാണ്. വകുപ്പുകളുടെ പ്രവർത്തനത്തിന്റെ വൈവിധ്യമനുസരിച്ച് ബഡ്ജറ്റ് വെക്കേണ്ടതാണ്. തബ്‌ലീഗിന് ചുരുങ്ങിയത് 1 മില്യൺ ബഡ്ജറ്റ് ഉണ്ടാവണം. എല്ലാ വകുപ്പിന്റേയും ബഡ്ജറ്റ് ശൂറയിൽ അവതരിപ്പിക്കുകയും അവിടെ ചർച്ച ചെയ്യുകയും വേണ്ടതാണ്. തബ്‌ലീഗ് വകുപ്പിന്റെ കീഴിൽ നിങ്ങളുടെ യാത്രകളുണ്ട്, ബന്ധപ്പെടലുണ്ട്, മീറ്റിംഗുകളുണ്ട്, തബ്‌ലീഗ് സെമിനാറുകളുണ്ട്. ഇതര പരിപാടികളുണ്ട്, പരസ്യങ്ങളുണ്ട്, ലീഫ് ലെറ്റുകൾ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ബുക്ക് സ്റ്റാളുകളും മറ്റുമുണ്ട്. വളരെ വിപുലമായ പ്രവർത്തനങ്ങളാണ്. അതുകൊണ്ട് ബഡ്ജറ്റിനു പുറത്ത് പോകാതെ കാര്യങ്ങൾ നോക്കേണ്ടതാണ്. ഇങ്ങനെയാണ് പ്രവൃത്തിക്കേണ്ടത്. പരസ്യങ്ങൾ നൽകുക.വലിയ പട്ടണങ്ങളിൽ 40,000–ക്രോണർ ചെലവാകും. പരസ്യങ്ങൾ മുഖേന കുറഞ്ഞപക്ഷം പരിചയമുണ്ടായി വരും. അതുകൊണ്ട് പരസ്യങ്ങൾ നൽകുക. നിങ്ങളാരാണെന്ന് ജനങ്ങൾക്ക് മനസ്സിലാകട്ടെ. നിങ്ങളെ പരിചയപ്പെടുത്തുന്നതിനുവേണ്ടി പുതിയ പുതിയ മാർഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. ഒരു പ്രാവശ്യം ന്യായപൂർത്തിവരുത്തേണ്ടതാണ്. ബാക്കി അല്ലാഹുവിന്ന് വിട്ടേക്കുക.

തബ്‌ലീഗിന് വേണ്ടിയുള്ള യാത്രാചെലവുകൾ തബ്‌ലീഗിന്റെ ബഡ്ജറ്റിലാണ് വരിക. ചന്ദ പിരിച്ചെടുക്കാനുള്ള യാത്രകൾ മാലിന്റെ ബഡ്ജറ്റിലും തർബിയ്യത്ത് പരിപാടികൾക്ക് വേണ്ടിയുള്ള യാത്രകൾ തർബിയ്യത്തിന്റെ ബഡ്ജറ്റിലുമാണ് വരിക.

സെക്രട്ടറി വഖ്ഫെ ജദീദ് നൗ മുബായിഈനോട് ഹുദൂർ ചോദിച്ചു: കഴിഞ്ഞ പത്തു വർഷത്തെ എത്ര നവഅഹ്‌മദികളുമായി ബന്ധമുണ്ട്.

സെക്രട്ടറി നൗമുബാഇയീൻ വഖ്ഫെ ജദീദ്: രണ്ടു പേരൊഴികെ എല്ലാവരുമായിട്ടും ബന്ധമുണ്ട്. അവർ രണ്ടു പേരും വിവാഹം കഴിഞ്ഞ് അഹ്‌മദികളായതാണ്. വിവാഹം കഴിഞ്ഞതോടെ വിട്ടുപോയി.

**ഹുദൂർ:** ആമിലയിലെ അംഗങ്ങൾക്ക് ഓരോ ബയ്അത്തിന്റെ ടാർഗറ്റ് നൽകുക. മുറബ്ബിമാർക്ക് ഈ രണ്ട് ബയ്അത്തിന്റെ ടാർഗറ്റ് നൽകുക. തബ്‌ലീഗിന് വേണ്ടി പരസ്യം നൽകുക. പത്രങ്ങളുമായി ബന്ധമുണ്ടാക്കുക. പുതിയ വഴികൾ കണ്ടുപിടിക്കുക.

സെക്രട്ടറി ഉമൂറെ ഖാരിജായോട് ഹുദൂർ പറഞ്ഞു: പ്രസ്‌മീഡിയ തലത്തിൽ നിങ്ങൾ ബന്ധം ഉണ്ടാക്കേണ്ടതുണ്ട്.എന്തെങ്കിലും പ്രവർത്തന രൂപരേഖ നിങ്ങൾ ഉണ്ടാക്കിയാൽ നിങ്ങളേക്കാൾ നല്ല പ്രോഗ്രാം അടുത്ത തലമുറ ഉണ്ടാക്കും. ഒരു വർഷത്തെ പദ്ധതികൾ തയ്യാറാക്കുക. അഞ്ചു വർഷത്തെ പദ്ധതിയും തയ്യാറാക്കുക.ഇവിടെ 349 പാർലമെന്റംഗങ്ങളുണ്ട്. അവരിൽ നിങ്ങൾക്ക് ഏഴോ എട്ടോ പേരുമായിട്ടേ ബന്ധമുള്ളൂ. മറ്റുള്ളവരുമായും ബന്ധങ്ങൾ വ്യാപിപ്പിക്കേണ്ടതാണ്. ഖാരിജയുടെ ഒരു ടീം ഉണ്ടാക്കുക. യുവാക്കളെ കൂടെ നിറുത്തുക.

നാഷണൽ സെക്രട്ടറിമാൽ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: വരുമാനമുള്ള 382പേരിൽ 158 പേരും മൂസ്വികളാണ്. ആകെ മൂസ്വികളുടെ എണ്ണം 266 ആണ്.

**ഹുദൂർ:** വരുമാനമുള്ളവരിൽ 50 ശതമാനം മൂസ്വികൾ എന്ന ലക്ഷ്യം ഇതുവരെ പൂർത്തിയാക്കിയിട്ടില്ല.

സെക്രട്ടറി മാൽ: മൂസ്വികളുടെ ചന്ദയുടെ നിലവാരം മറ്റുള്ളവരെ അപേക്ഷിച്ച് വളരെ മെച്ചപ്പെട്ടതാണ്.

**ഹുദൂർ:** മറ്റുള്ളവരിൽനിന്ന് ഉത്തമ നിലവാരത്തിൽത്തന്നെ ആകേണ്ടതാണ്.

നാഷണൽ സെക്രട്ടറി ഇശാഅത്ത് റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: 'പാപത്തിൽ നിന്ന് എങ്ങനെ രക്ഷപ്പെടാം'എന്ന ഗ്രന്ഥത്തിന്റെ സ്വീഡിഷ് തർജമ ഖുദ്ദാം പ്രസിദ്ധീകരിച്ചു. മറ്റൊരു ഗ്രന്ഥത്തിന്റെ രണ്ടാമത്തെ പ്രൂഫ് റീഡിംഗ് നടന്നു.

**ഹുദൂർ:** മറ്റു ഗ്രന്ഥങ്ങളുടേയും തർജമ ചെയ്യുക. കമ്മിറ്റിയോട് പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ പറയുക.

**(തുടരും)**

## ബദ്ർ മാനേജരുടെ സന്ദർശനം

കണ്ണൂർ: 20–6–2019 വ്യാഴാഴ്ച കണ്ണൂർ ടൗൺ മസ്ജിദിൽ ബദ്ർ വീക്കിലി മാനേജർ ഖാരീ നവാബ് അഹ്‌മദ് സാഹിബിന്റെ അധ്യക്ഷതയിൽ ഒരു പ്രത്യേക മീറ്റിംഗ് ചേരുകയുണ്ടായി. ജില്ലാ അടിസ്ഥാനത്തിൽ ചേർന്ന ഈ യോഗത്തിൽ വീക്കിലിയെ സംബന്ധിച്ചും വരിക്കാരെ വർധിപ്പിക്കുന്നതിനെ സംബന്ധിച്ചും വിശദമായ ചർച്ച നടന്നു. കൂടുതൽ വരിക്കാരെ ചേർക്കുന്നതിനും അമീറുൽ മുഅ്മിനീന്റെ കല്പന പാലിക്കുന്നതിനും ശ്രമിക്കണമെന്ന് അദ്ദേഹം പറഞ്ഞു. യോഗത്തിൽ മട്ടന്നൂർ, കൂടാളി, കണ്ണൂർ ടൗൺ, കണ്ണൂർ സിറ്റി, പഴയങ്ങാടി, തലശ്ശേരി എന്നീ ജമാഅത്തുകളിൽനിന്ന് പ്രതിനിധികൾ പങ്കെടുത്തു. ബദ്ർ വീക്കിലി സംസ്ഥാന സെക്രട്ടറിയും സഹപത്രാധിപരും യോഗത്തിൽ പങ്കെടുത്തിരുന്നു. ജില്ലാ അമീർ അബ്ദുൽ അസീസ് സാഹിബിന്റെ നേതൃത്വത്തിൽ നടന്ന പ്രാർഥനയോടെ യോഗം സമാപിച്ചു.

(പേജ് 2ൽനിന്ന്)

യിൽ വിദേശങ്ങളിലുള്ള അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മിഷനുകൾക്ക് വിശദവും വിലപിടിച്ചതുമായ വിവരങ്ങൾ നല്കുന്നു: തന്റെ വിശ്വാസം ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. അദ്ദേഹം എഴുതുന്നു:

"അഹ്‌മദിയ്യാ ജമാഅത്തിൽ ബയ്അത്ത് ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം എന്റെ ഹൃദയം കൊണ്ടും ആത്മാവുകൊണ്ടും ഞാൻ നിങ്ങളുടെ കൂടെയുണ്ട്. ഇപ്പോൾ എനിക്ക് ഒപ്പിടാൻ സാധ്യമല്ലെങ്കിലും അതിന്റെ വഴിയിൽ എനിക്ക് ചില തടസ്സങ്ങൾ ഉണ്ട്. അത് പിന്നീട് നീങ്ങിയേക്കാം. ഏതൊരാളെപ്പോലെയും ഞാൻ ഒരു യഥാർഥ മുസൽമാനാണ്. വിശുദ്ധഖുർആനും തിരുഹദീഥുകളും പാരായണം ചെയ്യുന്നു; ആവശ്യമായവിധം വിശ്വസിക്കുന്നു.'

പ്രകൃതിപരമായ സുമനസ്സും അവസാനിക്കാത്ത ഊർജവും കാരണമായി ഒന്നിലധികം തൊഴിലുകളിൽ അദ്ദേഹത്തിന് ഔന്നത്യം നേടാൻ സാധിച്ചു. ഡോക്ടർ ബേക്കർ ചരമമടഞ്ഞത് 1918 ഫെബ്രുവരി 17–ാം തിയതി 69–ാം വയസ്സിൽ പെട്ടെന്ന് ന്യുമോണിയ ബാധിച്ചായിരുന്നു. മിക്കവാറും ഏകാകിയായി ഫിലാഡൽഫിയായിലെ മുസ്‌ലിമായ അദ്ദേഹത്തെ അവിടത്തെ ആചാരപ്രകാരം കുടുംബം ഖബറടക്കി.

ഐക്യസംസ്ഥാനങ്ങളിലെ ആദ്യ അഹ്‌മദി മുസ്‌ലിം മിഷനറിയായി 1920ൽ മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ് വന്നശേഷം അമേരിക്കയിൽ ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവരുടെ ലിസ്റ്റിൽ ഡോ. ബേക്കറുടെ പേരും ഉൾപ്പെടുത്തി. 1. ഡോക്ടർ ജോർജ് ബേക്കർ, 2. മിസ്റ്റർ അഹ്‌മദ് ആൻഡേർ സാൻ ഈ രണ്ട് പേരുമായി ഞാൻ കത്തുമുഖേന ബന്ധപ്പെട്ടിരുന്നു. അവർ വളരെ മുമ്പേതന്നെ ഇസ്‌ലാം സ്വീകരിച്ചിരുന്നു. അവർ ആത്മാർഥതയുള്ള മുസ്‌ലിമീംകളായിരുന്നു. അവരുടെ പേരുകൾ ലിസ്റ്റിന്റെ ആദ്യത്തിൽതന്നെ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് ഞാൻ കരുതുന്നു.(മുഫ്തി മുഹമ്മദ് സാദിഖ് (റ), (ദി റിവ്യൂ ഓഫ് റിലീജ്യൻസ്, 2019 ഏപ്രിൽ).

### അല്ലാഹുവിന്റെ കലാം

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

ത്വാലിബെ ദുആ
**M.P.Haneef Ahmad**
**Ameer Ahmadiyya Jama-ath Koodali, Kerala.**

### കലാമുൽ ഇമാം:–

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

ത്വാലിബെ ദുആ:
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin